വില ₹ 30/-

# ജീവനും വെളിച്ചവും

ആഗസ്റ്റ് 2023





വിശുദ്ധ മേരി മഗ്ദലേന
ദൈവാലയം, പള്ളിത്തുറ
തിരുവനന്തപുരം ലത്തീൻ അതിരൂപത
പരിശുദ്ധ വേളാങ്കണ്ണി ആരോഗ്യ
മാതാവിന്റെ തിരുനാൾ
മഹാമഹം
2023 ആഗസ്റ്റ് 30 മുതൽ
സെപ്റ്റംബർ 08 വരെ
സെപ്റ്റംബർ 08 വൈകു. 5.30-ന് തിരുനാൾ ദിവ്യബലി
മുഖ്യകാർമ്മികൻ: റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
സഹായമെത്രാൻ, തിരുവനന്തപുരം ലത്തീൻ അതിരൂപത
പരിശുദ്ധ അമ്മയുടെ സവിധത്തിലേക്ക്
ഏവർക്കും സ്വാഗതം

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2023 ആഗസ്ത്
പുസ്തകം - 47 ലക്കം - 8
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com


**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുമേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
ഫാ. വിജിൽ ജോർജ്ജ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.


*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


മുഖവിചാരം

# സ്വാതന്ത്ര്യദിനം: സ്വരം നഷ്ടപ്പെടുന്നവർക്ക് വേണ്ടി

**ച**രിത്രത്തിന്റെ ഭാഗമായ മനുഷ്യാവകാശ പോരാട്ടങ്ങൾക്കും സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾക്കും വാർഷികങ്ങളുണ്ട്. രാഷ്ട്ര നിർമ്മിതിയിലെ ചരിത്രസംഭവങ്ങളെയും വ്യക്തിത്വങ്ങളെയും നാം ഓരോ വർഷവും ആഘോഷിക്കാറുമുണ്ട്. ഭാരതം ഇന്നെത്തിനിൽക്കുന്ന എതിർ സ്വരങ്ങളില്ലാത്ത ഈ ദശാസന്ധിയിൽ വാർഷികാഘോഷങ്ങളുടെ, പ്രത്യേകിച്ച് സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ പ്രസക്തിയെന്താണ്?

ഭാരതത്തിലെ വിവിധങ്ങളായ സ്മാരകങ്ങളും വാർഷികങ്ങളുമൊക്കെ കടന്നുവന്ന പാതകളെക്കുറിച്ച് മാത്രമല്ല, പൂർവ്വസൂരികൾ രക്തവും വിയർപ്പും ചിന്തി സൂക്ഷിച്ച ഭാരതത്തിന്റെ ആത്മാവിനെ തൊടാനുള്ള അവസരം കൂടിയാണ്.

140 കോടി എന്ന ബൃഹത് സംഖ്യയല്ല ഇന്ത്യയെന്നാൽ മനസ്സിലേയ്ക്കെത്തേണ്ടത്. ലോകത്തെ ഏറ്റവും കൂടുതൽ ജനതകളും ഭാഷകളും മതങ്ങളും വർഗ്ഗങ്ങളും ഇന്ത്യയിലുണ്ട്. അത്രതന്നെ അഭിപ്രായങ്ങളും സ്വരങ്ങളും കൂടിചേർന്നാലേ അത് പൂർണ്ണമാകൂ. അത് ഒഴിവാക്കിയാൽ ഇന്ത്യയും അതിലെ ജനാധിപത്യ സംവിധാനവും പതിയെ പതിയെ ദീർഘശ്വാസം വലിക്കും. അഭിപ്രായ വ്യത്യാസങ്ങളെയും ചർച്ചാവേദികളെയും എതിർ സ്വരങ്ങളെയും ഇല്ലാതാക്കി എല്ലാം ഒന്നിലേക്ക് ചുരുക്കുമ്പോൾ ഇന്ത്യയുടെ ആത്മാവ് നഷ്ടമാകും. ഏകമല്ല വൈവിധ്യങ്ങളുടെ കൂമ്പാരം എന്നാണ് ഭാരതത്തെ നിർവചിക്കേണ്ടത്.

ഒരാൾ ഒറ്റയ്ക്ക് അധികാരത്തിന്റെ ചെങ്കോലും പിടിച്ച് വിദൂഷകന്മാരുടെ അകമ്പടിയോടെ 140 കോടി ജനങ്ങളുടെ പ്രതിനിധികളുടെ ബഹുസ്വരത ദൃശ്യമാകേണ്ട പാർലമെന്റ് ഹാളിലേക്ക് നടന്നുവരുന്ന ചിത്രം പോലും എന്ത് വിരോധാഭാസമാണ്. അതുപോലെ ക്രൂരമല്ലേ തന്റെ നാട്ടിലെ മനുഷ്യരുടെ നിലവിളികളോട് ഇന്ത്യൻ പ്രധാനമന്ത്രി പുലർത്തുന്ന കുറ്റകരമായ മൗനവും അക്രമികളോടുള്ള ഉദാസീന മനോഭാവവും. ഈ ഭീകരതയെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് പ്രോത്സാഹിപ്പിക്കാൻ എത്രനാൾ നമ്മുടെ മനസാക്ഷികൾക്ക് സാധിക്കും? എത്രനാൾ പരസ്യം വാങ്ങി തൂലിക ചലിപ്പിക്കുന്ന മാധ്യമങ്ങൾക്ക് സാധിക്കും?

ഭാരതത്തിലെ ദളിതരുടെയും ആദിവാസികളുടെയും ന്യൂനപക്ഷങ്ങളുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സ്വരങ്ങളെയും അവകാശപോരാട്ടങ്ങളെയും (സ്റ്റാൻ സ്വാമി ഉൾപ്പെടെ) ഓർക്കാനും നിലനിർത്താനും വേണ്ടി കൂടിയാണ് സമകാലിക ഭാരതം ഉത്തമപൗരൻ എന്ന നിലയിൽ ഈ സ്വാതന്ത്ര്യദിനത്തിൽ എന്നോട് ആവശ്യപ്പെടുക.

എല്ലാ വായനക്കാർക്കും സ്വാതന്ത്ര്യ ദിനാശംസകൾ...

- പത്രാധിപർ

# പ്രതികരണങ്ങൾ




## എന്റെ വായനാനുഭവം

'കത്തോലിക്കാ യുവജനങ്ങളും ആധുനിക സമൂഹത്തിലെ വെല്ലുവിളികളും' എന്ന ലേഖനത്തിലൂടെ ഒരു കത്തോലിക്കാ യുവാവ് ആരാകണം? അവർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും കുറിക്കുവാൻ കാസിപൂപ്പന ശ്രദ്ധിച്ചിട്ടുണ്ട്. മറ്റ് മതങ്ങളിലുള്ളവരുമായോ മതവിശ്വാസങ്ങളില്ലാത്തവരുമായോ മാന്യമായ സംഭാഷണത്തിൽ ഏർപ്പെടുവാൻ ശ്രദ്ധിക്കണം എന്ന ആശയം മികച്ചതാണ്. ഇന്നത്തെ സമൂഹത്തിൽ കത്തോലിക്കാ യുവജനങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളെ കൂടിച്ചേർക്കാമായിരുന്നു. മദ്യവും മയക്കുമരുന്നുകളും യുവജനങ്ങളിൽ ഒരു പ്രധാന പ്രശ്നമാണ്. അവയെപ്പറ്റി വിവരിക്കുവാൻ ലേഖകന് ശ്രമിക്കാമായിരുന്നു. ഒപ്പം, സാമൂഹികബന്ധങ്ങൾക്ക് പ്രാധാന്യം നൽകാതെ സ്വാർത്ഥമായ/ഒറ്റപ്പെട്ടു ജീവിതം നയിക്കാൻ ശ്രമിക്കുന്ന യുവജനങ്ങൾ ഉണ്ട്. ഒരുപക്ഷേ, അവർ ഇങ്ങനെ തുടരുകയാണെങ്കിൽ അവർ വിഷാദത്തിൽ എത്തിച്ചേരും. ഈ വെല്ലുവിളികളെ ശ്രദ്ധാപൂർവം വീക്ഷിക്കുന്നപക്ഷം നല്ലൊരു യുവജന സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കും.

– ബ്രദർ ടിനു

## ആർക്കും വേണ്ടാതെ മുതലപ്പൊഴി മിനി ഫിഷിംഗ് ഹാർബർ

'മുതലപ്പൊഴി ഒരു മരണപ്പൊഴിയാണ്', 'ഇടക്കാല വാർത്തകൾ' മുതലപ്പൊഴിയെ വിശേഷിപ്പിച്ചത് ഇപ്രകാരമാണ്. ആ തലക്കെട്ട് എത്ര ഉചിതം. മുതലപ്പൊഴി പ്രശ്നം അവിടുത്തെ മാത്രം പ്രശ്നമല്ല, അതിന്റെ സമീപ പ്രദേശങ്ങളെയും ബാധിക്കുന്നവയാണ്. ഏറെ പ്രത്യേകിച്ച് പെരുമാതുറ, പൂത്തുറ, താഴംപള്ളി, ചമ്പാവ്, മാമ്പള്ളി, അഞ്ചുതെങ്ങ് തുടങ്ങിയ പ്രദേശങ്ങളിലെ തീരങ്ങളെ കടൽ ഒരു അർബുദം പോലെ പതിയെ കാർന്നുതിന്നുകയാണ്.

'പത്ത് ലക്ഷം രൂപ നൽകാം എന്റെ ഭർത്താവിനെ തിരികെ കൊണ്ടുവരുമോ?, നിങ്ങൾ എല്ലാവരും ഞങ്ങളെ അവഗണിക്കുന്നത് ഞങ്ങൾ മുക്കുവരായതുകൊണ്ടാണോ?' ഭർത്താവ് നഷ്ടപ്പെട്ട വിധവയുടെ രോദനം കേൾവിക്കാരുടെ മനസ്സിൽ ഇന്നും അലയടിക്കുന്നു. ഈ ചോദ്യങ്ങൾക്ക് വ്യക്തമായൊരു മറുപടി നൽകാൻ അധികാരികൾക്ക് സാധിക്കുന്നില്ല.

ഇന്നും ഇന്നലെയും ആരംഭിച്ചതല്ല. എത്രയെത്ര മരണങ്ങൾ... ഹാർബറിലും പരിസരത്തുമായി 60-ലേറെ മരണങ്ങൾ. അപകടകരമായ മരണങ്ങൾക്കു കാരണമാകുന്നതു മുതലപ്പൊഴി ഹാർബറിലെ സാങ്കേതിക പിഴവുകളാണെന്നതും കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ അവഗണനാ മനോഭാവവും പകൽപോലെ വ്യക്തമാണ്.

ഉയർന്ന മരണനിരക്കുകളുണ്ടായിട്ടും അധികാരികളനങ്ങുന്നില്ല. ഈ നാളികളിൽ തുടരുന്ന അപകടങ്ങൾ മത്സ്യമേഖലയിലെ ജനങ്ങളെ ക്ഷോഭിപ്പിച്ചു എന്നതിൽ സംശയമില്ല. അതിന്റെ വെളിച്ചത്തിലാണ് അവിടുത്തെ സംഭവവികാസങ്ങളെയും കാണേണ്ടത്.

സീസണുകളിലെ കടൽക്ഷോഭത്തിൽ അപകടം ഒഴിവാക്കാൻ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ മാർഗമായിരുന്നു ആ ഹാർബർ, അതേ ഹാർബർ ഇന്ന് ഒരു തൂക്കുകയറായി മാറിയിരിക്കുകയാണ്. ആ മാർഗം ഒരു ആത്മഹത്യ ശ്രമമാണെന്നറിഞ്ഞിട്ടും സ്വന്തം കുടുംബത്തിന്റെ വിശപ്പകറ്റാൻ എന്തിനും മുതിരുന്ന മത്സ്യത്തൊഴിലാളികൾ ഈയാംപാറ്റകളെപ്പോലെ അപകടത്തിലേക്ക് ചാടിയടുക്കുന്നു. ആ ജീവിതങ്ങളെ 'ഷോ കാണിക്കല്ലേ എന്നുപറഞ്ഞ് തള്ളിക്കളയരുതെ എന്നൊരഭ്യർഥന മാത്രം.

– ബ്രദർ അനീഷ് ആന്റോ

## മാനസികാരോഗ്യം കുട്ടിക്കളിയല്ല

മനസ്സും ശരീരവും കൂടിച്ചേർന്ന ഒരു സൃഷ്ടിയാണ് മനുഷ്യനെന്നും ശാരീരിക ആരോഗ്യം പോലെ തന്നെ കാത്തുസൂക്ഷിക്കേണ്ട ഒന്നാണ് മനസിന്റെ ആരോഗ്യവും എന്ന് കാട്ടിത്തരുന്ന ഒരു ലേഖനമാണിത്. കുട്ടികൾക്കിടയിൽ ഡിപ്രഷൻ പോലുള്ള ഒട്ടനവധി മാനസിക-രോഗങ്ങൾ കൂടിവന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒരു ലേഖനമാണിത്. നാലുചുവരുകൾക്കുള്ളിൽ പഠനം മാത്രം കേന്ദ്രീകരിച്ച് മുന്നോട്ടുപോകുന്ന സ്കൂളുകളും കോളേജുകളും കുട്ടികളുടെയും യുവാക്കളുടെയും മാനസിക വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുന്നു. മറ്റൊരു വഴിക്ക് കുട്ടികളുടെ ഇടയിൽ വർധിച്ചുവരുന്ന മൊബൈൽ ഫോണിന്റെ ഉപയോഗം അവരുടെ വളർന്നുവരുന്ന കഴിവുകളെയും മനസ്സിന്റെ വിസ്തൃതിയേയും ചുരുക്കുന്നു. മനസ്സിന്റെ ആരോഗ്യം പൂർണതോതിൽ ഇല്ലാത്തവർ പലപ്പോഴും ചെറിയ പ്രതിസന്ധികളും പ്രതിബന്ധങ്ങളുമുണ്ടാകുമ്പോൾ തളർന്നുപോവുകയും മനം മടുത്ത് ആത്മഹത്യയിലേക്ക് നീങ്ങുകയും ചെയ്യുന്നു. ഇങ്ങനെയുണ്ടാകുന്ന ആത്മഹത്യകൾ തടയുവാൻ എല്ലാവരുടെയും കൂട്ടായ പരിശ്രമം ആവശ്യമാണ്. മനസ്സുതളർന്നിരിക്കുന്നവരുടെ അടുത്തുനിന്ന് അവരുമായി ഒന്ന് സംസാരിക്കുകയോ അവരെ ഒന്ന് കേൾക്കുകയോ ചെയ്താൽ മാത്രം മതി ഒരു പരിധിവരെ ഇങ്ങനെയുള്ള ആത്മഹത്യകൾ തടയയാൻ സാധിക്കും.

– ലീൻ സാമുവൽ

# താളുകളിൽ


**ഹൃദയങ്ങളും മണ്ണും വിഭജിക്കപ്പെട്ട മണിപ്പൂരിലൂടെ...** 6
ജോസ് കെ.മാണി

**അതിജീവനസമരം ഒരു അപഗ്രഥനം** 12
ഫാ. മൈക്കിൾ തോമസ്

**കാനോൻ ലോ** 17

**ഏകീകൃത സിവിൽകോഡ് ഭൂരിപക്ഷമോ സമവായമോ അഭികാമ്യം** 18
അഡ്വ. ഷെറി ജെ. തോമസ്

**ചരിത്രപഥം** 22

**വായന** 25
ഡോ. സീന ഫെലിക്സ്

**വാർത്തകൾ** 27

**നീർച്ചാൽ** 32

*കഥ*
**മണ്ണിന്റെ മക്കൾ** 38
അരുൾസ്നേഹം

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.











# ഹൃദയങ്ങളും മണ്ണും വിഭജിക്കപ്പെട്ട മണിപ്പൂരിലൂടെ...



ജോസ് കെ. മാണി

മണിപ്പൂർ അശാന്തിയുടെ പിടിയിലമർന്നിട്ട് രണ്ടു മാസകാലത്തിലേറെയായിരിക്കുന്നു. മനുഷ്യർ തമ്മിലുള്ള വെറും സംഘർഷമോ ഏറ്റുമുട്ടലുകളോ അല്ല മണിപ്പൂരിനെ കൊലക്കളമാക്കി മാറ്റിയത്. ഇന്ത്യാ വിഭജനകാലത്ത് നടന്നതിന് സമാനമായ ആസൂത്രിത വംശഹത്യയെ ഓർമ്മപ്പെടുത്തുന്ന സംഭവങ്ങളാണ് ഗോത്രഭൂമികയെ ചടുലക്കളമാക്കി മാറ്റിയത്.

മണിപ്പൂരിലെ ഭൂരിപക്ഷ മെയ്തെയ് ഗോത്രവർഗ്ഗ വിഭാഗത്തിന് സംവരണാനുകൂല്യങ്ങൾ ലഭ്യമാകാൻ അവരെ പട്ടികവർഗമായി പ്രഖ്യാപിക്കാനുള്ള നടപടികൾ ആരംഭിക്കുവാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള മണിപ്പൂർ ഹൈക്കോടതി വിധിക്ക് പിന്നാലെയാണ് മണിപ്പൂരിൽ കുഴപ്പങ്ങൾ ആരംഭിച്ചത്. ഏതെങ്കിലും ഒരു വിഭാഗത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ സർക്കാരിന് നിർദ്ദേശം നൽകാൻ കോ



സ്ഥാനങ്ങൾ. രാജ്യത്തെ സപ്ത സുന്ദരികൾ എന്നാണ് അവ അറിയപ്പെടുന്നത്. ഈ പ്രദേശങ്ങളെ സംബന്ധിക്കുന്ന വിഷയങ്ങളെ ഏറെ ജാഗ്രതയോടെ വേണം ഭരണകൂടങ്ങൾ സമീപിക്കേണ്ടത്. കേന്ദ്ര സർക്കാരിന് ഈ ജാഗ്രതക്കുറവുണ്ടായി എന്ന ആക്ഷേപം വ്യാപകമായി മണിപ്പൂരിലെ സംവരണ വിഷയവുമായി ബന്ധപ്പെട്ട് ഉയർന്നു വരികയുണ്ടായി.

സംവരണ വിഷയത്തിലെ സർക്കാർ നീക്കങ്ങളുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുന്ന ഗോത്രസംഘടനകൾ 2023 മെയ് 3 പ്രതിഷേധ ദിനമായി ആചരിക്കുവാൻ തീരുമാനിക്കുന്നു. തികച്ചും സമാധാനപരമായും ജനാധിപത്യ പരമായും ആഹ്വാനം ചെയ്ത പ്രതിഷേധ ദിനാചരണം ആയിരുന്നു അത്. ആ പ്രതിഷേധ പരിപാടികളുടെ ഒരുക്കങ്ങൾ നടക്കുന്നതിനിടയിലാണ് വലിയൊരു ഗൂഢാലോചനയുടെ ഫലമായി വംശഹത്യ മണിപ്പൂരിൽ അരങ്ങേറിയതെന്നാണ് ഇപ്പോൾ അറിയാൻ കഴിയുന്നത്.

മണിപ്പൂരിലെ കുന്നിൻ പ്രദേശങ്ങളിൽ അധിവസിക്കുന്ന കുക്കി ഗോത്ര വിഭാഗത്തിലെ ബഹുഭൂരിപക്ഷവും ക്രൈസ്തവ മതവിശ്വാസികളാണ്. താഴ്‌വര പ്രദേശങ്ങളിലുള്ളവർ മെയ്തെയ് വിഭാഗത്തിലുള്ളവരും. കുക്കി ഗോത്ര വിഭാ

**മണിപ്പൂരിലെ ഭൂരിപക്ഷ മെയ്തെയ് ഗോത്രവർഗ്ഗ വിഭാഗത്തിന് സംവരണാ നുകൂല്യങ്ങൾ ലഭ്യമാകാൻ അവരെ പട്ടികവർഗമായി പ്രഖ്യാപിക്കാനുള്ള നടപടികൾ ആരംഭിക്കുവാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള മണിപ്പൂർ ഹൈക്കോടതി വിധിക്ക് പിന്നാലെയാണ് മണിപ്പൂരിൽ കുഴപ്പങ്ങൾ ആരംഭിച്ചത്. ഏതെങ്കിലും ഒരു വിഭാഗത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ സർക്കാരിന് നിർദ്ദേശം നൽകാൻ കോടതികൾക്കുള്ള അധികാരം സംബന്ധിച്ച് വലിയ ചർച്ചകളാണ് ഉയർന്നു വന്നത്.**

ടതികൾക്കുള്ള അധികാരം സംബന്ധിച്ച് വലിയ ചർച്ചകളാണ് ഉയർന്നു വന്നത്. ഇക്കാര്യത്തിൽ കോടതിക്ക് സംഭവിച്ച പിഴവ് കേന്ദ്രസർക്കാർ ചൂണ്ടിക്കാട്ടിയില്ലെന്നും വേണ്ട ജാഗ്രത ഇക്കാര്യത്തിൽ പുലർത്തിയില്ലെന്നുള്ള ആക്ഷേപങ്ങളും സജീവ ചർച്ചയായി.

1972-ൽ മണിപ്പൂർ സംസ്ഥാനം രൂപീകരിച്ചത് മുതൽ ഗോത്ര വിഭാഗങ്ങൾ തമ്മിൽ വലുതും ചെറുതുമായ പ്രശ്നങ്ങൾ നിലനിൽക്കുന്ന പ്രദേശമാണ് അവിടം. രണ്ടായിരമാണ്ടിന്റെ ആരംഭം വരെ ഇന്ത്യയിലെ പ്രശ്നബാധിത പ്രദേശമായിരുന്നു മണിപ്പൂർ. രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ തന്ത്രപ്രധാനമായ ഒരു മേഖലയാണ് ഇന്ത്യയിലെ വടക്ക്-കിഴക്കൻ സം



*ഇംഫാലിൽ അഗ്നിക്കിരയാക്കിയ ഹോളി റെഡിമർ പള്ളി എം.പിമാരായ ജോസ് കെ.മാണിയും, തോമസ് ചാഴിക്കാടനും സന്ദർശിക്കുന്നു*





*കലാപകാരികൾ അഗ്നിക്കിരയാക്കിയ ദേവാലയവും ദേവാലയ പരിസരത്തുള്ള വാഹനവും*

ഗക്കാർ പടുത്തുയർത്തിയ ആരാധനാലായങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതര കച്ചവട സാംസ്കാരിക സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നത് ഇംഫാൽ അടക്കമുള്ള മണിപ്പൂരിലെ കുന്നിൻ താഴ്വര പ്രദേശങ്ങളിലാണ്.

2023 മെയ് മാസം മൂന്നിന് കുക്കി ഗോത്രവിഭാഗം ആഹ്വാനം ചെയ്ത പ്രതിഷേധ ദിനാചരണ ദിവസത്തിൽ ഇംഫാൽ മേഖലയിലെ ക്രൈസ്തവ ആരാധനാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതര നിർമിതികളും കുക്കി ഗ്രാമങ്ങളും ഭവനങ്ങളും പൂർണ്ണമായും ഇല്ലായ്മ ചെയ്തു. മറ്റൊന്നിനും നേർക്ക് ആക്രമണങ്ങൾ നടന്നില്ല. ക്രൈസ്തവ വിശ്വാസികളുടെ ആരാധനാലയങ്ങളും സ്ഥാപനങ്ങളും നിർമ്മിതികളും ഭവനങ്ങളും മാത്രമാണ് തകർക്കപ്പെട്ടത്. തകർക്കപ്പെട്ടവ ഇനിയൊരിക്കലും പുനർനിർമ്മിക്കരുത് എന്ന കൃത്യമായ ലക്ഷ്യത്തോടെയുള്ള ആസൂത്രിത ആക്രമണങ്ങളാണ് അവിടെയെല്ലാം നടന്നത്. എന്നാൽ ചില ഇടങ്ങളിലെ ക്രൈസ്തവ ദേവാലയങ്ങളോട് ചേർന്നാണ് അവിടുത്തെ സ്കൂളുകൾ പ്രവർത്തിക്കുന്നത്. ആ സ്കൂളുകളിൽ പഠിക്കുന്നവരിൽ 90 ശതമാനവും മെയ്തെയ് വംശജരുടെ മക്കളാണ്. അങ്ങനെയുള്ള സ്കൂളുകളിൽ അക്രമി സംഘം പ്രവേശിച്ചില്ല. ഇതിൽ നിന്ന് തന്നെ കൃത്യമായ പ്ലാനിങ്ങോടെയാണ് ഈ അക്രമപ്രവർത്തനങ്ങളെല്ലാം നടന്നത് എന്നത് വ്യക്തമാണ്. ചില ഇടങ്ങളിൽ ആയിരത്തോളം ആളുകളും ചില ഇടങ്ങളിൽ രണ്ടായിരത്തോളം വരുന്ന ജനക്കൂട്ടവും സംഘടിച്ചെത്തി ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിച്ച് നിർമ്മിതികളെല്ലാം തവിടു പൊടിയാക്കുകയായിരുന്നു.

ഈ തകർക്കൽ പ്രക്രിയ നിർബാധം തുടരുമ്പോൾ സ്വാഭാവികമായും അവിടെയുള്ളവർ സഹായത്തിനായി വിളിക്കുന്നത് പോലീസിനെയും മറ്റ് അധികൃതരെയുമാണ്. ആരും ഈ അക്രമികളെ തടയാനോ സഹായത്തിനോ എത്തിയില്ല. മാത്രമല്ല, അക്രമി സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഒരു തടസ്സമുണ്ടാകാൻ പാടില്ലെന്ന ബോധപൂർവ്വമായ ജാഗ്രത പുലർത്തിയാണ് പോലീസും ഭരണസംവിധാനങ്ങളും നിലപാടെടുത്തതെന്നാണ് ഇപ്പോൾ അറിയാൻ കഴിയുന്നത്. അക്രമി സംഘങ്ങളെ പ്രതിരോധിക്കാൻ എത്തുന്നവരെയാണ് അവർ തടഞ്ഞതും സ്ഥലത്തു നിന്നും നീക്കിയതും. അക്രമി സംഘങ്ങൾക്ക് അഴിഞ്ഞാടാൻ കഴിയും വിധത്തിൽ അവർക്ക് ചുറ്റിനും സംരക്ഷണ വലയമൊരുക്കിയുമാണ് പോലീസും ഇതര സംസ്ഥാന സർക്കാർ സംവിധാനങ്ങളും ചെയ്തത്.

ഇങ്ങനെ 2023 മെയ് 3,4 ദിവസ



ങ്ങളിലായി മണിപ്പൂരിലെ താഴ്‌വര പ്രദേശങ്ങളിലുള്ള ക്രൈസ്തവ ആരാധനാലയങ്ങളും വൈദിക പരിശീലന കേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കുക്കി ഗോത്രവിഭാഗക്കാർ മാത്രം നടത്തുന്ന വാണിജ്യ വ്യവസായ നിർമ്മിതികളും പൂർണ്ണമായും ഇല്ലായ്മ ചെയ്തു. കുക്കികൾ അധിവസിക്കുന്ന ഗ്രാമങ്ങളും അവിടെയുള്ള ഭവനങ്ങളും സമ്പൂർണ്ണമായും തിരഞ്ഞു പിടിച്ച് അടയാളപ്പെടുത്തി നശിപ്പിക്കുകയാണുണ്ടായത്. ഏകദേശം ഒരു ലക്ഷത്തോളമാളു കൾക്ക് താഴ്‌വരകൾ വിട്ട് കുന്നിൻ പ്രദേശത്തേക്കും അയൽ സംസ്ഥാനമായ മിസോറാമിലേക്കും പാലായനം ചെയ്യേണ്ടി വന്നു. ക്രൈസ്തവരുടെ 250-ൽ പരം ആരാധനാലയങ്ങളും ആയിരക്കണക്കിന് ഭവനങ്ങളുമടക്കമുള്ള ഇതര നിർമ്മിതികളും സ്ഥാപനങ്ങളും മാത്രമാണ് ഈ രണ്ടു ദിവസങ്ങളിലായി തുടച്ചു നീക്കിയത്. ഇപ്പോഴും അത് തുടരുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഞാൻ തോമസ് ചാഴിക്കാടൻ എം.പി-യുമൊത്ത് മണിപ്പൂരിൽ എത്തിയത്.

ആദ്യം സന്ദർശിച്ചത് ഇംഫാൽ ആർച്ച് ബിഷപ്പ് ഡോ. വൈ. ഡൊമിനിക്ക് ലുമോൺ പിതാവിനെയാണ്. ഒരു ജനത അനുഭവിക്കുന്ന കൊടുംക്രൂരതകൾ വിങ്ങുന്ന മനസ്സോടെയാണ് അദ്ദേഹം തുറന്നു കാട്ടിയത്. പിതാവിന്റെ ഓരോ വാക്കിലും വേദന അദ്ദേഹത്തിന്റെ മുഖത്തും ശരീരഭാഷയിലും വ്യക്തമായിരുന്നു. സമത്വത്തോടെയുള്ള വിഭവവിഭജനവും വികസന പ്രക്രിയയും ഒരു വിഭാഗത്തിന് നിഷേധിക്കപ്പെടുന്നതിന്റെ അപകടാവസ്ഥയെ കുറിച്ചാണ് ഏറെ ഉത്കണ്ഠയോടെ അദ്ദേഹം സംസാരിച്ചു തുടങ്ങിയത്. മണിപ്പൂരിലെ ജനത എന്നതിന് പകരം വേർതിരിവുകളോടെയുള്ള സമീപനവും ഒരു വിഭാഗത്തിന് മാത്രമുള്ള പരിഗണനയും തുടരുന്നതിലുള്ള ആശങ്കയാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ നിറഞ്ഞ് നിന്നത്. കുന്നിൻ പ്രദേശങ്ങൾ അവികസിത മേഖലകളായി നിലനിൽ ക്കുന്നുണ്ടെന്നും എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് ഭരണസംവിധാനങ്ങൾ മുന്നോട്ടു പോയില്ലെങ്കിൽ മണിപ്പൂരിൽ ശാശ്വത സമാധാനം ഉണ്ടാകില്ലെന്ന ഭയപ്പാട് അദ്ദേഹം പങ്കുവെച്ചു. മനുഷ്യർ തമ്മിൽ സഹവർത്തിത്വവും സമുദായ സൗഹാർ ദ്ദവും വളരുന്നതിന് തടസ്സം നിൽക്കുന്നവർ സംഘർഷം വളർത്താനുള്ള പരിശ്രമങ്ങൾ മണിപ്പൂരിന്റെ മണ്ണിൽ നടത്തുന്നുണ്ടെന്ന യാഥാർത്ഥ്യവും അദ്ദേഹം വരച്ചു കാട്ടി. രത്നങ്ങളുടെ നാടാണ് മണിപ്പൂരെന്നും പോളോ എന്ന കളി ഉടലെടുത്തതും ലോകമാകെ പ്രചരിച്ചതും മണിപ്പൂരിൽ നിന്നാണ്. സുഭാഷ് ചന്ദ്ര ബോസിന്റെ ഇന്ത്യൻ ആർമിയുടെ ഹെഡ് ക്വാർട്ടേഴ്സ് മണിപ്പൂരിലായിരുന്നു എന്ന് പറഞ്ഞ പിതാവിന്റെ മുഖത്ത് ദേശസ്നേഹം ജ്വലിക്കുന്നത് കാണാൻ കഴിഞ്ഞു. വിട്ടു വീഴ്ച ഇല്ലാത്ത നീതിയും വേർതിരിവുകളില്ലാത്ത നിയമവാഴ്ചയും കൊണ്ട് മാത്രമേ മണിപ്പൂരിനെ സമാധാനത്തിലേക്ക് കൊണ്ടു വരാൻ കഴിയൂ എന്ന് ബിഷപ്പ് ഡൊമിനിക്ക് ലുമോൺ അടിവരയിട്ട് പറഞ്ഞു. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കാൻ പോവുകയാണ് എന്നു പറഞ്ഞപ്പോൾ വളരെ കരുതലും സുരക്ഷയും ഉറപ്പാക്കണമെന്ന നിർദ്ദേശമാണ് അദ്ദേഹം നൽകിയത്. സാഹോദര്യവും സമത്വവും സ്വാതന്ത്ര്യവും പുലരുന്ന മണിപ്പൂരിനായി കേരളം ഒന്നടങ്കം പ്രാർത്ഥിക്കണമെന്ന അഭ്യർത്ഥനയും അദ്ദേഹത്തിൽ നിന്നുമുണ്ടായി.

പിന്നീട് പോയത് മണിപ്പൂരിലെ സെയ്ദു നിയമസഭാ നിയോജകമണ്ഡലത്തിൽ നിന്നും എം.എൽ.എ. ആയ കിഗ്പനുമായി കൂടിക്കാഴ്ച നടത്തുന്നതിനാണ്. ഏറ്റവും കൂടുതൽ അക്രമ സംഭവങ്ങൾ ഉണ്ടായ ഒരു പ്രദേശത്തെയാണ് അദ്ദേഹം പ്രതിനിധീകരിക്കുന്നത്. മണിപ്പൂരിൽ നടക്കുന്നത് ഒരു വിഭാഗത്തെ മാത്രം ഉന്നം വെച്ചുകൊണ്ടുള്ള ക്രൂരമായ വംശഹത്യയാണെന്ന് ഉറപ്പിച്ചു പറയുകയാണ് കിഗ്പൻ. തനിക്ക് പരിചിതരായിരുന്ന അനേകം കുടുംബങ്ങൾ നിശേഷം തകർക്കപ്പെട്ടതും ഒട്ടേറെ ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടതും വേദനയോടെ അദ്ദേഹം വിശദീകരിച്ചു. സ്ത്രീകളും കുട്ടികളുമടക്കം അതിക്രൂരമയ ഉപദ്രവങ്ങൾക്ക് ഇരയായി എന്നും കാണാതായ ഒട്ടേറെ ആളുകളെക്കുറിച്ച് യാതൊരു വിവരവും ഇല്ലെന്നും അദ്ദേഹം പറഞ്ഞു. നിരവധി പേർ എങ്ങോട്ടാണ് പോയിരിക്കുന്നത് എന്നതിനെക്കുറിച്ചും ഒരു വിവരവുമില്ല. മണിപ്പൂരിലെ സ്ഥിതി അതീവ ഗുരുതരമാണെന്നും ഇതര സംസ്ഥാനങ്ങളിലേക്ക് കൂടി കലാപം ബാധിക്കുമോ എന്ന ആശങ്കയുണ്ടെന്നും അദ്ദേഹം അറിയിച്ചു. പശ്ചിമ ബംഗാൾ സംസ്ഥാനത്തെ ഡാർജിലിംഗ് മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക ഭരണസംവിധാനം നിലവിൽ വന്നെങ്കിൽ മാത്രമേ ഒരു ജനതയ്ക്ക് സമാധാനത്തോടെ ജീവിക്കാനാവൂ എന്ന് അദ്ദേഹം വ്യക്തമാക്കി. അദ്ദേഹത്തിന്റെ വീടിന്റെ തൊട്ടു പുറ



കിലുള്ള ദുരിതാശ്വാസ ക്യാമ്പും ഞങ്ങൾ സന്ദർശിച്ചു. കിഗ്പൻ എം.എൽ.എ-യും കുക്കി സംഘടനാ നേതാക്കളും ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു.

സംഗായി പ്രോയിലെ സെന്റ് പോൾസ് പള്ളി നിശ്ശേഷം തകർന്നു കിടക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. ഗ്യാസ് സിലിണ്ടർ ഉപയോഗിച്ചാണ് ഇവിടെയും തകർത്തത്. ഈ ദേവാലയത്തോടു ചേർന്ന പാസ്റ്റർ സെന്ററും, ലൈബ്രറിയും, ഹോസ്റ്റലും പൂർണ്ണമായി തകർക്കപ്പെട്ടു. കാഞ്ചീപോരിലെ ഹോളി റെഡിമർ പള്ളിയുടെ സ്ഥിതിയും ഇത് തന്നെയായിരുന്നു. ഇത്തരത്തിൽ വലുതും ചെറുതുമായ 250-ൽ അധികം ക്രൈസ്തവ ആരാധനാലയങ്ങളും സ്ഥാപനങ്ങളും തകർക്കപ്പെട്ടിട്ടുള്ളതായി ഒപ്പം വന്ന പുരോഹിതർ പറഞ്ഞു. ക്രൈസ്തവർ അധിവസിക്കുന്ന ഗ്രാമങ്ങളെയും ഭവനങ്ങളെയും അവർ നടത്തുന്ന സ്ഥാപനങ്ങളെയും അവരുടെ ഉടമസ്ഥതയിലുള്ള നിർമ്മിതികളെയും പ്രത്യേകം അടയാളപ്പെടുത്തിക്കൊണ്ടുള്ള സമാന രീതിയിലുള്ള തകർക്കൽ പ്രക്രിയയാണ് എവിടെയും നടന്നതെന്ന് പുരോഹിതർ അടിവരയിട്ട് പറഞ്ഞു. ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിച്ച് പുനർ നിർമ്മാണമോ പുനരുദ്ധാരണമോ ഇനി നടക്കരുതെന്ന കൃത്യമായ അജണ്ടയോടെയാണ് ചെറിയ നിർമ്മിതികൾ പോലും തകർക്കപ്പെട്ടത്. ഇതിന് ഭരണകൂട സംവിധാനങ്ങളുടെ പൂർണ്ണമായ പിന്തുണയും സംരക്ഷണവും അക്രമകാരികൾക്ക് ലഭിച്ചു എന്നതാണ് ആശങ്ക ഉയർത്തുന്ന യാഥാർത്ഥ്യം.

പിന്നീട് ഞങ്ങൾ പോയത് അഭയാർത്ഥി ക്യാമ്പുകളിലേക്കായിരുന്നു. ആ യാത്രകളിൽ എന്താണ് മണിപ്പൂരിൽ നടക്കുന്നതെന്ന കൃത്യമായ ചിത്രം ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. കുക്കി അഭയാർത്ഥി ക്യാമ്പുകളായി പ്രവർത്തിക്കുന്ന റോഡുകളിൽ അർദ്ധസൈനിക വിഭാഗങ്ങളെ വിന്യസിച്ചിട്ടുണ്ട്. ഇവർ നാടിന് കാവലൊരുക്കുകയോ, കലാപം തടയുകയോ, കലാപകാരികളെ അമർച്ച ചെയ്യുകയോ ചെയ്യുന്ന ജോലിയല്ല നിർവ്വഹിക്കുന്നത്. കുക്കി അഭയാർത്ഥി ക്യാമ്പുകളിൽ ഭക്ഷണമോ, വെള്ളമോ, വസ്ത്രങ്ങളോ, മരുന്നോ ഉൾപ്പെടെയുള്ള യാതൊന്നും ആരും കൊണ്ടു പോകുന്നില്ലെന്ന് ഉറപ്പു വരുത്തുന്ന വിധത്തിലാണ് ഇവർ പ്രവർത്തിക്കുന്നത്. മെയ്തെയ് വിഭാഗക്കാരുടെ ചെക്ക്പോസ്റ്റുകൾ നിയമവിരുദ്ധമായി അവിടെ പ്രവർത്തിക്കുന്നുണ്ട്. സായുധരായ മെയ്തെയ് വനിതകൾ വിശദമായി വാഹനങ്ങളെയും ആളുകളെയും പരിശോധിക്കുന്നുണ്ട്. കുക്കി ദുരിതാശ്വാസ ക്യാമ്പുകളിൽ യാതൊന്നും കൊണ്ടുപോകുന്നില്ല എന്ന് ഉറപ്പാക്കിയിട്ടേ അവർ വാഹനങ്ങളെയും ആളുകളെയും കടത്തിവിടൂ. കുക്കി സ്വാധീന മേഖലകളിലേക്ക് കടന്നാൽ അവിടെയും ചെക്ക്പോസ്റ്റുകളിൽ വനിതകളുടെ പരിശോധനയുണ്ട്. രണ്ട് വിഭാഗക്കാരുടെയും ഈ നിയമവിരുദ്ധ പ്രവർത്തനത്തെ തടയാനോ വിലക്കാനോ പോലീസോ, അർദ്ധസൈനിക വിഭാഗങ്ങളോ യാതൊന്നും ചെയ്യുന്നില്ല എന്നത് മണിപ്പൂരിലെ സ്ഥിതിഗതിക്കാരുടെ ഗൗരവം ബോധ്യപ്പെടുന്ന വസ്തുതയാണ്. രണ്ട് വിഭാഗക്കാരും അവരവരുടെ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ബാനറുകളിലൂടെ മണിപ്പൂരിലെ മനുഷ്യരുടെ ഹൃദയങ്ങളും ആ മണ്ണും പൂർണ്ണമായി വിഭജിക്കപ്പെട്ടു എന്ന സത്യാവസ്ഥ ആർക്കും ബോധ്യമാവും.

അഭയാർത്ഥി ക്യാമ്പുകളായി പ്രവർത്തിക്കുന്ന ചെറിയ സ്കൂളുകളിലെ അവസ്ഥ മനസ്സുള്ള മനുഷ്യരെ മുഴുവൻ കരയിപ്പിക്കും. ഒരു ചെറിയ ഹാളിൽ 600-ഉം 700-ഉം മനുഷ്യർ അടുക്കി ഇട്ടിരിക്കുന്നതു പോലെ കഴിയേണ്ടി വരുന്ന ദുരവസ്ഥ മലയാളികൾക്ക് മനസ്സിലാകുമോ എന്നറിയില്ല. അത്രയ്ക്ക് ദയനീയമാണ് ഈ കാഴ്ച. മരുന്നോ ഭക്ഷണമോ കുടിവെള്ളമോ പോലുമില്ലാത്ത നൂറ് കണക്കിന് കൊച്ചുകുട്ടികളടക്കമുള്ള മനുഷ്യർ നിരാലംബരായി നിരാശ്രയരായി ഇത്തരം ക്യാമ്പുകളിൽ ഇപ്പോഴും കഴിയുകയാണ്. ഈ നില തുടർന്നാൽ അവരിൽ ആരോഗ്യക്കുറവുള്ള ആളുകൾ മരണത്തിന് കീഴടങ്ങുകയല്ലാതെ മറ്റു യാതൊരു നിവൃത്തിയുമില്ല എന്ന അവസ്ഥയാണ് അവിടെ നിലനിൽക്കുന്നത്. ഇത്തരം ക്യാമ്പുകളിലേക്കുള്ള നിയന്ത്രണം ഏറ്റെടുത്തവർ ദുരിതാശ്വാസ സാമഗ്രികൾ കടത്തി വിടുന്നുമില്ല. കുക്കി ഗോത്ര വിഭാഗം താമസിക്കുന്ന ദുരുതാശ്വാസ ക്യാമ്പുകൾക്ക് ചുറ്റിനും വാസ്തവത്തിൽ ഉപരോധം ഏർപ്പെടുത്തിയിരിക്കുകയാണ് മെയ്തെയ് വിഭാഗക്കാർ. അവരെ പൂർണ്ണമായും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്ന നിലപാടാണ് ഇപ്പോഴും മണിപ്പൂരിലെ ഭരണകൂട സംവിധാനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് എന്നത് അങ്ങേയറ്റം ഗൗരവതരമായ വസ്തുതയാണ്. വിങ്ങുന്ന മനസ്സോടെയാണ് ക്യാമ്പുകളിൽ നിന്നും മടങ്ങിയത്.

200-ലേറെ ആളുകൾ കൊല്ലപ്പെട്ട മണിപ്പൂരിൽ ഒരു ലക്ഷത്തോളമാളുകളാണ് ഭവനരഹിതരായത്. അനേകം ഗ്രാമങ്ങൾ തുടച്ചു നീക്കപ്പെട്ടു. മൂന്നും നാലും നില വീടുകളടക്കം ആയിരക്കണക്കിന് ഭവനങ്ങൾ ചുട്ടെരിക്കപ്പെട്ടു. നിരവധി വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ തരിപ്പണമാക്കി. അനേകം ദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടു. സ്ത്രീകളും കുട്ടികളും കൊടിയ പീഡനങ്ങൾക്കിരകളായി. ഒട്ടേറെയാളുകളെ കാണാതായി. ഇതെല്ലാം ഇപ്പോഴും ആവർത്തിക്കുന്നു. 4000-ത്തോളം തോക്കുകളാണ് പോലീസിന്റെ ആയുധപ്പുരയിൽ നിന്നും കൊള്ളയടിക്കപ്പെട്ടത്.

അത്യന്തം സങ്കീർണ്ണമാണ് മണിപ്പൂരിലെ സ്ഥിതിഗതികൾ. കഴിഞ്ഞ എട്ടു വർഷത്തിനിടയിൽ 51 തവണ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോഡി വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ സന്ദർശിച്ചുവെന്നാണ് ലഭ്യമാകുന്ന കണക്കുകൾ. എന്നാൽ ഇന്ത്യയിലെ തന്ത്രപ്രധാനമായ സംസ്ഥാനമായ മണിപ്പൂരിൽ ചോരപ്പുഴ ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുമ്പോഴും ഇന്ത്യൻ പ്രധാനമന്ത്രി പുലർത്തുന്ന മൗനം അവിടെ നടക്കുന്ന കലാപത്തേക്കാൾ ഭയാനകമാണ്.

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേരിട്ടുള്ള ഇടപെടലുകളോ സംസ്ഥാന സരക്കാരിന്റെ പ്രവർത്തനങ്ങളോ ജനങ്ങൾ പൂർണ്ണമായും വിശ്വാസത്തിലെടു ക്കുന്നില്ല. മണിപ്പൂർ കലാപത്തിന്റെ യഥാർത്ഥ കാരണങ്ങളും സംഭവിച്ച നഷ്ടങ്ങളുടെ വ്യാപ്തിയും പുറത്തു വരണം. ഗുജറാത്ത് ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് അജയ് ലംബ അധ്യക്ഷനായി കേന്ദ്ര ആഭ്യന്തരമന്ത്രാലയം നിയോഗിച്ച നിലവിലെ സമിതി നടത്തുന്ന അന്വേഷണത്തിലൂടെ ഒരു സത്യാവസ്ഥയും പുറത്തു വരാൻ പോകുന്നില്ലെന്ന ആക്ഷേപമാണ് ഉയരുന്നത്. അതുകൊണ്ടു തന്നെ മണിപ്പൂരിൽ കഴിഞ്ഞ രണ്ടു മാസമായി തുടരുന്ന ആസൂത്രിത വംശീയ കലാപത്തെക്കുറിച്ച് സംയുക്ത പാർലമെന്റ് സമിതി അന്വേഷിക്കണമെന്നും ഈ മാസം 20-ന് തുടങ്ങുന്ന പാർലമെന്റ് സമ്മേളനത്തിന്റെ നടപടികൾ നിർത്തി വെച്ച് മണിപ്പൂർ കലാപം ചർച്ച ചെയ്യണമെന്നും ഞാനും ശ്രീ. തോമസ് ചാഴിക്കാടനും പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മണിപ്പൂരിൽ നിന്നും എത്തിയ ശേഷം ഡൽഹിയിൽ നടത്തിയ പത്രസമ്മേളനത്തിലും ഈ ആവശ്യം ഞങ്ങൾ പരസ്യമായി ഉന്നയിച്ചിട്ടുണ്ട്. കാരണം സത്യാവസ്ഥ അറിയാൻ രാജ്യത്തെ ജനങ്ങൾക്ക് അവകാശമുണ്ട്. ■

# അതിരൂപതയുടെ അഭിമാനമായി ആനന്ദ് ജസ്റ്റിൻ ഐ.എഫ്.എസ്

തിരുവനന്തപുരത്തെ തീരദേശ മേഖലയിൽ നിന്നുള്ള ആദ്യ ഐ.എഫ്.എസുകാരനായി ആനന്ദ് ജസ്റ്റിൻ. 117ആം റാങ്കുകാരനായാണ് ആനന്ദ് ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പരീക്ഷ പാസ്സായത്. വലിയതുറ സ്വദേശിയും തിരുവനന്തപുരം ഫോർച്യൂൺ സിവിൽ സർവീസ് അക്കാദമിയിലെ അധ്യാപകനുമാണ് ആനന്ദ് ജസ്റ്റിൻ. 8 വർഷത്തെ പരിശ്രമത്തിനൊടുവിൽ നേടിയെടുത്ത ഈ നേട്ടം തനിക്കും തന്റെ കുടുംബത്തിനും വളരെ വിലപ്പെട്ടതാണെന്ന് ആനന്ദ് പറയുന്നു.



ഒരു സിവിൽ സർവന്റ് ആകണമെന്നത് ആനന്ദിന്റെ കുട്ടികാലത്തെ ആഗ്രഹമായിരുന്നു. അമ്മയുടെ സഹോദരൻ ബാബു ആണ് സിവിൽ സർവീസ് എന്ന ആശയം ആനന്ദിന്റെ മനസിലേക്കിട്ടത്. ക്വിസ് മത്സരങ്ങളിലും മറ്റും മികവ് കിട്ടിയതോടെ സ്കൂളിലെ അദ്ധ്യാപകരും ആനന്ദിനെ പ്രോത്സാഹിപ്പിച്ചു. 2015ൽ സിവിൽ സർവീസ് പരിശീലനം ആരംഭിച്ച ആനന്ദ് നീണ്ട 8 വർഷത്തിന് ശേഷമാണ് തന്റെ ആഗ്രഹം പൂർത്തിയാക്കിയത്. 2018ൽ നാലാമത്തെ ശ്രമത്തിൽ ഐ.എഫ്.എസ്സിന്റെ പ്രിലിമിനറി കട്ട് ഓഫ് പാസായി. അങ്ങനെയാണ് ഇന്ത്യൻ ഫോറസ്റ്റ് സർവീസിലേക്ക് മനസ്സുറച്ചത്. എങ്കിലും ആ വർഷം മെയിൻ പരീക്ഷ ക്ലിയർ ചെയ്യാൻ ആനന്ദിന് സാധിച്ചില്ല. തുടർന്നുള്ള വർഷങ്ങളിൽ ഐ.എഫ്.എസ് പരീക്ഷയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. എങ്കിലും പിന്നീടങ്ങോട് കട്ട് ഓഫ് ക്ലിയർ ചെയ്യാൻ സാധിക്കാത്തത് ആനന്ദിന് വെല്ലുവിളിയായി. അങ്ങനെ 2022ൽ പ്രീലിമിനറി പരീക്ഷയും മെയിൻ പരീക്ഷയും പാസായി അഭിമുഖവും കഴിഞ്ഞ് 117ആം റാങ്കോടെ ആനന്ദ് ഐ.എഫ്.എസ് എന്ന കടമ്പ കടന്നു. ഇനി ആനന്ദിനെ കാത്തിരിക്കുന്നത് ശാരീരികക്ഷമതാ പരീക്ഷയും മൂന്നുമാസത്തെ ഉത്തരാഖണ്ഡിലെ മസൂറിയിലെ പരിശീലനവുമാണ്. അതുകഴിഞ്ഞ് വരുന്ന നവംബറിൽ ഡെറാഡൂണിലെ ഇന്ദിര ഗാന്ധി നാഷണൽ ഫോറെസ്റ്റ് അക്കാഡമിയിൽ 16 മാസത്തെ മേജർ പരിശീലനവുമുണ്ടായിരിക്കും. ശേഷം കേഡർ സ്റ്റേറ്റിലെ 6 മാസത്തെ ഫീൽഡ് ട്രെയിനിങ് കൂടി കഴിഞ്ഞാൽ മാത്രമേ ഔദ്യോഗിക പോസ്റ്റിങ്ങ് ഉണ്ടാകൂ. മറ്റ് സർവീസുകളെ അപേക്ഷിച്ച് ഫോറെസ്റ്റ് സർവീസ് പരിശീലനം കഠിനമെന്നാണ് ആനന്ദിന്റെ അഭിപ്രായം.

തിരുവനന്തപുരം ചെറിയതുറ റോസ്മിനി കോൺവെന്റ്, സെന്റ് മേരീസ് എച്ച്.എസ്.എസ് പട്ടം എന്നിവിടങ്ങളിലായിരുന്നു ആനന്ദിന്റെ സ്കൂൾപഠനം. കേരള സർവകലാശാലയിൽ നിന്നും ജിയോളജിയിൽ ബിരുദവും നേടി. തുടർന്ന് സിവിൽ സർവീസ് പരിശീലനത്തിൽ വ്യാപൃതനായി. ഈ കാലയളവിൽ തന്നെ ഫോർച്യൂൺ സിവിൽ സർവീസ് അക്കാദമിയിൽ അദ്ധ്യാപകനായി പ്രവർത്തിക്കുകയും ചെയ്തു. ഒരുപക്ഷെ അവസാന ശ്രമത്തിലും ഐ.എഫ്.എസ് നേടാനായില്ലെങ്കിൽ ആറുവർഷമായി തുടരുന്ന ഈ അദ്ധ്യാപനജോലി തന്നെ തുടർന്നേനെയെന്നും ആനന്ദ് പറയുന്നു. ഐ.എഫ്.എസ് നേടിയതിൽ ആനന്ദിനെ കൂടുതൽ സന്തോഷവാനാക്കുന്നത് കാടിനേയും പ്രകൃതിയെയും അടുത്തറിയാമെന്ന വസ്തുതയാണ്. എല്ലാർക്കും യാത്രചെയ്യാൻ സാധിക്കാത്ത വനപ്രദേശങ്ങൾ സന്ദർശിക്കാനുള്ള അവസരവും ഈയൊരു ജോലിയിലൂടെ ലഭ്യമാകുമെന്ന പ്രതീക്ഷയിലാണ് ആനന്ദ്. ആദിവാസി മേഖലയിലെ ജനങ്ങൾക്ക് വേണ്ടി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുമെന്നും ആനന്ദ് പറയുന്നു.

ഭാര്യ ആന്മരിയ നൽകിയ പ്രോത്സാഹനവും കരുത്തും ആനന്ദിന്റെ നേട്ടത്തിന് മാറ്റ് കൂട്ടുന്നു. വാൾ പെയിന്ററാണ് ആനന്ദിന്റെ അച്ഛൻ ജസ്റ്റിൻ. അമ്മ, സഹോദരി, ഭാര്യ, അമ്മൂമ്മ എന്നിങ്ങനെ വീട്ടിലെ സ്ത്രീകളാണ് ആനന്ദിന്റെ ശക്തി. സാമൂഹിക പിന്നോക്കാവസ്ഥയെയും സാമ്പത്തിക ബുദ്ധിമുട്ടുകളെയും അതിജീവിച്ചാണ് ആനന്ദ് ജസ്റ്റിൻ ഈ നേട്ടം കൈവരിച്ചത്. സിവിൽ സർവീസ് എന്നാൽ ഐ.എ.എസ് മാത്രമല്ലെന്നും വിവിധ മേഖലകളിൽ ജോലി ചെയ്യാമെന്നും ആനന്ദ് പറയുന്നു. ഐ.എഫ്.എസ് പോലുള്ള മറ്റ് സർവീസുകളെപ്പറ്റി ആർക്കും വല്യ ധാരണയില്ലാത്തതാണ് ഇതിലേക്ക് കടന്നുവരാൻ പലരെയും പ്രേരിപ്പിക്കാത്തത്. തന്നെക്കാളും കഴിവുള്ളവർ തനിക്ക് ചുറ്റുമുണ്ടെന്നും അവരൊക്കെയും ഇത്തരം മത്സര പരീക്ഷകൾ എഴുതണമെന്നാണ് താനാഗ്രഹിക്കുന്നതെന്നും ആനന്ദ് പറഞ്ഞുവയ്ക്കുന്നു.

(*തയ്യാറാക്കിയത്:* **അലീന ജോൺ**)

ലേഖനം



**രാഷ്ട്രീയ, സാമ്പത്തിക, സാമുദായിക ഘടകങ്ങൾ ഒരുമിച്ചുചേർന്ന് പരാജയപ്പെടുത്താൻ ശ്രമിച്ച വിഴിഞ്ഞത്തെ ഐതിഹാസിക അതിജീവനത്തിന്റെ ഒന്നാം വർഷത്തിൽ, സമരത്തെ കാലികമായി വിലയിരുത്തുന്ന ലേഖനം**

# അതിജീവന സമരം ഒരു അപഗ്രഥനം



ഫാ. മൈക്കിൾ തോമസ്

**ആമുഖം**

ദേശീയ അന്തർദേശീയ ശ്രദ്ധയാകർഷിച്ചുകൊണ്ടും സംസ്ഥാന - കേന്ദ്ര സർക്കാരുകൾക്കും ഒപ്പം കുത്തക മുതലാളിമാർക്കും അസ്വസ്ഥത സമ്മാനിച്ചുകൊണ്ടും 140 ദിവസങ്ങൾ നീണ്ടുനിന്ന തിരുവനന്തപുരത്തെ തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ അതിജീവന സമരത്തിന് ഒരു വർഷം തികയുമ്പോൾ ഈ സമരം നല്കുന്ന പാഠങ്ങൾ മനസ്സിലാക്കേണ്ടതും സമരത്തിന്റെ ശക്തിയെയും പരിമിതികളെയും അവയുടെ സാധ്യതയെയും വെല്ലുവിളികളെയും വിലയിരുത്തേണ്ടതും അനിവാര്യമാണ്. ജനകീയ സമരങ്ങളുടെ വിലയിരുത്തലിൽ ആര് ആരുടെ പക്ഷത്തുനിന്നും, എന്തിനുവേണ്ടി നടത്തുന്നു എന്നതിനെക്കൂടി ആശ്രയിച്ചാണ്.

## വിഴിഞ്ഞം മത്സ്യത്തൊഴിലാളി സമരം എന്തിന്? ആർക്കുവേണ്ടി?

2022 ജൂലൈ 20 ന് സെക്രട്ടറിയേറ്റിൽ ആരംഭിച്ച് 2022 ആഗസ്റ്റ് 16 ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കവാടത്തിലേക്ക് വ്യാപിച്ച മത്സ്യത്തൊഴിലാളികളുടെ അതിജീവന സമരം പൊടുന്നനെ പൊട്ടിമുളച്ചതല്ല. തിരുവനന്തപുരം ജില്ലയിലെ തീരവാസികളുടെ നിരന്തര

മായ കഷ്ടതയുടെ, ആവശ്യങ്ങളോടു മാറിമാറി വന്ന ഭരണകൂടത്തിന്റെയും; തീരം കണ്ണുവച്ചുള്ള കുത്തക മുതലാളിമാരുടെ സ്വാർത്ഥതയോടും ലാഭക്കൊതിയോടും കൂടിയുള്ള നയങ്ങളോടും ജനോപകാരമല്ലാത്ത വികസന നയങ്ങളുടെയും അടിസ്ഥാന വർഗ്ഗമായ മത്സ്യത്തൊഴിലാളികളുടെ തൊഴിലിനും, തൊഴിലുപകരണങ്ങൾക്കും, തൊഴിലിടങ്ങൾക്കും എന്തിനേറേ, കിടപ്പാടങ്ങൾക്കും തുടർച്ചയായുണ്ടായ കഷ്ടനഷ്ടങ്ങളുടെയും അനന്തരഫലമാണ്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങളോടുള്ള സർക്കാരുകളുടെ നിരന്തരമായ പിന്തിരിപ്പൻ മനോഭാവവും മെല്ലെപ്പോക്ക് നയങ്ങളും തീരജനതയെ ക്ഷമയുടെ നെല്ലിപ്പലക കാണിക്കുകയായിരുന്നു. സമരക്കാർ ഉയർത്തിക്കാട്ടിയ ന്യായമായ ഏഴ് ആവശ്യങ്ങളും ഈ അതിജീവന സമരത്തിന്റെ ഉദ്ദേശശുദ്ധി പൊതുജനമധ്യേ ഉയർത്തിക്കാട്ടി എന്നതിൽ സംശയമില്ല. അതിന്റെ ഉത്തമ ഉദാഹരണമാണ് കേരളത്തിന്റെ നാനാതുറകളിലുമുള്ള മനുഷ്യത്വം വറ്റാത്ത സാധാരണ ജനങ്ങളുടെ, വിവിധ തൊഴിലാളികളുടെ പിന്തുണയും ഐക്യദാർഢ്യവും.

ആരാണ് സമരം നടത്തിയത് എന്ന് സമരദിനങ്ങളിൽ പുറത്ത് വന്ന ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെ കടന്നുപോയാൽ, അതിലെ ജനനിബിഢമായ പങ്കാളിത്തത്തിൽ നിന്നും മനസ്സിലാകും അശാസ്ത്രീയവും മനുഷ്യോചിതവുമല്ലാത്ത വികസനത്തിന്റെ പേരിലും കടലിലെ നിർമ്മാണപ്രവർത്തനങ്ങൾ മൂലവും ഭവനങ്ങളും മത്സ്യബന്ധനയാനങ്ങളും തൊഴിലിടങ്ങളും, എന്തിനേറെ വിലപ്പെട്ട ജീവനുകളും നഷ്ടപ്പെട്ട, തീരാകടക്കെണിയിലായ മത്സ്യത്തൊഴിലാളികൾ, സമരത്തിന്റെ മുൻനിരയിലുണ്ടായിരുന്നതെന്ന്.

എന്തിനുവേണ്ടിയായിരുന്നു ഈ സമരം എന്ന് ചോദിച്ചാൽ തീരജനതയ്ക്ക് ജീവിക്കുവാൻ വേണ്ടി, സുരക്ഷിതമായി തൊഴിലെടുക്കുവാനായി, മത്സ്യത്തൊഴിലാളികളുടെ തൊഴിലിനും, യാനങ്ങൾക്കും ജീവനും സുരക്ഷയൊരുക്കുവാനായി, ഭരണവർഗ്ഗത്തിന്റെ കണ്ണ് തുറപ്പിക്കുവാനായി, വരും തലമുറയുടെ ഭാവി ഭാസുരമാക്കാനായിരുന്നു ഈ അതിജീവന സമരം.

## അതിജീവന സമരത്തിന്റെ കരുത്തും സാധ്യതകളും

ഏതൊരു ജനകീയ സമരത്തിന്റെയും ശരിയായ അപഗ്രഥനം അതിന്റെ കരുത്തുകളിലേക്കും ഇനിയും പ്രയോജനപ്പെടുത്താവുന്ന സാധ്യതകളിലേക്കും വെളിച്ചം വീശും. അതിനാൽ തന്നെ ശരിയായ വിശകലനത്തിന്റെയും അപഗ്രഥനത്തിന്റെയും പ്രസക്തി ഏറെയാണ്. ഇപ്പോഴും ഈ സമരം പരാജയമാണെന്നും വികസന വിരുദ്ധമാണെന്നും വാദിക്കുന്ന, പറഞ്ഞുപരത്തുവാൻ ശ്രമിക്കുന്ന 'വികസനവാദികളും' കുത്തക മുതലാളിമാരും അവരുടെ ദല്ലാളന്മാരും കണ്ണ് തുറന്ന്, വസ്തുതാപരമായൊരു വിലയിരുത്തൽ നടത്തിയാൽ വിഴിഞ്ഞം അതിജീവന സമരത്തിന്റെ കരുത്തുകളെയും സാധ്യതകളെയും അംഗീകരിക്കാതിരിക്കാനാവില്ല.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നെല്ലും പതിരും പൊതുജനസമക്ഷം അവതരിപ്പിക്കാൻ സാധിച്ചു. ഏറെ പ്രത്യേകിച്ച് ഈ പദ്ധതി മൂലം തീരദേശ ജനതയ്ക്ക് ഉണ്ടാകാവുന്ന അപകടങ്ങളും നഷ്ടങ്ങളും പൊതുസമൂഹത്തിന് അറിയില്ലായിരുന്നു. ഉദ്യോഗസ്ഥരും പദ്ധതി നടത്തിപ്പുകാരും ഈ പദ്ധതിയുടെ യഥാർത്ഥ ചിത്രം ഇപ്പോഴും പുറത്തുവിട്ടിട്ടില്ല എന്നത് ഇതിന്റെ നിഗൂഢതയിലേക്ക് വിരൽ ചൂണ്ടുന്നു. സാധാരണ ജനങ്ങളുടെ ആശങ്കകളും വർദ്ധിക്കുന്നു.

പദ്ധതി പ്രദേശത്തേയ്ക്ക് സമരക്കാരും സമരാനുകൂലികളും കടന്നുചെന്നപ്പോഴാണ് കാണാമറയത്തായിരുന്ന പല സത്യങ്ങളും



വെളിച്ചം കണ്ടുതുടങ്ങിയത്. ഏറെ പ്രത്യേകിച്ച് പദ്ധതി പ്രദേശത്ത് കണ്ട വൻ കരിങ്കൽ മലകൾ വലിയൊരു സത്യം വിളിച്ചോതുകയായിരുന്നു. പശ്ചിമഘട്ടം തകർത്ത് പരിസ്ഥിതിക്ക് ശക്തമായ ആഘാതം ഏൽപ്പിച്ചുകൊണ്ടാണ് സർക്കാരും, പദ്ധതി പ്രവർത്തകരും പറയുന്ന തീരശോഷണത്തിന്റെ കാരണം കാലാവസ്ഥ വ്യതിയാനമല്ലെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഈ കാലാവസ്ഥ വ്യതിയാനത്തിന്റെ അടിസ്ഥാനകാരണം പശ്ചിമഘട്ടത്തിന്റെ, വൻമലകളുടെ തകർച്ചയും, കടൽ നികത്തുമ്പോൾ ഉണ്ടാകുന്ന തിരതള്ളലും തീരശോഷണത്തിന് ആക്കം കൂട്ടുന്നു എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

അസംഘടിതരെന്നും വെറും വോട്ടുബാങ്കുകളാണെന്നും എഴുതിതള്ളിയ പരമ്പരാഗക മത്സ്യത്തൊഴിലാകളുടെ സംഘടനാപാടവവും കൂട്ടായ്മയും തങ്ങളുടെ കിടപ്പാടവും തൊഴിലും തൊഴിലിടങ്ങളും സംരക്ഷിക്കുവാൻ എന്ത് ത്യാഗം സഹിച്ചും പോരാടുവാൻ സന്നദ്ധരാണെന്ന വലിയ ബോധ്യത്തിലേക്ക് ഉണരുവാനും ഈ സമരം സഹായിച്ചു എന്നത് നിസ്തർക്കമായ വസ്തുതയാണ്. പ്രത്യേകിച്ച് ഏത് പാതിരാത്രിയിലും ഓടിയെത്താനുള്ള സന്നദ്ധതയും ജനകീയ സമരദിനങ്ങളിലും ജനപങ്കാളിത്തവും വിളിച്ചുപറയുന്നുണ്ട്.

VISL (Vizhinjam International Seaport Limited) ഉദ്യോഗസ്ഥർ ആരാണെന്നും അവർ ചെയ്യുന്നതെന്താണെന്നും പൊതുജനങ്ങളുടെ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് സമരത്തിന്റെ കരുത്തായി കാണുന്നു. VISL ഉദ്യോഗസ്ഥർ സർക്കാർ ശമ്പളം പറ്റി ജോലിചെയ്യുന്നത് പ്രദേശവാസികൾക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ മനസ്സിലാക്കി അനുഭാവപൂർവ്വം യാഥാർത്ഥ ബോധ്യത്തോടും സമയബന്ധിതവുമായി പരിഹരിക്കുവാനാണ്. എന്നാൽ അവർ സർക്കാർ ശമ്പളത്തെക്കാൾ കൂടുതൽ അദാനിയുടെ കിമ്പളം പറ്റി അദാനി കമ്പനിക്കു വേണ്ടി മാത്രം ജോലിചെയ്യുന്ന പിണിയാളന്മാരാണെന്ന യാഥാർത്ഥ്യം മത്സ്യത്തൊഴിലാളികൾക്ക് മനസ്സിലായി.

വികസനപദ്ധതിയുടെ മറവിൽ നടക്കുന്ന വൻ മണൽക്കൊള്ളയെ വെളിച്ചത്ത് കൊണ്ടുവരുവാൻ ഈ സമരം സഹായിച്ചു എന്നത് മറ്റൊരു കരുത്താണ്. സർക്കാരിന്റെ ഇരട്ടത്താപ്പ് നയം പൊതുസമൂഹത്തിന്റെ മുമ്പിൽ വെളിപ്പെടുത്താൻ കഴിഞ്ഞുവെന്നത് ഒരു സുപ്രധാന നേട്ടമാണ്. ജനകീയമായി തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ സർക്കാർ, വിശിഷ്യ തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കേണ്ട ഇടതുപക്ഷസർക്കാരിന്റെ ഇരട്ടത്താപ്പ് നയം സാധാരണക്കാർക്കുപോലും മനസ്സിലാക്കുന്ന രീതിയിലാണ് ഭരണകർത്താക്കളും ഉദ്യോഗസ്ഥരും ജനകീയ സമരത്തെ സമീപിച്ചത്. ചരിത്രത്തിൽ കേട്ടുകേൾവി ഇല്ലാത്ത രീതിയിൽ ഒരു ജനകീയ സമരത്തെ തകർക്കുവാൻ, അദാനിയുടെയും പാർട്ടിക്കാരുടെയും സഹായം പറ്റിക്കൊണ്ട് ജനകീയ സമരത്തിനെതിരെ പ്രതിസമരം നടത്തുവാൻ അനുവാദം നല്കിയതും സമരക്കാരുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചകളിൽ ഉടനീളം മന്ത്രിസഭ ഉപസമിതിയിലെ അംഗങ്ങൾ കൈക്കൊണ്ട ജനദ്രോഹപരമായ നിലപാടുകളും സർക്കാരിന്റെ ഇരട്ടത്താപ്പ് നയത്തിനു മകുടോദാഹരണങ്ങളയിരുന്നു. സമരത്തെ വർഗ്ഗീയ വല്ക്കരിക്കാൻ ഉത്തരവാദപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും കാട്ടിയ താല്പര്യവും വർഗ്ഗീയവാദികളോടുള്ള ഇടതുപക്ഷനേതാക്കളുടെ പക്ഷം ചേരലും ജനകീയ സമരത്തോടു കാണിച്ച ഇരട്ടത്താപ്പായിട്ടേ സാക്ഷരകേരളം വിലയിരുത്തുകയുള്ളൂ.

പൊതുജനങ്ങളിൽ നിന്നും വിശിഷ്യ തൊഴിലാളി വർഗ്ഗത്തിൽ നിന്നും സമരത്തിന് ലഭിച്ച പിന്തുണയും ഐക്യദാർഢ്യവും ഈ സമരത്തിന്റെ മറ്റൊരു നേട്ടമായിരുന്നു. സമരക്കാർ ഉയർത്തിക്കാട്ടിയ ആവശ്യങ്ങൾ ഒരു വിഭാഗത്തിന് മാത്രം പ്രയോജനപ്പെടുന്നവയല്ല മറിച്ച് കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഉപയുക്തമായിരുന്നു. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കാലാവസ്ഥ മുന്നറിയിപ്പ്



**അസംഘടിതരെന്നും വെറും വോട്ടുബാങ്കുകളാണെന്നും എഴുതിത്തള്ളിയ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംഘടനാപാടവവും കൂട്ടായ്മയും; തങ്ങളുടെ കിടപ്പാടവും തൊഴിലും തൊഴിലിടങ്ങളും സംരക്ഷിക്കുവാൻ ഏതറ്റം വരെയും പോരാടുവാൻ തങ്ങൾ സന്നദ്ധരാണെന്ന വലിയ ബോധ്യത്തിലേക്ക് ഉണരുവാൻ ഈ സമരം സഹായിച്ചു**



മൂലമുണ്ടായിരുന്ന തൊഴിൽ നഷ്ടങ്ങളിൽ മിനിമം വേതനം നല്കണമെന്ന ആവശ്യത്തോടുള്ള സർക്കാരിന്റെ അനുഭാവപൂർവ്വമുള്ള തീരുമാനം.

കേരളത്തിലെ അസംഘടിത തൊഴിലാളി സമൂഹങ്ങൾക്ക് വിഴിഞ്ഞത്ത് നടന്ന 140 ദിവസം നീണ്ടു നിന്ന മത്സ്യത്തൊഴിലാളികളുടെ അതിജീവന സമരം ഉത്തേജനവും ശക്തിയും പകരുന്നതായിരുന്നു.

## പരിമിതികളും വെല്ലുവിളികളും

വിഴിഞ്ഞത്ത് അരങ്ങേറിയ മത്സ്യത്തൊഴിലാളികളുടെ ജനകീയ സമരം ഏറെ വെല്ലുവിളികളും പരിമിതികളും നിറഞ്ഞതായിരുന്നു എന്നത് സമരാനുകൂലികൾക്ക് വലിയൊരു പാഠവും ഉൾക്കാഴ്ചയുമാണ്.

– വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തെ സംബന്ധിക്കുന്ന വ്യക്തമായ രൂപരേഖയുടെ അഭാവവും മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ നേർ ചിത്രത്തെക്കുറിച്ചുള്ള അജ്ഞതയും.

– മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പ്രത്യേകിച്ച് തിരുവനന്തപുരത്തെ പാരമ്പര്യ മത്സ്യത്തൊഴിലാളികളുടെ മേൽ രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന നീരാളി പിടിത്തവും ഭിന്നിപ്പിക്കൽ നയവും.

– സമുദായത്തിന്റെ ന്യായമായ ആവശ്യങ്ങളെക്കാളുപരി രാഷ്ട്രീയ പാർട്ടികളുടെ തെറ്റായ, ഏകപക്ഷീയമായ നയങ്ങൾക്ക് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നല്കുന്ന പ്രാധാന്യം.

– രാഷ്ട്രീയമായും തൊഴിൽപരമായും വിദ്യാഭ്യാസപരമായുമുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ഇപ്പോഴും തുടരുന്ന പിന്നോക്ക അവസ്ഥ.

– സാമ്പത്തിക അരക്ഷിതാവസ്ഥ സമരത്തിന്റെ വലിയൊരു പരിമിതിയും വെല്ലുവിളിയുമായിരുന്നു.

– മത്സ്യത്തൊഴിലാളികളുടെ അതിജീവന സമരത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി സമരത്തിന്റെ എതിർ കക്ഷികൾ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ലോകത്തിലെ വൻകിട കുത്തകമുതലാളിമാരിലൊന്നായ അദാനി കമ്പനിയാണ് എന്ന തായിരുന്നു. അസംഘടിതരും പിന്നോക്കാവസ്ഥയിൽ കഴിയുന്നവരുമായ മത്സ്യത്തൊഴിലാളികളുടെ ഈ അതികായന്മാർക്കെതിരെയുള്ള അതിജീവന സമരം 140 ദാവസം പിടിച്ചു നിന്നു എന്നത് ഒരു അത്ഭുതമായിട്ടേ കാണാനാവൂ.

– അതിജീവന സമരത്തിന്റെ പ്രചോദനവും ശക്തിസ്രോതസ്സുമായി തീരേണ്ടിയിരുന്ന വൈദീകരിൽ ചിലർക്കെങ്കിലും ഉണ്ടായിരുന്ന താല്പര്യക്കുറവും അനൈക്യവും സമരത്തിന്റെ വലിയൊരു വെല്ലുവിളിയായിരുന്നു.

– അതിജീവന സമരത്തിനു മുന്നിൽ രൂപപ്പെട്ട പ്രതിസമരവും അതിനു സർക്കാരും പോലീസ് ഉദ്യോഗസ്ഥരും മാധ്യമങ്ങളും നല്കിയ ഒത്താശയും ജനകീയ സമരത്തിന് വലിയൊരു വെല്ലുവിളിയായിരുന്നു.

– പ്രതിയോഗികൾ സമരത്തിനു ചാർത്തിയ മതപരമായ പരിവേഷവും വർഗ്ഗീയ വല്ക്കരണവും അതിജീവന സമരത്തിന്റെ മറ്റൊരു വെല്ലുവിളിയായിരുന്നു.

– സ്വീകാര്യതയും സംഘാടന ശേഷിയും അനുഭവസമ്പത്തുമുള്ള അല്മായ നേതൃത്വത്തിന്റെ അഭാവം ജനകീയ സമരത്തിന്റെ പരിമിതിയായി വിലയിരുത്തപ്പെടും.

– സമരത്തിന് നേതൃത്വം നല്കിയ ചുരുക്കം ചില വൈദീകരുടെയും അല്മായ നേതാക്കളുടെയും അപക്വമായ സംസാരവും വിഷയാവതരണങ്ങളും സമരത്തെ പ്രതികൂലമായി ബാധിച്ചു എന്നതിൽ തർക്കമില്ല. അത് സമരത്തിലുടനീളം ലഭിച്ച പൊതുജനസ്വീകാര്യതയ്ക്ക് മങ്ങലേല്പ്പിക്കുവാൻ കാരണമായി.

– കേരളത്തിലെ സാംസ്കാരിക നായകന്മാരുടെ നിസംഗതയും മൗനവും സമരത്തിന്റെ പരിമിതിയായി വിലയിരുത്താവുന്നതാണ്.

– സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഇച്ഛാശക്തിക്കുറവും നിസംഗതയും ഒപ്പം സർക്കാരിൽ സമ്മർദ്ദശക്തിയായി തീരുന്നതിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പരാജയവും സമരത്തിന്റെ പരിമിതിയായി വിലയിരുത്തപ്പെടുന്നു.

– സമരം അവസാനിപ്പിക്കേണ്ടി വന്ന

**കേരളത്തിലെ അസംഘടിത ഇതര തൊഴിലാളി സമൂഹങ്ങൾക്ക് വിഴിഞ്ഞത്ത് നടന്ന 140 ദിവസം നീണ്ടു നിന്ന മത്സ്യത്തൊഴിലാളിക ളുടെ അതിജീവന സമരം ഉത്തേജനവും ശക്തിയും പകരുന്നതായിരുന്നു.**

സാഹചര്യം സർക്കാരിന്റെയും അദാനി കുത്തക മുതലാളിയു ടെയും പോലീസ് ഉദ്യോഗസ്ഥരു ടെയും കൂട്ടായുള്ള മെനഞ്ഞെടുത്ത തിരക്കഥയും അത് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പോലീസ് സ്റ്റേഷൻ ആക്രമണ നാടകവും അതിനെ തുടർന്നെടുത്ത കള്ളക്കേസ്സും സമ രത്തിന്റെ പരിമിതിയായി കണക്കാ ക്കപ്പെടുന്നു.

- കള്ളക്കേസ്സുകളുടെ പിൻബല ത്തോടുകൂടി നടത്തിയ ഒത്തുതീർപ്പ് ചർച്ചയിൽ സർക്കാർ സ്വീകരിച്ച ധാർഷ്ട്യത്തിന്റെ മേല്ക്കോയ്മ യുടെ മനോഭാവവും ശൈലിയും പൊതുജനമധ്യേ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാരും ഉദ്യോഗസ്ഥന്മാരും കാണിക്കുന്ന അമാന്തവും താല്പര്യ ക്കുറവും അതിജീവന സമരത്തിന്റെ വെല്ലുവിളികളായി ഇന്നും നിലക്കൊ ള്ളുന്നു.

## സാധ്യതകൾ

അതിജീവന സമരത്തി ലൂടെ തുറന്നുകിട്ടിയ സാധ്യതക ളെയും ഇനിയും വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുവാൻ മത്സ്യ ത്തൊഴിലാളി സമൂഹം ശ്രദ്ധിക്കേ ണ്ടിയിരിക്കുന്നു. ഒപ്പം നിതാന്ത ജാഗ്രതയും അനിവാര്യമാകുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ യഥാർത്ഥ ചിത്രം സാധാരണ ജനങ്ങൾക്ക് പ്രത്യേ കിച്ച് പദ്ധതി പ്രദേശത്ത് വസി ക്കുന്നവർക്ക് നല്കണം. തങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നും അപകടമുണ്ടാകുമെന്നും ആശങ്ക പ്പെടുന്ന ജനങ്ങളുടെ സംശയം ദൂരീ കരിച്ചുകൊണ്ട് സുതാര്യമായി അത് അവതരിപ്പിക്കാൻ ശ്രദ്ധ പതിക്കണം. നാളിതേവരെ വിഴിഞ്ഞം അന്താ രാഷ്ട്ര തുറമുഖ നിർമ്മാണവും അശാസ്ത്രീയമായി നിർമ്മിച്ചിരി ക്കുന്ന മുതലപ്പൊഴിയിലൂടെയും ഉണ്ടായ നാശനഷ്ടങ്ങൾക്ക് അർഹ മായ നഷ്ടപരിഹാരവും വീടും സ്ഥലവും നഷ്ടപ്പെട്ട് മനുഷ്യോചി തമല്ലാത്ത അവസ്ഥയിൽ ഗോഡൗ ണിലും സ്കൂൾ വരാന്തകളിലും കഴിയുന്ന മത്സ്യത്തൊഴിലാളി കുടും ബങ്ങളെ അർഹമായ നഷ്ടപരി ഹാരം നല്കി പുനരധിവസിപ്പിക്കു വാനുള്ള സാധ്യതയും ഫലവത്താ കണം.

കപ്പൽ ചാലിനെക്കുറിച്ചുള്ള അവ്യക്തത അകറ്റി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി മൂലം എത്രമാത്രം മത്സ്യത്തൊഴിലാ ളികളുടെ തൊഴിലും ജീവിതവും പ്രതികൂലമായി ബാധിക്കും എന്ന് സത്യസന്ധമായി വിലയിരുത്തി അർഹമായ നഷ്ടപരിഹാരം ഉറപ്പു വരുത്തുവാൻ സാധിക്കണം. വികസ നത്തിന്റെ ഗുണഭോക്താക്കൾ കുത്തക മുതലാളിമാരും രാഷ്ട്രീയ നേതാക്കളും മാത്രമാകരുത്. വിക സനത്തിന്റെ പ്രഥമ ഗുണഭോക്താ ക്കൾ കഷ്ടത അനുഭവിക്കുന്ന അടി സ്ഥാന ജനവിഭാഗമാകണം. അരികുവല്ക്കരിക്കപ്പെട്ടവരെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുവാനുത കുന്നതാണ് യഥാർത്ഥ വികസന നയം. അതിനാൽ ഈ ജനകീയ അതിജീവന സമരത്തിലൂടെ ഉയർത്തിയ ആവശ്യങ്ങൾ വേഗം ജനോപകാരപ്രദമായ രീതിയിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരി ക്കണം. സമ്മർദ്ദ തന്ത്രങ്ങൾ ആവി ഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതും സമ രത്തിന്റെ സാധ്യതകളിലൊന്നാണ്.

## കരുത്തുകൾ (Continous)

നാളിതേവരെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ വുമായി നടത്തിയിട്ടുള്ള പഠനങ്ങൾ; സാധ്യതാപഠനങ്ങൾ, പരിസ്ഥിതി ആഘാത പഠനങ്ങൾ, പ്രദേശ വാസികൾക്കും മത്സ്യത്തൊഴിലാളി കൾക്കും ഉണ്ടാക്കാവുന്ന നഷ്ട ങ്ങൾ, നിർമ്മാണ ശേഷം മത്സ്യ ത്തൊഴിലാളികൾ ഉന്നയിച്ച ആശങ്ക കൾ - തീരശോഷണം, വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ അപകടാവസ്ഥ, മുതലപ്പൊഴിയുടെ അശാസ്ത്രീയ നിർമ്മാണവും അപ കടാവസ്ഥയും തുടങ്ങിയ വിഷയ ങ്ങൾ വിലയിരുത്തുവാൻ നടത്തിയ പഠനങ്ങൾ സുതാര്യമല്ല എന്നും അദാനി കമ്പനിക്കുവേണ്ടിയുള്ള സ്പോൺസേർഡ് പഠനങ്ങളാ ണെന്നും ഉള്ള യാഥാർത്ഥ്യം പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്നത് സമരത്തിന്റെ കരുത്തായി കരുതുന്നു. അല്മായ നേതൃത്വത്തി ന്റെയും സമുദായ സംഘടനകളു ടെയും - KLCA, KCYM, KLCWA, TMF, SHG തുടങ്ങിയവയുടെ ശാക്തീകരണവും വളർച്ചയും കരു ത്താണ്.

## ഉപസംഹാരം

മത്സ്യത്തൊഴിലാളികളുടെ അതിജീവന സമരം ഒരു വർഷം പിന്നിടുമ്പോൾ നടത്തപ്പെടുന്ന ഈ അപഗ്രഥനത്തിലൂടെ വിശകലനത്തി ലൂടെ കരുത്തുകളെ കൂടുതൽ ശക്തി പ്പെടുത്തി പരിമിതികളെ ഒഴിവാക്കി വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് സാധ്യതകളെ കർമ്മപദ്ധതിയായി ആവിഷ്ക്കരിച്ച് സമരത്തിലൂടെ ഉയർത്തിക്കാട്ടിയ ന്യായമായ ആവ ശ്യങ്ങളെ നേടിയെടുക്കുന്നതുവരെ നാം സംഘടിതമായി പോരാടേണ്ടിയി രിക്കുന്നു. നമുക്കെതിരെ എടുത്ത കള്ള കേസ്സുകളെ ഭയന്ന് നമ്മുടെ മനോവീര്യം കെടുത്തുവാനോ നമ്മെ നിശബ്ദരാക്കുവാനോ ദുഷ്ടശക്തി കളെ അനുവദിക്കാൻ പാടില്ല. അതി നായി അല്മായ - സമുദായ സംഘട നകളെ ശക്തിപ്പെടുത്തി വിഷയ ങ്ങളെ സത്യസന്ധമായി പഠിക്കു വാനും അപഗ്രഥിക്കുവാനുമുള്ള വൈഭവം സമുദായ അല്മായ നേതാ ക്കൾക്ക് നല്കേണ്ടിയിരിക്കുന്നു. അതി നായി അതിരൂപതാ തലത്തിൽ നാം ആരംഭിച്ചിരിക്കുന്ന സാമൂഹ്യ - രാഷ്ട്രീയ നേതൃത്വ പരിശീലനം ഗൗര വമായിക്കണ്ട് ഫലവത്തായി നടപ്പാ ക്കേണ്ടതുണ്ട്. ഭാവി തലമുറയെ കരു പ്പിടിപ്പിക്കുവാനായി നമുക്ക് - അല്മാ യർക്കും വൈദീകർക്കും വ്യക്തിതാ ല്പര്യങ്ങൾക്കും കക്ഷിരാഷ്ട്രീയ ത്തിനും അതീതമായി ഒത്തൊരുമ യോടും കൂട്ടുത്തരവാദിത്തത്തോടും കൂടി പ്രവർത്തിക്കുവാൻ കഴിയട്ടെ എന്നാശിക്കുന്നു. ■

## കാനൻ ലോ

**ഫാ. ജോസ് ജി.**
ജൂഡീഷ്യൽ വികാർ

# ദിവ്യബലി അർപ്പിക്കുമ്പോൾ ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വയ്ക്കാമോ?



ക്രൈസ്തവ കത്തോലിക്കാ കുടുംബങ്ങളിൽ നടക്കുന്ന ഫലപ്രദവും ശക്തവുമായ പ്രാർത്ഥനയാണ് ജപമാല. ക്രൈസ്തവ വിശ്വാസ സമൂഹത്തിന്റെ പ്രധാനപ്പെട്ട ഒരു നവീകരണ മാർഗ്ഗമാണ് കരിസ്മാറ്റിക് ധ്യാനം. ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ച് ജപമാല പ്രാർത്ഥിക്കുന്ന രീതി പല ദൈവാലയങ്ങളിലും തുടങ്ങിയപ്പോൾ അതിന് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ ദൈവശാസ്ത്രപരമായ വ്യാഖ്യാനവും അംഗീകാരവും നല്കിയിയിരുന്നു. സമീപകാലത്ത് ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ച് വചനപ്രഘോഷണം നടത്തുന്ന പ്രവണത പല ധ്യാനകേന്ദ്രങ്ങളിലും ദൈവാലയങ്ങളിലും കാണാറുണ്ട്. ദിവ്യകാരുണ്യ കേന്ദ്രീകൃത വചനപ്രഘോഷണമായി അതിനെ അവർ നിർവ്വചിക്കുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ, ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ച് ദിവ്യബലി അർപ്പിക്കുന്ന രീതി നല്ലതല്ലേ എന്ന് താത്പര്യപൂർവ്വം ചോദിക്കുന്ന ചിലരെങ്കിലും നമ്മുടെ കൂട്ടത്തിലുണ്ട്. ഈ വിഷയത്തിൽ സഭയ്ക്ക് ഒരു നിലപാടുണ്ടോ എന്നതാണ് ഇവിടെ പരിശോധിക്കുന്നത്.

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 942-944 ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവയ്ക്കുന്നതിന്റെ ലക്ഷ്യം, ആവശ്യകത, പാലിക്കേണ്ട മുൻകരുതൽ മുതലായവ വിവരിക്കുന്നു:

1. ദിവ്യകാരുണ്യരഹസ്യം കൂടുതൽ താത്പര്യത്തോടെ ധ്യാനിക്കുകയും ആരാധിക്കുകയും ചെയ്യുക.
2. ഉചിതമായത്ര സമയം നീണ്ടുനില്ക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
3. വിശ്വാസികളുടെ ഉചിതമായ പങ്കാളിത്തം മുൻകൂട്ടി കാണുക.
4. ദിവ്യകാരുണ്യ ആശീർവാദം നല്കാനുള്ള കാർമ്മികൻ പുരോഹിതനോ ഡീക്കനോ ആണ്.
5. പുരോഹിതന്റെയോ ഡീക്കന്റെയോ അഭാവത്തിൽ അക്കോളൈറ്റിനോ സഭ അനുവദിക്കുന്ന മറ്റൊരു വ്യക്തിയ്ക്കോ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവയ്ക്കാനും തിരികെ എടുത്തുവയ്ക്കാനും സാധിക്കും.
6. രൂപതാമെത്രാന്റെ തീരുമാനത്തിൽ, ചെയ്യാൻ സാധിക്കുന്നിടത്ത് പരിശുദ്ധ ദിവ്യകാരുണ്യ ആരാധനയുടെ പൊതുവായ സാക്ഷ്യം നല്കുന്നതിന്, പ്രത്യേകിച്ച് ദിവ്യകാരുണ്യത്തിരുനാളിൽ (Solemnity of Corpus Christi) പൊതുവീഥിയിലൂടെ പ്രദക്ഷിണം നടത്താനാകും.

ദിവ്യകാരുണ്യം യേശുക്രിസ്തുവിന്റെ ശരീരവും സാന്നിദ്ധ്യവും മാത്രമല്ല, യേശുതന്നെയാണ്. ദിവ്യകാരുണ്യം നമുക്കു ലഭിക്കുന്നതാകട്ടെ ദിവ്യബലിയിലൂടെയും. CIC 941 §2 പ്രകാരം, ദൈവാലയത്തിലോ ചാപ്പലിലോ ദിവ്യബലിയർപ്പിക്കുമ്പോൾ അതേഭാഗത്ത് പരിശുദ്ധ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവയ്ക്കാൻ പാടുള്ളതല്ല. ■

ലേഖനം



# ഏകീകൃത സിവിൽ കോഡ്: ഭൂരിപക്ഷമോ സമവായമോ അഭികാമ്യം ?



അഡ്വ. ഷെറി ജെ തോമസ്

രാജ്യത്ത് ഇരുപത്തി രണ്ടാമത് നിയമ കമ്മീഷൻ 2023 ജൂൺ 14 നു ഏകീകൃത സിവിൽകോഡ് സംബന്ധിച്ച് വിവിധ മത വിഭാഗങ്ങളിൽ നിന്ന് പൊതു അഭിപ്രായം ചോദിച്ചുകൊണ്ട് ഔദ്യോഗിക അറിയിപ്പ് നൽകിയത് ചർച്ചയായി. വിവരങ്ങൾ മറുപടിയായി അറിയിക്കാനുള്ളവർ 30 ദിവസത്തിനകം മറുപടി നൽകണം എന്ന് അറിയിച്ചുകൊണ്ടാണ് ജൂൺ 14-നാണ് പൊതു നോട്ടീസ് ഇറക്കിയിത്. ഇരുപത്തി ഒന്നാമത് നിയമ കമ്മിഷൻ ഇത് സംബന്ധിച്ച് തീരുമാനം എടുത്തിരുന്നതും, വിശദമായ പഠനം നടത്തി 2018 ഓഗസ്റ്റ് മാസത്തിൽ കൂടിയാലോചന പത്രിക പുറത്തിറക്കിയിരുന്നതുമാണ്. വീണ്ടും ഇത്തരത്തിൽ ഒരു കമ്മീഷനെ നിയമിക്കാൻ കാരണമായി പൊതു നോട്ടീസിൽ പറഞ്ഞിരിക്കുന്നത് അത്തരത്തിലുള്ള കൂടിയാലോചനാപത്രികയിൽ നിരവധി പ്രതികരണങ്ങൾ ലഭിച്ചു എന്നും ആ പത്രിക സമർപ്പിച്ച് 3 വർഷ കാലാവധി കഴിഞ്ഞുപോയെന്നും വിഷയത്തിൽ കോടതി വിധികൾ ഉണ്ട് എന്നും അതുകൊണ്ടുതന്നെ ഈ വിഷയം പുനഃ പരിശോധിക്കേണ്ടതുണ്ടെന്നും ചൂണ്ടിക്കാണിച്ചു കൊണ്ടാണ് പുതിയ നോട്ടിസ് ഇറക്കിയിട്ടുള്ളത്.

### 2018 ലെ കൂടിയാലോചനാപത്രിക:

ഇരുപത്തി ഒന്നാമത് നിയമ കമ്മിഷൻ പഠനത്തെ തുടർന്ന് 182 പേജ് വരു

ന്ന കൂടിയാലോചന പത്രിക 2018 ഓഗസ്റ്റ് 31 നു പുറത്തിറക്കിയിരുന്നു. ആ പത്രിക പ്രകാരം വിവിധ വ്യക്തി നിയമങ്ങളിൽ തുല്യത വരുത്തുന്നതിനും അവ നീതീകരിക്കുന്നതിനും വേണ്ടി ഭേദഗതികൾ വരുത്തുന്ന കാര്യങ്ങൾ ഓരോ നിയമത്തിന്റെയും അടിസ്ഥാനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതേസമയം രാജ്യത്ത് ഏകീകൃത സിവിൽകോഡ് വരേണ്ട അത്യാവശ്യമില്ല എന്നും അത് ഈ സാഹചര്യത്തിൽ ആഗ്രഹിക്കാവുന്നതുമല്ല എന്നുമാണ് 2018 ലെ റിപ്പോർട്ടിൽ ഇരുപത്തൊന്നാമത് നിയമ കമ്മിഷൻ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത്.

## തുടർ ചർച്ചകളിൽ പ്രതിഫലിക്കുന്ന വിഷയങ്ങൾ

രാജ്യത്ത് വ്യക്തി നിയമങ്ങൾ ഭരണഘടനയുടെ ആർട്ടിക്കിൾ 13 എന്ന ഗണത്തിൽ വരുന്നതാണോ അഥവാ അവ ആർട്ടിക്കിൾ 25 മുതൽ 28 വരെയുള്ള മത സ്വാതന്ത്ര്യത്തിൽ സംരക്ഷിക്കപ്പെടുന്നതാണോ എന്നത് 2018 ലെ നിയമ കാര്യ കമ്മിഷൻ മുമ്പാകെ ഉയർന്നു വന്ന പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. വിവിധ മതങ്ങളുടെ വ്യക്തി നിയമങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള പല നിയമ വ്യവസ്ഥകളും വിവേചനങ്ങൾ ഉൾപ്പെടുന്നതാണ് എന്നതിൽ തർക്കമില്ല. അത്തരത്തിലുള്ള വിവേചനങ്ങൾ ഇല്ലാതാക്കുന്നതിന് വിവിധ തരത്തിലുള്ള ഭേദഗതികൾ നിലവിലുള്ള വ്യക്തി നിയമങ്ങളിൽ 2018 ലെ നിയമ കമ്മീഷൻ നൽകിയിട്ടുണ്ട്. പല ഭേദഗതികളും നടപ്പിലാവുകയും ചെയ്തിട്ടുണ്ട്. കോടതി വിധികളിലൂടെയും അത്തരത്തിലുള്ള വിവേചനങ്ങൾ ഒഴിവായതായും പല കോടതിവിധികളും പരിശോധിച്ചാലും കാണാനാകും. വൈവിധ്യങ്ങൾ നിറഞ്ഞ ഒരു രാജ്യത്ത് വൈവിധ്യങ്ങളോട് കൂടിയ വ്യക്തിഗത നിയമങ്ങൾ നിലനിൽക്കെ തന്നെ മൗലീക അവകാശങ്ങളെ ഹനിക്കുന്ന തരത്തിലുള്ളവായൊന്നും ഉണ്ടാകരുത് എന്നത് ഉൾപ്പെടെ ഉള്ള ചർച്ചകളും 2018 ലെ കമ്മീഷൻ പത്രികയിൽ ഉണ്ട്. 1952 ലെ ബോംബേയ് ഹൈക്കോടതിയുടെ വിധി ഉൾപ്പെടെ ആദ്യ ഘട്ടത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഭരണഘടന പറയുന്ന മൗലീക അവകാശമായ തുല്യത (ആർട്ടിക്കിൾ 14) അത് വ്യത്യസ്ത വ്യക്തി നിയമങ്ങളെ പ്രത്യേകമായി എടുത്ത് പരിഗണിച്ച് മുഴുവൻ വ്യക്തികൾക്കും ഇടയിൽ ഒരേപോലെ തുല്യത വരുത്തുന്നതിന് പകരം അതാത് വ്യക്തി നിയമങ്ങൾക്കുള്ളിൽ തന്നെ സ്ത്രീയു പുരുഷനും തമ്മിൽ തുല്യത ഉണ്ട് എന്ന് ഉറപ്പാക്കുകയാണ് വേണ്ടത. സതി എന്ന വ്യവസ്ഥ, അടിമത്വ വ്യവസ്ഥ, ദേവദാസി സമ്പ്രദായം, സ്ത്രീധനം, മൂന്ന് തലാക്ക് ചൊല്ലി മൊഴി ചൊല്ലൽ, ശൈശവ വിവാഹം, എന്നിങ്ങനെ നിരവധി ആചാരങ്ങൾ വിവിധ മതങ്ങളിൽ ഉണ്ടായിരുന്നത് രാജ്യത്തെ നിയമ പ്രകാരം തന്നെ നിരോധിക്കപ്പെട്ടിട്ടുള്ളവയാണ്. അത്തരം നിരോധനങ്ങൾ വന്നത് ഏകീകൃത സിവിൽകോഡ് ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അതുവരെ കാത്തിരുന്നത്കൊണ്ടല്ല പകരം ഈ നിയമങ്ങളെല്ലാം വ്യക്തി സ്വാതന്ത്ര്യത്തിനും തുല്യതയ്ക്കും എതിരാണ് എന്ന വിവിധ കോടതികളുടെ കണ്ടെത്തലിനെ തുടർന്നാണ്. അതെ സമയം മതപരമായ സ്വാതന്ത്ര്യം ഇഷ്ടമുള്ള മതം അനുസരിച്ച് ജീവിക്കാനും അതിന്റെ ആചാരങ്ങൾ അനുഷ്ഠിക്കാനും അത് പ്രചരിപ്പിക്കാനുമുള്ള മൗലീകാവകാവശ്യമായ കാര്യങ്ങളെയും കൂടിചേർക്കന്നതാണ് ഒരു പക്ഷെ പുതിയ ഒരു ഏകീകൃത സിവില്കോഡ്, ഇപ്പോൾ അത്യാവശ്യമില്ലെന്നും അത്തരം ഒരു സാഹചര്യം നിലവിലില്ല എന്നും 2018 ൽ പുറത്തിറക്കിയ നിയമ കമ്മീഷന്റെ കൂടിയാലോചന പത്രികയിൽ ഉള്ളത്.

2016 നവംബർ മാസത്തിൽ നിയമ കമ്മീഷൻ അഭിപ്രായങ്ങൾ ചോദിച്ചുകൊണ്ട് ഒരു ചോദ്യാവലി അയച്ചതിൽ 75,378 മറുപടികൾ ലഭിച്ചു. ഇതിനോടകം തന്നെ നിരവധി കേസുകളും കമ്മിഷൻ ചർച്ച ചെയ്തിട്ടുണ്ട്. ഷാബാനോ ബീഗം കേസിൽ സുപ്രീം കോടതി പറഞ്ഞത് ആർട്ടിക്കിൾ 44- ഏകീകൃത സിവിൽകോഡ് ഉണ്ടാകണം എന്നത് ജീവനില്ലാത്ത വരികളായി ഭരണഘടനയിൽ നിലനിൽക്കുന്നു എന്നും ഏകീകൃത സിവിൽകോഡ് ദേശീയ ഐക്യത്തിന് സാഹചര്യമൊരുക്കുമെന്നും വരികൾ 85 ൽ തന്നെ ഷാബാനോ ബീഗം കേസിൽ ഉണ്ടായിരുന്നു. പലകോടതി വിധികളും ഇതുസംബന്ധിച്ചു പിന്നീടും ഉണ്ടായിട്ടുണ്ട്. ഒടുവിൽ ഷായാരാ ഭാനു VS യൂണിയൻ ഓഫ് ഇന്ത്യ (2017) കേസിൽ 3 തലാഖ് ചൊല്ലി മൊഴി ചൊല്ലുന്ന നടപടി തന്നെ തെറ്റാണെന്നും നിയമ വിരുദ്ധമാണെന്നും ഉള്ള രീതിയിൽ സുപ്രീം കോടതി വിധി പ്രസ്താവിച്ചു. ഇതിനിടയിൽ ടി എം എ പൈ കേസിൽ (1994) സുപ്രീം കോടതിയിലെ തന്നെ ഫുൾ ബെഞ്ച് പറഞ്ഞിരിക്കുന്നത് മതേതരത്വത്തിന്റെ അന്തസത്തയെന്നത് വിവിധ മനുഷ്യരുടെ വിവിധങ്ങളായ ആചാരങ്ങളും ഭാഷകളും വിശ്വാസങ്ങളും നിലനിർത്തി അവയെ ഒരുമിച്ച് കൊണ്ടുപോവുന്നതിലാണ് എന്നതാണ്. UNITED NATION NEED NOT NECESSARILY HAVE UNIFORMITY ദേശീയ അഖണ്ഡതയ്ക്കു എല്ലാം ഒരുപോലെ തന്നെ ആകണം എന്ന് നിർബന്ധമില്ല എന്ന തത്വവും ഇവിടെ പ്രസക്തമാണ്. ഇത് സംബന്ധിച്ചു അംബേദ്കറുടെ അഭിപ്രായങ്ങൾ ഭരണഘടന രൂപീകരണ അസംബ്ലിയിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രധാനപ്പെട്ടതാണ്. ഭാവിയിൽ ഇൻഡ്യയിൽ ഒരു പക്ഷെ ഏകീകൃത സിവിൽകോഡ് വന്നേക്കാം. പക്ഷെ അത് നിർബന്ധമായും ഒരേമനസ്സോടുകൂടി ആയി വരുന്നതാകണം, അതല്ലാതെ അടിച്ചേൽപിക്കപ്പെടുന്നതാകരുത്. പുതിയ ഏകീകൃത നിയമം വരുമ്പോൾ ആളുകളിൽ ഭയം ജനിപ്പിക്കുന്ന തരത്തിൽ ആകരുത്. 1937 നു മുമ്പ് വിവിധ മുസ്ലിം മത വിഭാഗങ്ങൾ അവരുടെ മതപരമായ കാര്യങ്ങൾ നിയന്ത്രിച്ചുപോന്നിരുന്നത് ഹിന്ദു നിയമ പ്രകാരമാണ്. മരുമക്കത്തായംപോലും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഉണ്ടായിരുന്നു. എന്തിന്റെ അടിസ്ഥാനത്തിൽ ആണെങ്കിലും ഇത്തരത്തിലുള്ള ഏകീകൃത നിയമ സംവിധാനങ്ങൾ നിർബന്ധമായി അടിച്ചേൽപ്പിക്കരുത്. അതുകൊണ്ടാണ് ആർട്ടിക്കിൾ 44 എന്നത് നിർദേശതത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അതെ സമയം മൗലികാവകാശങ്ങ

ളിൽ ഉൾപ്പെടുത്താതിരുന്നതും എന്ന താണ് അംബേദ്കറുടെ ഭാഷ്യം. ഇത്തരം വിശദമായ പല ചർച്ചകളുടെയും അടിസ്ഥാനത്തിൽ കമ്മീഷൻ നിരവധി ഭേദഗതികൾ നിലവിലുള്ള വ്യക്തി നിയമങ്ങളിൽ ശുപാർശ ചെയ്യുകയാണ് 2018 ലെ നിയമ കമ്മീഷൻ ചെയ്തത്.

## ഏകീകൃത സിവിൽകോഡും വ്യക്തി നിയമങ്ങളും

വിവാഹം സംബന്ധിച്ച നിയമ വ്യവസ്ഥകളിൽ കുറ്റകരമായി വരുന്ന ഒരു കാര്യമാണ് വ്യഭിചാരം (adultery). ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പു 497 പ്രകാരം വ്യഭിചാരം കുറ്റകരമായ ഒരു പ്രവൃത്തിയാണ്. അതേസമയം പുരുഷന് മാത്രമാണ് ഈ കേസിൽ പ്രതിയായി ചേർക്കപ്പെടുന്നത് അതില് ഉൾപ്പെടുന്ന സ്ത്രീ കുറ്റവാളി ആകുന്നില്ല. ജമ്മുകാശ്മീർ പോലുള്ള സ്ഥലങ്ങളിൽ കുറ്റകൃത്യത്തിൽ ഉൾപ്പെടുന്ന ജാരനോടൊപ്പം ഭാര്യയും പ്രതിയാകുന്നു. വ്യഭിചാരം എന്നത് വിവാഹ മോചനത്തിനുള്ള ഒരു കാരണം കൂടിയായി പല വ്യക്തി നിയമനങ്ങളിലും കാണാം. ക്രിസ്ത്യൻ നിയമത്തിൽ 2001 ൽ വ്യഭിജാരം എന്നത് വിവാഹ മോചനത്തിനുള്ള ഒരു കാരണമായി കൂട്ടിച്ചേർത്തിട്ടുണ്ട്. അതേസമയം മുഹമ്മദൻ നിയമപ്രകാരം മോശം സ്വഭാവമുള്ളൊരു സ്ത്രീയുമായോ അതല്ലെങ്കിൽ വേശ്യാവൃത്തിയിൽ ജീവിക്കുന്ന സ്ത്രീയുമായോ വ്യഭിചാരത്തിൽ ഏർപ്പെടുന്നത് വിവാഹ മോചനത്തിനുള്ള കാരണമല്ല. ഇത്തരം വെത്യസ്തതകളിലെല്ലാം ഏകീകൃത സിവിൽകോഡ് വരുമ്പോൾ മാറ്റങ്ങൾ വരും. കൃത്യമായിട്ട് പറഞ്ഞാൽ 2001 ൽ Indian divorce നിയമം 1869 ലെ ഭേദഗതിവരെയും ഭർത്താവിൽ നിന്നും വിവാഹ മോചനം ആവശ്യപ്പെടുന്ന ഒരു സ്ത്രീക്ക് വ്യഭിചാരത്തോടൊപ്പം ക്രൂരത കൂടി വിവാഹമോചനത്തിനുള്ള ഒരു കാരണമായി ചേർക്കണമായിരുന്നു. അതേസമയം 2001 ൽ ഈ നിയമത്തിൽ ഭേദഗതി വരികയും പുരുഷനും സ്ത്രീക്കും ഒരേപോലെ വിവാഹമോചനത്തിന് വ്യഭിചാരം എന്നത് ഒരു കാരണമായി കാണിക്കാവുന്ന തരത്തിൽ നിയമ ഭേദഗതി വന്നു. വ്യഭിചാരത്തിന്റെ നിയമ വ്യാഖ്യാനത്തിൽ സ്ത്രീയെ പുരുഷനിൽ നിന്നു സാമാന രീതിയിൽ കണക്കാക്കാത്തതുകൊണ്ടും സ്ത്രീയുടെ സമ്മതമുൾപ്പെടെയുള്ള കാര്യങ്ങൾ അതിനു മറ്റ് മാനങ്ങൾ നൽകുന്നത് കൊണ്ടും IPC 497 വകുപ്പ് വ്യഭിചാരം നിയമപരമായി ക്രിമിനൽ കുറ്റമല്ല എന്ന് ജോസഫ് ഷൈൻ എന്ന കേസിൽ സുപ്രീംകോടതിയുടെ ബെഞ്ച് 2017 ൽ വിധിച്ചു. സുപ്രീംകോടതിയുടെ 5 അംഗ ബെഞ്ച് 497 വകുപ്പ് ക്രിമിനൽ കുറ്റമല്ല എന്ന് സൂചിപ്പിച്ചുകൊണ്ട് പറഞ്ഞത് ആ നിയമം സ്വേച്ഛാധിപത്യവും സ്ത്രീകളുടെ സ്വതന്ത്ര അവകാശത്തിന്മേലും വ്യക്തി സ്വാതന്ത്ര്യത്തിന്മേലും സ്വകാര്യതയിന്മേലും കടന്നുകയറ്റം എന്ന് പറഞ്ഞുകൊണ്ടാണ്.

## വിവാഹങ്ങളുടെ നിർബന്ധിത രജിസ്ട്രേഷൻ

21-ാമത് നിയമ കമ്മിഷൻ റിപ്പോർട്ട് പ്രകാരം വിവാഹങ്ങളുടെ നിർബന്ധിത രജിസ്ട്രേഷൻ ഇന്ത്യയിൽ നടപ്പാകുന്ന സാഹചര്യം സൂചിപ്പിക്കുന്നുണ്ട്. 2006 ൽ സീമ V/S അശ്വിനികുമാർ എന്ന കേസിൽ സുപ്രീംകോടതി നിർദേശം ഇതിനെ തുടർന്നുണ്ട്. കേരളത്തിൽ 2008 ൽ വിവാഹ റജിസ്ട്രേഷൻ ചട്ടങ്ങൾ വന്നതും ഇതിന്റെ ഭാഗമായിട്ടാണ്. ചുരുക്കത്തിൽ ഇപ്പോൾ വിവാഹങ്ങൾ വ്യക്തിനിയമപ്രകാരം നടന്നാലും തദ്ദേശ ഭരണ കൂടങ്ങളിൽ റജിസ്ടർ ചെയ്യപ്പെടുന്നത്കൊണ്ട് അതിനു അത്തരത്തിലുള്ള സർക്കാർ സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകുന്നു. അത്തരത്തിലുള്ള റജിസ്ട്രേഷൻ വിവാഹത്തിന്റെ സാധ്യതയ്ക്കുള്ള തെളിവല്ലെങ്കിലും വിവാഹത്തിന്റെ നടപടികൾ നടന്നു എന്നുള്ളതിന്റെ തെളിവായിട്ടാണ് കണക്കാക്കപ്പെടുന്നത്.

## വിവാഹത്തിനുള്ള പ്രായം

വിവാഹത്തിനുള്ള പ്രായം സ്ത്രീക്കും പുരുഷനും ഏകീകരിച്ച് 18 ആക്കണം എന്ന ആവശ്യം നിലവിലുള്ള കാലമാണിത്. അതേസമയം പൊതുവിൽ 18-21 എന്നതും അംഗീകരിക്കപ്പെട്ട രീതിയിൽ നിൽക്കുന്നു. 18 വയസ്സിനു താഴെയുള്ള പെൺകുട്ടികളുമായി വിവാഹം നടന്നാൽ ഭാര്യ ആണെങ്കിൽ പോലും അത് കുറ്റകരമായി മാറന്നു. ഹിന്ദു വിവാഹ പ്രകാരം 16 നും 18 നും ഇടയ്ക്ക് ഉള്ള വിവാഹങ്ങൾ വേണമെങ്കിൽ അസാധുആക്കാവുന്ന തരത്തിലാണ് ഉള്ളത്. അതുപോലെതന്നെ ബലാൽസംഗ കുറ്റത്തിൽ IPC വകുപ്പ് 375 ൽ രണ്ടാമത്തെ exemption ഭർത്താവാണ് ബന്ധത്തിൽ ഏർപ്പെടുന്നതെങ്കിൽ 15 നും 18 വയസിനും ഇടയിലുള്ള പെൺകുട്ടികൾ ആണെങ്കിൽ പ്രതിക്ക് കുറ്റകൃത്യത്തിൽ നിന്നും ഒഴിവുണ്ട്. മുസ്ലിം വിവാഹപ്രകാരം 16 വയസ്സ് പ്രായപൂർത്തി ആയികഴിഞ്ഞാൽ വിവാഹം കഴിക്കുന്ന രീതിയിലേക്കും വരുന്നു.

## വിവാഹ മോചനത്തിനുള്ള കാരണങ്ങൾ

ഹിന്ദു വിവാഹ നിയമത്തിലെ 13-ാം വകുപ്പ് പ്രകാരമുള്ള ഉഭയകക്ഷി സമ്മതപ്രകാരമുള്ള ഹർജികളുടെ കാത്തിരിപ്പു സമയം സംബന്ധിച്ചും വ്യത്യസ്തതകളുണ്ട്. ഹിന്ദു വിവാഹത്തിന് അത് ഒരു വർഷമായിരുന്നത് ഇന്ത്യൻ ക്രിസ്ത്യൻ വിവാഹ നിയമപ്രകാരം 2 വർഷമായിരുന്നു. പിന്നീട് കോടതികൾ ഇടപെട്ടു അത് സമാനമാക്കുകയായിരുന്നു. അതോടൊപ്പം തന്നെ അംഗപരിമിതരുടെ വിവാഹം സംബന്ധിച്ച് അവരുടെ അവകാശങ്ങളും ചർച്ച ചെയ്യപ്പെടേണ്ട കാര്യങ്ങളാണ്. വിവാഹ മോചനത്തിനുള്ള കാരണമായി കുഷ്ഠരോഗം സൂചിപ്പിച്ചിരുന്നതും മാറ്റപ്പെടേണ്ടതാണ്. ചികിത്സിച്ചു ഭേദമാകാത്ത തരത്തിലുള്ള ഒരു അസുഖമായിട്ട് ഇന്ന് അതിനെ കണക്കാക്കാനാകില്ല എന്നതുതന്നെ കാരണം. അതിനൊപ്പംതന്നെ ഒരുമിച്ച് താമസിക്കുന്ന ആളുകളെ വിവാഹം കഴിച്ചു എന്ന ഒരു അനുമാനം സംബന്ധിച്ചും ചർച്ചകൾ ഉണ്ട്.

ക്രിസ്ത്യൻ നിയമ ഭേദഗതി സംബന്ധിച്ച് പതിനഞ്ചാമത് നിയമ കാര്യ കമ്മിഷൻ 1960 ൽ റിപ്പോർട്ട് ചെയതുവെങ്കിലും കത്തോലിക്കാ സഭയുടെ ഭാഗത്തുനിന്നുള്ള എതിർപ്പിനെ തുടർന്ന് അത് പ്രാവർത്തികമായിരുന്നില്ല. അതേസമയം 2001 ൽ മുമ്പ് പറഞ്ഞതുപോലെ ഭേദഗതി കൊണ്ടുവരികയും ഭാര്യയ്ക്കും ഭർത്താവിനും വിവാഹ മോചനത്തിന് ഒരേ


കാരണങ്ങൾ ഉന്നയിക്കാവുന്ന തരത്തിൽ ആവുകയും ചെയ്തു. വിവാഹം കഴിഞ്ഞ് 2 വർഷം വിവാഹമോചനത്തിനായി കാത്തിരിക്കണം എന്നുള്ളതുംമറ്റും മതനിയമങ്ങളുമായി ബന്ധപ്പെടുത്തി വ്യത്യാസം ഉള്ളതാണ്. അതേസമയം ക്രിസ്ത്യൻ വിവാഹമോചന നിയമങ്ങളിൽ വിവാഹമോചനം എന്ന പദം ഉപയോഗിക്കുന്നതിനു പകരം ബന്ധം വേർപിരിയൽ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. കാനോൻ നിയമപ്രകാരവും ബൈബിൾ സംഹിതികൾ പ്രകാരവും ദൈവം യോജിപ്പിച്ചത് മനുഷ്യന് പിരിക്കാനാവില്ല എന്നതുകൊണ്ടാണ് വിവാഹമോജനം എന്നാ പദം ഉപയോഗിക്കാത്തത് എന്നും കണക്കാക്കണം.

## കുട്ടികളുടെ കസ്റ്റഡി

കുട്ടികളുടെ കസ്റ്റഡി സംബന്ധിച്ച് നിലവിൽ ക്രൈസ്തവർക്ക് ബാധകമായ തത്വം കുട്ടിയുടെ ക്ഷേമത്തിന് ഏറ്റവും പ്രയോജനമായത് (best interest of child) എന്നുള്ള രീതിയിലാണ്. നിയമപരമായ അവകാശങ്ങളെ കുട്ടിയുടെ ക്ഷേമം മുൻനിർത്തിയുള്ള കാര്യങ്ങൾക്കു കൂടുതൽ പരിഗണന ലഭിക്കും. ഇക്കാര്യങ്ങൾ സുപ്രീം കോടതി 1980 മുതൽ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതോടൊപ്പം കുട്ടിയുടെ ഇഷ്ടം കൂടി കണക്കിലെടുക്കണം എന്നും കോടതിവിധികളിലൂടെ വ്യവസ്ഥാപിതമായിട്ടുള്ളതാണ്.

## ദത്തെടുക്കൽ

ദത്തെടുക്കൽ സംബന്ധിച്ച് മുസ്ലിം, ക്രിസ്ത്യൻ, പാർസി, ജൈനർ എന്നിവർക്ക് അവരുടെ വ്യക്തി നിയമം ദത്തെടുക്കലിനെ അനുവദിക്കുന്നില്ല. അതേസമയം അങ്ങനെയുള്ളവർ ഇപ്പോൾ ദത്തെടുക്കുന്നത് guardian and ward നിയമം 1880 ലെ വ്യവസ്ഥകൾ പ്രകാരമാണ്. അത്തരത്തിൽ കുട്ടിയെ guardian എന്നുള്ള രീതിയിൽ പരിഗണനയ്ക്കെടുക്കുമ്പോൾ ആ കുട്ടിക്ക് സ്വന്തം രക്തത്തിൽ പിറന്ന കുട്ടികളുടെ എല്ലാ അവകാശങ്ങളും കിട്ടുന്നില്ല. അതേസമയം 21 വയസ്സാകുന്നതോടുകൂടി ആ നിയമപ്രകാരം ദത്തെടുക്കപ്പെട്ട കുട്ടിയുടെ വാർഡ് 'ward' എന്ന പദവിയും ഇല്ലാതാകുന്നു. പിന്നീട് ജുവനൈൽ ജസ്റ്റിസ് നിയമം വന്നതോടുകൂടി കുട്ടിക്ക് പിന്തുടർച്ചാവകാശം ലഭിക്കുന്നതരാത്തിലുള്ള ആനുകൂല്യങ്ങൾ വന്നു. പുരുഷനായിട്ടുള്ള ഗാഡിയന് വിൽപത്രത്തിലൂടെ കുട്ടിക്ക് സ്വത്തുക്കൾ നൽകാം. അതേസമയം രക്തബന്ധതിലുള്ള മറ്റൊരു ബന്ധുവിന് അതിനെ ചോദ്യം ചെയ്യാം എന്നുള്ളതും തടസമായി നിന്നിരുന്നു. ക്രിസ്ത്യൻ നിയമത്തെ സംബന്ധിച്ചിടത്തോളം ദത്തെടുക്കലിന് പ്രത്യേകമായിട്ട് നിയമമില്ല. മുമ്പ് പറഞ്ഞത്പോലെ guardian and ward നിയമപ്രകാരമാണ് ക്രിസ്ത്യൻ വിവാഹത്തിൽ ദത്തെടുക്കൽ നടക്കുന്നത്. 1995 ൽ Kristian adoption and maintenance bill തയ്യാറാക്കി ഭാരത കത്തോലിക്കാസഭ അതിനെ പിന്തുണച്ചു എങ്കിലും അത് പ്രാവർത്തികമായില്ല. പിന്നീട് ദത്തെടുക്കലുമായി ബന്ധപ്പെട്ടു 2017 ൽ വന്ന ജുവനൈൽ ജസ്റ്റിസ് നിയമത്തോടനുബന്ധിച്ചുള്ള നിയന്ത്രണങ്ങളിൽ ചുരുങ്ങിയ പ്രായവെത്യാസം 25 വയസ്സായി നിജപ്പെടുത്തി. ജുവനൈൽ ജസ്റ്റിസ് നിയമത്തിലെ നിർവചനങ്ങൾ പ്രകാരം ദത്തെടുക്കപ്പെട്ട കുട്ടിയും സ്വന്തം രക്തത്തിൽ പിറന്ന കുട്ടിയും ഒരേ അവകാശങ്ങൾ ഉള്ളവർ തന്നെയാണ്.





## പിന്തുടർച്ചാവകാശം

ഇന്ത്യൻ പിന്തുടർച്ചാവകാശനിയമം 1925 ആണ് ക്രിസ്താനികൾക്ക് നിലവിൽ പൊതുവായി ഉപയോഗിക്കുന്ന പിന്തുടർച്ചാവകാശ നിയമം. അതിനു മുമ്പ് തിരുവിതാങ്കൂർ കൊച്ചിൻ പിന്തുടർച്ചാവകാശ നിയമം 1916 ലെയും കൊച്ചിൻ ക്രിസ്ത്യൻ പിന്തുടർച്ചാവകാശ നിയമം 1921 ലെയും നിയമങ്ങളായിരുന്നു പന്തുടർന്നരുന്നത്. ഇന്ത്യൻ പിന്തുടർച്ചാവകാശനിയമം 1925 പേരൽ സെക്യൂലർ ആണെങ്കിലും അതെല്ലാവർക്കും ബാധകമാിരന്നില്ല. അത് ഹിന്ദു, മുസ്ലിം ഒഴികെയുള്ളവർക്കു മാത്രമാണ് ബാധകം.

ക്രിസ്ത്യൻ നിയമപ്രകാരം സ്വത്തൽ 1 ൽ 3 വിധവയ്ക്ക് പോകുന്നു, ബാക്കിയുള്ളത് കുട്ടികൾക്ക് പോകുന്നു എന്നുള്ളതും ഒരു കുട്ടി മാത്രമുള്ളപ്പോൾ തർക്കങ്ങൾ ഉണ്ടാക്കിയിരുന്നു. അതോടൊപ്പംതന്നെ മക്കളില്ലെങ്കിൽ അച്ഛനാണ് അതിന്റെ അവകാശിയായിട്ടു വരിക എന്നുള്ളത് 2 പേർക്കും അവകാശം വരുന്ന രീതിയിലും ആക്കണമെന്ന് നിർദ്ദേശങ്ങളുണ്ട്. ഇന്ത്യൻ സക്സഷൻ നിയമത്തിലെ വകുപ്പു 47 ലെയും 48 ലെയും വിതരണത്തെ സംബന്ധിച്ചും തർക്കങ്ങൾ ഉണ്ട്. Percapitta വിതരണ രീതിയും PerStripes വിതരണ രീതിയും 2 രീതിയിൽ പറയുകയും Percapitta വിതരണ രീതിയാണ് അനുയോജ്യം എന്നാണ് പൊതുവിലുള്ള നിഗമനം. അതോടൊപ്പം തന്നെ വിവാഹം കഴിക്കാതെ ഉണ്ടായ കുട്ടിക്ക് പിന്തുടർച്ചാവകാശം ഇല്ല എന്നുള്ളതും പിന്നീട് കോടതി വിധി മുഖേന മാറ്റം വന്നിട്ടുള്ളതുമാണ്. ■

ചരിത്രപഥം



# ദൈവദാസൻ അലോഷ്യസ് മരിയ ബെൻസിഗർ

അവിഭക്ത കൊല്ലം രൂപതയുടെ മെത്രാനായിരുന്ന ദൈവദാസൻ ആർച്ച്ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗർ മെത്രാപ്പൊലീത്തയുടെ 81-ാം ചരമ വാർഷികമാണ് 2023 ആഗസ്റ്റ് മാസം 17-ാം തീയതി. കൊല്ലം രൂപതയെ മുപ്പത്തിയൊന്നുവർഷക്കാലം നയിക്കുകയും നമ്മുടെ രൂപതയുടെയും കോട്ടാർ രൂപതയുടെയും സംസ്ഥാപനത്തിന് നെടുനായകത്വം വഹിക്കുകയും ചെയ്ത ഈ പുണ്യശ്ലോകന്റെ ജീവിതം ഇതിഹാസതുല്യമാണ്.

## അവിഭക്ത കൊല്ലംരൂപത

20-ാം നൂറ്റാണ്ടിന്റെ ആദ്യ മൂന്നുദശകങ്ങളിൽ കൊല്ലംരൂപതയെ നയിക്കാൻ നിയോഗിതനായിരുന്ന ബെൻസിഗർ മെത്രാന്റെ കാലത്ത് രൂപതയുടെ അതിർത്തി വടക്ക് പമ്പാ നദിയും തെക്ക് കന്യാകുമാരിയുമായിരുന്നു. അതായത് ഇന്നത്തെ കൊല്ലം, പുനലൂർ, തിരുവനന്തപുരം, നെയ്യാറ്റിൻകര, കോട്ടാർ, കുഴിത്തുറ എന്നീ രൂപതയുടെ വിസ്തീർണമുണ്ടായിരുന്നു അവിഭക്തകൊല്ലം രൂപതയ്ക്ക്.



അലോഷ്യസ് എൽ.എ.

## ബിഷപ്പ് ബെൻസിഗർ - ജനനം, ബാല്യം

സ്വിറ്റ്സർലാൻഡിലെ 'ഐൻസിദിൻ' എന്ന സ്ഥലത്താണ് 1864 ജനുവരി 31 ന് 'അഡൽറിക്ക്' എന്ന് പൂർവാശ്രമത്തിൽ വിളിച്ചിരുന്ന ബിഷപ്പ് ബി. മരിയ ബെൻസിഗറിന്റെ ജനനം. 'ജോൺ അഡൽറിക്ക് ബെൻസിഗറി'ന്റെയും 'അന്ന മരിയ കോച്ച്വോൺ ബോസ് വയൽ' - ന്റെയും ആറ് സന്താനങ്ങളിൽ നാലാമനായിട്ടാണ് അഡൻറിക്കിന്റെ ജനനം. ഗവർണർ സ്ഥാനത്തിന് പുറമേ ബൻസിഗർ കുടുംബത്തിന്റെ അച്ചടി-പ്രസാധന വ്യവസായ സ്ഥാപനത്തിന്റെ തലവൻ കൂടിയായിരുന്നു പിതാവ് ജോൺ അഡൽറിക് ബൻസിഗർ.

ഭാവിയിൽ തന്റെ വ്യവസായ സ്ഥാപനങ്ങളുടെ സാരഥ്യം വഹിക്കേണ്ടത് അഡൽറിക്ക് ആണെന്ന കണക്കുകൂട്ടലിൽ പിതാവ് മകന് നല്ല വിദ്യാഭ്യാസം നൽകി. ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിൻ ബിസിനസ്, ബെൽജിയത്തെ ബ്രസിൽ വച്ച് ഫ്രഞ്ച്, മ്യൂസിക്, ഇറ്റാലിയൻ, ലത്തീൻ, ഇംഗ്ലണ്ടിലെ പ്രശസ്ത സ്ഥാപനത്തിൽ നിന്നും ഇംഗ്ലീഷ്, വ്യക്തിത്വ വികസനം, ജർമനിയിലെ 'ഇക്സ്റ്റർട്ട്' സർവകലാശാലയിൽ നിന്നും തത്വശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങി എല്ലാം വളരെ പ്രശസ്തമായ രീതിയിലാണ് അഡൽറിക്ക് പൂർത്തിയാക്കിയത്.

തന്റെ വ്യവസായ സാമ്രാജ്യത്തിലല്ല ദൈവരാജ്യനിർമ്മിതിയിലാണ് യുവാവായ അഡൽറിക്കിന് താല്പര്യം എന്ന് മനസ്സിലാക്കിയ പിതാവ്,

പരി. പിതാവ് ലിയോ 13-ാമനെ കണ്ട് അനുഗ്രഹം തേടാൻ മകനെ നിയോഗിച്ചു. തന്റെ സഹോദരിയോടൊപ്പം റോമിൽ പോയി പരി. പിതാവിനെ കണ്ട് തിരിച്ചുവന്ന് 1884 മെയ് 26 ന് 'ബ്രൂജ്' ലെ കർമ്മലീത്താ ആശ്രമത്തിൽ ചേർന്നു. (തിരുവിതാംകൂർ മഹാരാജാവ് 'മുനി' എന്ന് വിളിച്ച് ബഹുമാനിച്ചിരുന്നു ബിഷപ്പ് ബൻസിഗറിലേക്കുള്ള, അഡൽറിക്കിന്റെ പരിണാമം അവിടെ തുടങ്ങുകയാണ്.)

1885 ൽ പ്രഥമവ്രതവാഗ്ദാനവും 1888 ൽ നിത്യവ്രതവാഗ്ദാനവും നടത്തിയ ബ്രദർ അലോഷ്യസ് മരിയ ബെൻസിഗർ 1888 ഡിസം. 22 ന് 'ഗെന്റ്' ഭദ്രാസന ദൈവാലയത്തിൽവച്ച് 'ലാംബ്രട്ട്സ്' മെത്രാനിൽ നിന്നും വൈദികപട്ടം സ്വീകരിച്ച് ഫാ. അലോഷ്യസ് മരിയ ബൻസിഗറായി. തുടർന്ന് ആ വർഷത്തെ ക്രിസ്മസ്ദിനത്തിൽ തന്റെ മാതൃഇടവകയായ 'ഐൻസിദൻ' ബസലിക്കയിൽ തന്റെ പ്രഥമ ദിവ്യബലിയർപ്പണം നടത്തി.

## ഇന്ത്യയിൽ - മിഷനറി

1890 ൽ ഫാ. അലോഷ്യസ് മരിയ ബൻസിഗർ ഇന്ത്യയിലെത്തിയപ്പോൾ മിഷനറി ആകണമെന്ന് തന്റെ എക്കാലത്തെയും ആദമ്യമായ ആഗ്രഹത്തിന്റെ പൂർത്തീകരണംകൂടിയായി അത് മാറി. അങ്ങനെ 1890 ഒക്ടോബർ 9 ന് വാരാപ്പുഴയിൽ പുത്തൻപള്ളി സെമിനാരിയിൽ അദ്ദേഹം നിയമിതനായി. പിന്നീട് കിഴക്കിന്റെ അപ്പസ്തോലിക് ഡെലിഗേറ്റായ മോൺ. സലേസ്കിയുടെ സെക്രട്ടറിയായും നിയമിതനായി. അവിടെ തുടരവേ 1900 ൽ കൊല്ലം രൂപത മെത്രാനായിരുന്ന മോൺ. ഓസ്സി തനിക്ക് ഒരു സഹായമെത്രാനെ അനുവദിക്കണമന്ന് പരിശുദ്ധ സിംഹാസനത്തോട് അപേക്ഷിക്കുകയും അതിൻപ്രകാരം അപ്പസ്തോല ഡലിഗേറ്റിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഫാ. ബെൻസിഗറിനെ പിന്തുടർച്ചാവകാശമുള്ള സഹായമെത്രാനായി 1900 ജൂലൈയിൽ നിയമിച്ചുകൊണ്ട് പരി. സിംഹാനത്തിൽ നിന്നും ഉത്തരവുണ്ടായി. 1900 നവം.18 ന് ഇന്നത്തെ ശ്രീലങ്കയിലെ കാൻഡിയിൽ വച്ച് ഫാ. ബൻസിഗർ കൊല്ലം രൂപതയുടെ സഹായമെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

## കൊല്ലം രൂപതയിൽ സഹായമെത്രാൻ

കൊല്ലം രൂപതയിൽ വികാരി ജനറലായി ചുമതലയേറ്റ വി. ബൻസിഗർ, രൂപതയുടെ തൽസ്ഥിതിയെക്കുറിച്ച് വളരെ വിപുലമായ അവലോകനം നടത്തി. രൂപതയുടെ ദനീയാവസ്ഥ അദ്ദേഹത്തിന് ബോധ്യപ്പെട്ടു. അടിസ്ഥാനസൗകര്യങ്ങൾ എന്ന് നമ്മൾ ഇന്നുവിളിക്കുന്ന സൗകര്യങ്ങൾ ഒന്നും അന്ന് രൂപതയിൽ ഉണ്ടായിരുന്നില്ല. ഭാവിയിലേക്ക് വൈദികരെ വാർത്തെടുക്കാൻ വേണ്ട സെമിനാരി അവിടെ ഇല്ലായിരുന്നു. അങ്ങനെ ഒന്നും തുടങ്ങാൻവേണ്ട സാമ്പത്തിക സ്ഥിതിയിലല്ലായിരുന്നു രൂപത. രൂപതയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ യൂറോപ്പിൽ പര്യടനം നടത്താനും സുമനസ്സുകളുടെ സഹായം തേടാനുമുള്ള തീരുമാനത്തെ ബി. ഓസ്സി സർവ്വാത്മന അംഗീകരിക്കുകയും ചെയ്തു. അതുപ്രകാരം ബി. ബൻസിഗർ യൂറോപ്പ് സന്ദർശിച്ച് അനേകരിൽ നിന്നും സഹായം തേടി.

## വി. റാഫേൽ സെമിനാരി

ബി. ബൻസിഗർ 1902 ൽ രൂപതയ്ക്കുള്ള ധനശേഖരണാർത്ഥം യൂറോപ്പിൽ പര്യടനം നടത്തവേ തന്റെ ബാല്യകാല സുഹൃത്തും ധനാഢ്യനുമായ റാഫേൽ എന്നൊരാളെ കണ്ട് സഹായം അഭ്യർഥിച്ചു. കൊല്ലത്ത് തുടങ്ങാൻ ആഗ്രഹിക്കുന്ന സെമിനാരിക്ക് വേണ്ട ധനസഹായം നൽകാൻ സമ്മതിച്ചു. പകരം സെമിനാരിക്ക് വി. റാഫേൽ എന്നപേരുനൽകാൻ അദ്ദേഹം അഭ്യർഥിച്ചു. അപ്രകാരമാണ് കൊല്ലത്തെ സെമിനാരിക്ക് ആ പേരുവന്നത്.

## തിരുവനന്തപുരത്തെ പാങ്ങോട് ആശ്രമവും ദേവാലയവും

കൊല്ലം രൂപതയുടെ സഹായമെത്രാനായി നിയമിതനായിയെങ്കിലും ബി. ബെൻസിഗർ അടിസ്ഥാനപരമായും ഒരു കർമ്മലീത്ത സന്യാസി തന്നെയായിരുന്നു. വാക്കിലു പ്രവൃത്തിയിലും അങ്ങനെതന്നെയായിരുന്നു. കർമ്മലീത്ത സന്യാസം ഭാരതീയർക്ക് അസാധ്യം എന്നൊരു ധാരണ അന്ന് പൊതുവേ നിലനിന്നിരുന്നു. എന്നാൽ ഭാരതീയർക്കും പ്രവേശനം അനുവദിച്ചാലേ സഭയ്ക്ക് സജീവമാകാൻ കഴിയൂവെന്ന ബോധ്യം ബി. ബൻസിഗറിന് ഉണ്ടായിരുന്നു. അതിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ദാഹത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും സാക്ഷാത്ക്കാരമായിരുന്നു പാങ്ങോട് പള്ളിയും കർമ്മെലീത്ത ആശ്രമവും. 1902 ൽ സ്ഥലം വാങ്ങി ശിലാസ്ഥാപനം നടത്തി. 1910 ൽ പള്ളിയുടെ ആശീർവാദം നിർവഹിച്ചതും ബി. ബൻസിഗറായിരുന്നു.

## ബി. ബൻസിഗർ - കൊല്ലം മെത്രാൻ

ബിഷപ്പ് ഓസ്സിയുടെ നിര്യാണത്തോടെ കൊല്ലം രൂപതയുടെ മെത്രാനായി ബി. ബെൻസിഗർ 1905 സെപ്റ്റംബർ 14 സ്ഥാനാരോഹണം ചെയ്തു.

## ഇടയലേഖനങ്ങൾ

അക്രൈസ്തവരായ ധാരാളം പേരുടെ മദ്ധ്യേ ജീവിക്കുന്നവരാണ് തന്റെ രൂപതാമക്കൾ എന്നതിനാൽ അവരുടെ വിശ്വാസ ശ്രദ്ധാപൂർവം പരിപോഷിപ്പിക്കേണ്ടത് തന്റെ ഉത്തരവാദിത്തമായി അദ്ദേഹം കരുതി. അതിനായി അദ്ദേഹം കണ്ടെത്തിയ മാർഗമാണ് ഇടയലേഖനങ്ങളും സർക്കുലറുകളും. വിശ്വാസ ജീവിതത്തിനും സന്മാർഗിക ജീവിതത്തിനും ഭംഗം വരുത്തുവാൻ സാധ്യതയുള്ള രംഗങ്ങളും സാഹചര്യങ്ങളും മുൻകൂട്ടി കണ്ട് അവയ്ക്കെതിരെ ജാഗ്രത പാലിക്കുവാൻ തന്റെ ഇടയലേഖനങ്ങൾ വഴി അദ്ദേഹം ഉദ്ബോധിപ്പിച്ചിരുന്നു.

## മതബോധനം

1905 ആഗസ്റ്റിൽ ബി. ബൻസിഗർ എഴുതിയ ഇടയലേഖനത്തിൽ ഇടവകയിൽ മതബോധന ക്ലാസുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും അതിലേക്ക് ആവശ്യമെങ്കിൽ പ്രബുദ്ധരായ അല്മായരെ അധ്യാപനത്തിനായി നിയോഗിക്കാനും നിർദ്ദേശിച്ചിരുന്നു. പലഘട്ടങ്ങളിലും മതബോധത്തിന്റെ പ്രാധാന്യം വിവരിക്കുന്ന ലേഖനങ്ങൾ എഴുതുകയും അനുദിനം ദിവ്യബലിയിൽ പങ്കെടുക്കാനും ദിവ്യകാരുണ്യത്വം സ്വീകരിക്കുവാനും ദൈവജനത്തെ പ്രേരിപ്പിക്കാൻ ഇടവകവികാരിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

## തിരുനാളുകളോട് അനുബന്ധിച്ചുള്ള ധനവിനിയോഗം

തിരുനാളുകളോട് അനുബന്ധിച്ച് നടക്കുന്ന ധൂർത്തിനെ പിതാവ് നിരുത്സാഹപ്പെടുത്തിയിരുന്നു. അദ്ദേഹം പറയുന്നത് ആഘോഷപൂർവമായ ദിവ്യബലി തിരുനാളുകളിൽമാത്രം മതിയെന്നാണ്. അതുംവേണ്ടെന്നുവച്ചാൽ നല്ലത്. തിരുനാളുകളിൽ നടത്തുന്ന വെടിക്കെട്ട് ധൂർത്താണ്. വീടുകളിൽ നടക്കുന്ന സദ്യ

യുടെ ചെലവും ചുരുക്കണം.

## ആഢംബരങ്ങളോട് അകലം പാലിച്ച പിതാവ്

1912-ലാണ് തിരുവനന്തപുരത്ത് ട്രാൻസ്പോർട്ട് ബസ് ഓടിത്തുടങ്ങിയത്. അതിനുശേഷം മിക്കപ്പോഴും അതിനായിരുന്നു അദ്ദേഹത്തിന്റെ യാത്ര. അതിനുമുമ്പ് കാളവണ്ടിയായിരുന്നു ഔദ്യോഗിക വാഹനം. ദൂരെയാത്രയ്ക്ക് തീവണ്ടിയിലെ മൂന്നാംക്ലാസ് യാത്രയും. സാധാരണയായി കർമ്മെലീത്ത സന്യാസിമാരുടെ വേഷമാണ് പിതാവ് ധരിച്ചിരുന്നത്. അത്യാവശ്യ സന്ദർഭങ്ങളിലൊഴികെ മെത്രാന്റെ സ്ഥാനീയ വസ്ത്രങ്ങൾ അദ്ദേഹം ധരിച്ചിരുന്നില്ല. തിരുമേനിയുടെ ബന്ധുക്കൾ മൂന്നുതവണ കാർ വാങ്ങാൻ അദ്ദേഹത്തിന് പണം അയച്ചുകൊടുത്തു. മൂന്നുതവണയും അത് 'വക്കമറ്റി' രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കായി പിതാവ് വിനിയോഗിച്ചു. തിരുവനന്തപുരത്ത് എത്തുമ്പോൾ പിതാവിന് രാജകീയരഥം നൽകാൻ ശ്രീമൂലം തിരുനാൾ മഹാരാജാവ് സന്നദ്ധനായിരുന്നു. എന്നാൽ ആകെ ഒരുതവണ മാത്രമാണ് പിതാവ് അത് ഉപയോഗിച്ചത്. പാപ്പായുടെ പ്രതിനിധിയായി രാജാവിനെ സന്ദർശിച്ച അവസരങ്ങൾ മാത്രം.

## ഇടവക സന്ദർശനങ്ങൾ

പമ്പാനദിമുതൽ കന്യാകുമാരി വരെ വ്യാപിച്ചുകിടന്നിരുന്ന വിസ്തൃമായ രൂപതയായിരുന്നിട്ടും, യാത്രകൾ മിക്കപ്പോഴും കാൽനടയായിട്ടോ കാളവണ്ടിയിലോ ആയിരുന്നിട്ടും രൂപതയിലെ എല്ലാ ദേവാലയങ്ങളിലും മൂന്നുവർഷത്തിലൊരിക്കൽ ഔദ്യോഗിക സന്ദർശനം നടത്തിയിരിക്കണം എന്നത് ബൻസിഗർ പിതാവിന് നിർബന്ധമായിരുന്നു. പിതാവിന്റെ ഇടവക സന്ദർശനം ഇടവക വികാരിമാർക്ക് പേടിസ്വപ്നം ആയിരുന്നതായി പറയപ്പെടുന്നു. കാരണം മെത്രാൻ എല്ലാകാര്യങ്ങളും വ്യക്തിപരമായി പരിശോധിക്കും. അത് സക്രാരിയായാലും, ദിവ്യബലിപീഠമായാലും ദിവ്യബലിക്കുത്ത് വസ്ത്രങ്ങളായാലും ജ്ഞാനസ്നാന രജിസ്റ്ററായാലും കണക്കുപുസ്തകമായാലും എല്ലാം പരിശോധിക്കും. പോരായ്മകൾ കണ്ടാൽ ഏലിയായുടെ തീഷ്ണതയോടെയാകും പ്രതികരിക്കുക.

## കോട്ടാർ തിരുവനന്തപുരം രൂപതകളുടെ സ്ഥാപനം

1929 മെയ് 24 ന് ബൻസിഗർ പിതാവ് പരി. സിംഹാസനത്തിന് സമർപ്പിച്ച കത്തിൽ നിലവിലെ കൊല്ലം രൂപത വിഭജിച്ച് തിരുവനന്തപുരം, കോട്ടാർ രൂപതകൾ സ്ഥാപിക്കണമെന്ന് അഭ്യർഥിച്ചിരുന്നു. അതിനുള്ള കാരണവും അതിലേക്ക് നിയോഗിക്കേണ്ട മെത്രാന്മാരെക്കുറിച്ചും സൂചിപ്പിച്ചിരുന്നു. 1930 ൽ കോട്ടാർ രൂപത സ്ഥാപിച്ചു. തിരുവനന്തപുരം രൂപത സ്ഥാപിക്കാൻ സമയമായില്ലെന്ന് സൂചിപ്പിച്ചുകൊണ്ടുള്ള തിരുസംഘത്തിന്റെ കത്ത് ലഭിക്കുകയും ചെയ്തു. തുടർന്ന് 1937 ജൂലൈ 1 ന് തിരുവനന്തപുരം രൂപത സ്ഥാപിതമായത്.

## മലങ്കര കത്തോലിക്കാസഭയുടെ സ്ഥാപനം

1653 ലെ കൂനംകുരിശ് സത്യത്തിനുശേഷം കത്തോലിക്കാസഭയുമായുള്ള ബന്ധം വിച്ഛേദിച്ചിരുന്ന മലങ്കരസഭയെ പുനരൈക്യപ്പെടുത്താൻ ബൻസിഗർ പിതാവിന്റെ നേതൃത്വത്തിൽ 1914 മുതൽ ശ്രമം നടത്തിയിരുന്നു. കാറ്റാനം, അഞ്ചൽ, പുത്തൻപീടിക, പുനലൂർ തുടങ്ങിയ കേന്ദ്രങ്ങളിൽ നടന്നിരുന്ന പുനരൈക്യപ്രക്രിയ പൂർത്തിയായത് 1930 സെപ്റ്റംബർ 20 ന് മാർ ഇവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ ബൻസിഗർ പിതാവിന്റെ മുമ്പാകെ വിശ്വാസ പ്രഖ്യാപനം നടത്തിയതോടുകൂടിയാണ് 1933 മാർച്ച് 12 ന് മലങ്കര കത്തോലിക്ക സഭ എന്ന രീതിൽ തന്നെ സ്ഥാപിതമായി.

## വി. കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള ആദ്യ ദൈവാലയം

വി. കൊച്ചുത്രേസ്യായുടെ വലിയ ഭക്തനായിരുന്നു ബൻസ നഗർ പിതാവ്. മിഷൻ മധ്യസ്ഥയായി കൊച്ചുത്രേസ്യയെ തിരുസഭ വണങ്ങിത്തുടങ്ങിയതിന് മുമ്പുതന്നെ കൊല്ലം രൂപതയുടെ മധ്യസ്ഥയായി വി. കൊച്ചുത്രേസ്യയെ സ്വീകരിച്ചിരുന്നു. 1923 ൽ വി. കൊച്ചുത്രേസ്യയെ വാഴ്ത്തപ്പെട്ടു എന്നുപ്രഖ്യാപിച്ച് അധികം കഴിയുംമുൻപ് തിരുവനന്തപുരം ജില്ലയിലെ തൂങ്ങാം പാറ എന്നസ്ഥലത്ത് നിർമ്മിച്ച ദേവാലയത്തെ വി. കൊച്ചുത്രേസ്യായുടെ നാമത്തിൽ ബൻസിഗർ പിതാവ് പ്രതിഷ്ഠിച്ചു. 1925 ലാണ് വി. കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചത്. അങ്ങനെ തൂങ്ങാംപാറ പള്ളി (ഇപ്പോൾ നെയ്യാറ്റിൻകര രൂപത) വി. കൊച്ചുത്രേസ്യയുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ആദ്യ ദൈവാലയമായി.

## മെത്രാൻപദവിയിൽ നിന്നുള്ള പടിയിറക്കം

ബൻസിഗർ പിതാവിന്റെ നിരന്തരമായ സമ്മതത്തിനൊടുവിലായി 1931 ജൂലൈ 27 ന് കൊല്ലം രൂപത മെത്രാൻ സ്ഥാനത്തുനിന്നുള്ള പിതാവിന്റെ രാജി പരി. സിംഹാസനം അംഗീകരിച്ചു. നീണ്ട 31 വർഷത്തെ മേൽപട്ടക്കാരൻ സ്ഥാനം ഒഴിഞ്ഞ അദ്ദേഹം 1931 ആഗസ്റ്റ് 11 ന് കൊല്ലത്തുനിന്നും തീവണ്ടികയറി തിരുവനന്തപുരം പാങ്ങോട് ആശ്രമത്തിൽ എത്തി. തുടർന്നുള്ള 11 വർഷക്കാലം അദ്ദേഹം അവിടെ നവസന്യാസിയെപ്പോലെ ജീവിച്ചു.

## മരണം

1945 മാർച്ച് 25 ന് ദിവ്യബലിയർപ്പിക്കാൻ എത്തിയ പിതാവ് അൾത്താരയിൽ വീണു, തുടർന്ന് അദ്ദേഹം ഇരുന്നുകൊണ്ടാണ് ദിവ്യബലി അർപ്പിച്ചിരുന്നത്. മാർച്ച് 30 ന് അദ്ദേഹത്തെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 'എന്റെ രാജ്യത്തിലെ ഏറ്റവും വലിയ വിശുദ്ധൻ' എന്ന് ശ്രീമൂലം തിരുനാൾ രാജാവ് വിശേഷിപ്പിച്ച അലോഷ്യസ് മരിയ ബൻസിഗർ മെത്രാപ്പൊലീത്ത 1942 ആഗസ്റ്റ് 17 ന് ഇഹലോകജീവിതം അവസാനിപ്പിച്ച് സ്വർഗത്തിലേക്ക് മടങ്ങി.

കാർമ്മൽഹിൽ ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചിരുന്ന ഭൗതികശരീരം 1983 ൽ പാങ്ങോട് പള്ളിയിലുള്ള അൾത്താരയ്ക്ക് സമീപത്തേക്ക് മാറ്റിസ്ഥാപിച്ചു. 2018 ൽ ബിഷപ്പ് ബൻസിഗറിനെ ദൈവദാസൻ എന്ന് നാമകരണം ചെയ്തു.

സ്വിറ്റ്സർലാൻഡിലെ സമ്പന്നതയുടെ ശീതളഛായ ഉപേക്ഷിച്ച് ഭാരതീയരായ നമ്മെ ദൈവോന്മുഖരാകാനായി തന്റെ ജീവിതം തന്നെ ഉഴിഞ്ഞുവച്ച സന്യാസിവര്യൻ, തിരുവനന്തപുരം രൂപതയുടെ അഭിമാനങ്ങളായ പാളയം സെന്റ് ജോസഫ് കത്തീഡ്രലിലെ മണിമാളിക, പാങ്ങോട് കർമ്മെലീത്ത ആശ്രമ ദേവാലയം, പാളയം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, ഹോളി എയ്ഞ്ചൽസ് സ്കൂൾ, വെള്ളയമ്പലം മെത്രാസന മന്ദിരം തുടങ്ങി അനേകം നിർമ്മിതികൾക്കും സ്ഥാപനങ്ങൾക്കും പിന്നിലെ ചാലകശക്തിയായ മനുഷ്യസ്നേഹിയും സന്യാസിവര്യനായും അറിയപ്പെട്ടിരുന്നു. ഈ വന്ദ്യപിതാവിനെ എത്രയും വേഗം വിശുദ്ധപദവിയിലേക്ക് ഉയർത്താൻ സർവശക്തനായ ദൈവത്തോട് പ്രാർത്ഥിക്കാം. ■

"ദിവ്യമായ ഒരു പ്രണയത്തിന്റെ മുന്നിൽ പ്രപഞ്ചം തന്നെ തുന്ദിലമാകുന്ന കാഴ്ച. സ്വർഗലോകം മാലാഖവൃന്ദങ്ങളുടെ അകമ്പടിയോടെ ആഘോഷിച്ചു. ഇനിമേൽ ശാരീരികമായ അഭിനിവേശങ്ങളല്ല, അവരെ ഇരുവരെയും നയിക്കുക മറിച്ച് ദൈവിക പദ്ധതികളുടെ ഭാഗമായി തീരുന്നു ഈ പ്രണയ പക്ഷികൾ"






ഫാ. ലെനിൻ ഫെർണാണ്ടസ്

# പാദങ്ങളെ പ്രണയിച്ച പെൺകുട്ടി



ഡോ. സീന ഫെലിക്സ്

മനുഷ്യവികാരങ്ങളുടെ വിരേചനത്തിലൂടെ മനുഷ്യമനസ്സിനെ വിമലീകരിക്കുമ്പോഴാണ് ഒരു ഉദാത്തസൃഷ്ടി രൂപം കൊള്ളുന്നത് എന്ന ചിന്ത ഈ നോവലിനെ അന്വർത്ഥമാക്കുന്നു. ഈയടുത്ത കാലത്ത് വായിച്ച നോവലുകളിൽ ഏറ്റവും മനോഹാരിതയുള്ള ഒന്നാണ് ഫാ. ലെനിൻ ഫെർണാണ്ടസിന്റെ 'പാദങ്ങളെ പ്രണയിച്ച പെൺകുട്ടി.' ആർദ്രത എന്ന വാക്കിന്റെ പൂർണത ഈ വായനാനുഭവം നമുക്ക് നൽകും. ലോകത്തിലെ ഏറ്റവും മനോഹരമായ വാക്കാണ് പ്രണയം. പ്രണയം എന്ന വാക്കിന്റെ വിശാലതയിലേക്ക് ലാസറിന്റെ സഹോദരി 'കുഞ്ഞുമറിയ'ത്തിന്റെ ജീവിതം നമ്മെ കൊണ്ടെത്തിക്കും. പാദങ്ങളെ പ്രണയിച്ച ഒരു പെൺകുട്ടി!

പാദപൂജ ആർഷഭാരതസംസ്കാരത്തിന്റെ പ്രതീകമാണ്. പാദം വന്ദിക്കുക എന്നുപറഞ്ഞാൽ നമ്മുടെ അഹങ്കാരങ്ങളെയെല്ലാം അടിയറവ് വച്ചുകൊണ്ട് ഞാനും നീയും ഒന്നായി തീരുന്നു എന്നർത്ഥം. ഇവിടെ യേശുവിന്റെ പാദങ്ങളെ പ്രണയിക്കുന്ന കുഞ്ഞുമറിയത്തിലൂടെ ജീവിതത്തിന്റെ തന്നെ താത്വികാവലോകനം ചെയ്യുകയാണ് എഴുത്തുകാരൻ. കുഞ്ഞുമറിയത്തിന്റെ പ്രണയത്തിലൂടെ മനുഷ്യമനസ്സിന്റെ വിമലീകരണമാണ് നടക്കുന്നത്. എല്ലാ പ്രണയങ്ങളും ചെന്നവസാനിക്കേണ്ടത് കരുണാമയനായ ദൈവത്തിന്റെ പക്കലാണെന്ന ദാർശനിക സത്യം മറിയത്തിന്റെ വാക്കുകളിൽ ഇപ്രകാരം വെളിപ്പെടുന്നുണ്ട്. "അവളുടെ ദൃഷ്ടി പതിഞ്ഞത് അവന്റെ കാൽപ്പാദങ്ങളിലേക്കായിരുന്നു. ഇരുമ്പാണികളാൽ മുറിവേൽക്കപ്പെടേണ്ട ആ പാദങ്ങളിലേക്ക്, ചോര ഒലിച്ചിറങ്ങേണ്ട ആ പുണ്യപാദങ്ങളിലേക്ക്, ഉള്ളിൽ ഒന്നുമാത്രം അവൾ തീർച്ചപ്പെടുത്തി. ഈ പദങ്ങൾ പൂജിക്കാൻ ഏറ്റവും യോഗ്യയായുള്ളവൾ ഞാൻ തന്നെയാണ്. ഞാനത് ചെയ്യും തീർച്ച."

ദൈവപുത്രനായ യേശുവിന്റെ മാനുഷികജീവിത ഭാവങ്ങൾ മാനവികതയുടെ ശക്തമായ ഉൾക്കാഴ്ചയോടെ ബൈബിൾ ചരിത്രത്തെ ആസ്പദമാക്കി ഒരു സർഗാത്മക അനുഭവമാക്കി മാറ്റുന്നു. വളരെ നീണ്ടകാലത്തെ ഗവേഷണം കൊണ്ടും മനനം കൊണ്ടും ഇത്രമാത്രം ശക്തവും എന്നാൽ വ്യതിരിക്തവുമായ ഒരു കഥാതന്തുവിനെ അടിസ്ഥാനപ്പെടുത്തിയ ഈ കൃതി നോവൽ സാഹിത്യത്തിൽ പ്രത്യേക പരാമർശം അർഹിക്കുന്നു. ബൈബിളിന്റെ അന്തഃസത്തയെ

ഒരു കൈക്കുമ്പിളിലൊതുക്കി നൽകാൻ ഇതിലെ കഥാപാത്രങ്ങൾക്ക് കഴിയുന്നു. യേശുക്രിസ്തു എന്ന യുഗപുരുഷന്റെ പരസ്യ ജീവിതത്തിന് മുൻപുള്ള 30 വർഷത്തെ സംഭവബഹുലമായ ജീവിതയാത്രയാണ് ഈ നോവൽ. വളരെ ബൃഹത്തായ ബൈബിളിന്റെ താളുകളിലൂടെ ലഭ്യമാകുന്ന വിവിധ കഥാപാത്രങ്ങളെക്കുറിച്ചുള്ള അറിവ് വളരെ സംക്ഷിപ്തമായി ഈ നോവലിൽ നമുക്ക് സുപരിചിതമാകുന്നു. ശിമയോൻ-സാറ, ഗമാലിയേൽ, സ്തെഫാനോസ്, അരിസ്റ്റാക്കൂസ്, മിറിയം, ക്ലോപ്പാസ്, പത്രോസ്, യോഹന്നാൻ, സെബദി, വെറോണിക്ക, സാവുൾ, യൂദാസ് സ്ക്കറിയോത്ത തുടങ്ങി യേശുവിന്റെ ചിന്താധാരകളെ സ്വാധീനിച്ച മറ്റനേകം കഥാപാത്രങ്ങളും നമ്മുടെ മനസ്സുകളിൽ കൂടുകൂട്ടുന്നുണ്ട്. ഭാവനയുടെ ലോകത്ത് മെനഞ്ഞെടുത്ത കലാസൃഷ്ടിയാണെങ്കിലും ബൈബിൾ കഥാപാത്രങ്ങളുമായി താദാത്മ്യം പ്രാപിച്ചുകൊണ്ട്, കഥാകൃത്ത് പറയുന്നതുപോലെ ബൈബിളിൽ ഇല്ലാത്ത ഒന്നും എഴുതാനേ പറ്റില്ല എന്ന് തിരിച്ചറിയുന്നു. നമുക്ക് പരിചിതനായ ലാസറിന്റെ കുടുംബകഥയിലൂടെ തുടങ്ങിവയ്ക്കുന്ന നോവലിൽ തിരുകുടുംബത്തിന്റെ കാവൽക്കാരനായ ജോസഫിന്റെയും മറിയത്തിന്റെയും ജീവിത ഉൾക്കാഴ്ചകൾ കാല്പനിക ചാരുതയോടെ കൊത്തിവച്ചിരിക്കുന്നു. യുഗപുരുഷനായ യേശുവിന്റെ സഹന മാർഗത്തിലൂടെ മാനവകുലത്തെ മോചിപ്പിക്കുവാനുള്ള പിതാവായ ദൈവത്തിന്റെ തീരുമാനം യേശു പൂർണമായും ഏറ്റെടുക്കുന്നിടത്ത് നോവൽ പൂർണമാവുകയും ചെയ്യുന്നു. എഴുത്തുകാരന്റെ ചരിത്രബോധത്തെയും ബൈബിൾ വ്യാഖ്യാന പാണ്ഡിത്യത്തെയും ഉൾക്കൊണ്ടുകൊണ്ട് നാം അറിവാകുന്ന പാറമേൽ പണിത ഒരു മനോഹര സൗധത്തിലെത്തിച്ചേരുന്നു.

മറിയം എന്ന അമ്മയും മകനും തമ്മിലുള്ള സ്നേഹത്തിന്റെ ഇഴയടക്കം ആർദ്രതയോടെ അല്ലാതെ വായിക്കാൻ കഴിയില്ല. വരികൾക്കിടയിലൂടെ വായിക്കുന്നതാണ് യഥാർത്ഥ സത്ത എന്ന തിരിച്ചറിവിൽ ഈ ബന്ധം നമ്മെ കൊണ്ടെത്തിക്കും. ഒരു 'സാധാരണ' മകന്റെ അസാധാരണത്വം മറിയത്തിലൂടെ വെളിപ്പെടുത്തുന്നുണ്ട്. അമാനുഷികമായ കാര്യങ്ങളാണ് മകനിൽ സംഭവിക്കേണ്ടത് എന്ന് പൂർണബോധ്യമുള്ള മറിയം എപ്പോഴും ഒരു മാർഗദർശിയും പ്രചോദകയും കളിക്കൂട്ടുകാരിയായും മാറുന്നത് ഈ അമ്മ മറിയത്തെ നോവലിലെ അനശ്വര കഥാപാത്രമാക്കി മാറ്റുന്നു. ദൈവിക പദ്ധതികൾ നിഗൂഢവും അവ മനുഷ്യന് അഗ്രാഹ്യവുമാണ്. ഗുരു പലപ്പോഴും ശിഷ്യനായി മാറുന്ന കാഴ്ചയും; തത്വ ചിന്തകന്മാരിലൂടെ, പ്രവാചകന്മാരിലൂടെ, നുറുങ്ങുകഥകളിലൂടെ, ജീവിതദർശനത്തിന്റെ വ്യാപ്തിയും ഈ കരവിരുതിൽ രൂപപ്പെടുന്നത് കാണാം.

ഈ നോവലിന്റെ ശില്പഘടന എടുത്തുപറയേണ്ട ഒന്നാണ്. ഒരു ശില്പിയുടെ ചാതുരിയോടെ മെനഞ്ഞെടുത്ത ദാരുശില്പഭംഗി ഇതിനുണ്ട്. ഓരോ കഥാപാത്രവും ഒരു കഥാകാരനായി മാറുന്ന സൃഷ്ടിവൈഭവം എഴുത്തുകാരന്റെ സർഗാത്മകതയെയാണ് വെളിപ്പെടുത്തുന്നത്. യേശു സഞ്ചരിക്കുന്ന വഴികളിലൂടെ വായനക്കാരനും സഞ്ചരിക്കുന്ന പ്രതീതി ഉണർത്തുന്നു. ഒരു 'സാധാരണ' മനുഷ്യന്റെ അസാധാരണ ജീവിതം ഒരു യാത്രയായി മാറുമ്പോൾ ഒരു നല്ല മകനായും ജ്യേഷ്ഠനായും സുഹൃത്തായും ഗുരുവായും ശിഷ്യനായും കാമുകനായും മാറുന്ന യേശുവിന്റെ ആത്മസംഘർഷങ്ങളെ അനുഭവലോകത്തെത്തിച്ച് താനേറ്റെടുത്തിരിക്കുന്ന രക്ഷാകരദൗത്യത്തിൽ നമ്മെയും വിലയിപ്പിച്ചുകൊണ്ട് യാത്രയാകുന്നു. ഭൂമിയോളം താണ ദൈവം മനുഷ്യന്റെ പാദങ്ങളിലേക്കും കുനിയുന്ന കാഴ്ച മനോഹരം എന്നല്ലാതെ എന്തുപറയാൻ!

നോവൽ വായനയെ സമ്പന്നമാക്കുന്ന നമ്മളിലൊരാളായ ഒരു പുരോഹിതശ്രേഷ്ഠന്റെ ഈ കൃതി വായിക്കപ്പെടാതെ പോകരുത്. ■



വാർത്തകൾ
കൂടുതൽ വാർത്തകൾക്ക്
www.archtvmnews.com

# മുത്തശ്ശിമുത്തശ്ശന്മാരുടെ ദിനം അർത്ഥവത്തായി ആചരിച്ചു



ഫ്രാൻസിസ് പാപ്പാ നൽകിയ നിർദ്ദേശം സ്വീകരിച്ച് യേശുവിന്റെ മുത്തച്ഛനും മുത്തശ്ശിയുമായ യോവാക്കീമിന്റെയും അന്നയുടെയും തിരുനാൾ ജൂലൈ മാസത്തിലെ നാലാമത്തെ ഞായറാഴ്ച തിരുവനന്തപുരം അതിരൂപതയിലെ ദൈവാലയങ്ങളിൽ മുത്തശ്ശിമുത്തശ്ശന്മാരുടെ ദിനമായി അർത്ഥവത്തായ പരിപാടികളോടെ ആചരിച്ചു.

ദിവ്യബലിയിൽ പങ്കെടുക്കുന്നതിന് ഇടവകകളിൽ മുത്തശ്ശീമുത്തശ്ശന്മാർക്ക് പ്രത്യേകമാംവിധം ഇരിപ്പിടങ്ങൾ ക്രമീകരിച്ച് പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടന്നു. പല ഇടവകകളിലും ദിവ്യബലിക്ക് മുത്തശ്ശീമുത്തശ്ശന്മാരും വയോധികരുമാണ് നേതൃത്വം നൽകിയത്. കൊച്ചുമക്കൾ സമ്മാനങ്ങൾ മുത്തശ്ശീമുത്തശ്ശന്മാർക്ക് കൈമാറി അവർ കുഞ്ഞുങ്ങളെ അനുഗ്രഹിക്കുകയും പരസ്പരം ഉമ്മകൾ നൽകി സ്നേഹം പങ്കുവയ്ക്കുകയും ചെയ്തു. ദിവ്യബലിക്ക്ശേഷം മുത്തശ്ശി-മുത്തശ്ശന്മാർക്കും വയോധികർക്കും സ്നേഹവിരുന്നും, മധുരവും നല്കിയ ഇടവകകളും ഉണ്ട്. ഒപ്പം കുടുംബങ്ങളിൽ ദിനാചരണം നടത്തുന്നതിന്റെ ഫോട്ടോ മത്സരം, സെല്ഫി മത്സരം, ഷോട്ട്സ് / റീൽസ് മത്സരം എന്നീ വ്യത്യസ്തത നിറഞ്ഞ പരിപാടികൾ ഇടവകകളിൽ നടന്നു.

## ഉമ്മൻചാണ്ടി ജനസേവനത്തിന്റെ ജനകീയമുഖം: റവ. ഡോ. തോമസ് ജെ നേറ്റോ

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ വേർപാടിൽ അനുശോചനമറിയിച്ച് അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ. അര നൂറ്റാണ്ടുകാലത്തെ നിസ്വാർത്ഥ സേവനത്തിലൂടെ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഭരണാധികാരിയും ജനപ്രതിനിധിയും പൊതുപ്രവർത്തകനുമായിരുന്നു ശ്രീ. ഉമ്മൻചാണ്ടി.

കേരളത്തിലെ സാധാരണക്കാരായ മനുഷ്യർ ഏറെ ആദരിക്കുന്ന രാഷ്ട്രീയ നേതാവായിരുന്ന ശ്രീ. ഉമ്മൻചാണ്ടിയുടെ ജനസേവനത്തിന്റെ ജനകീയമുഖം' എക്കാലത്തേയും പൊതുപ്രവർത്തകർക്ക് മാതൃകയാണ്. തന്റെ മുഴുവൻ സമയവും കർമ്മനിരതനായി എല്ലാവരോടും കരുതലും കരുണയും പ്രകടമാക്കിയ പ്രിയപ്പെട്ട ശ്രീ. ഉമ്മൻചാണ്ടിയുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹ ത്തിന്റെ ആത്മശാന്തിക്കായ് പ്രാർത്ഥിക്കുന്നു. കുടുംബാംഗങ്ങളോടും ശ്രീ. ഉമ്മൻചാണ്ടിയെ സ്നേഹിക്കുന്ന ഓരോരുത്തരോടുമുള്ള തിരുവനന്തപുരം ലത്തീൻ സഭയുടെ അനുശോചനം അറിയിക്കുന്നതായും അതിരൂപത അധ്യക്ഷൻ അറിയിച്ചു.



*അതിരൂപത സാമൂഹ്യ ശുശ്രൂഷ വിഭാഗത്തിന്റെയും കരിസ്മാറ്റിക് കൂട്ടായ്മയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തി വരുന്ന 'മുക്തി ലഹരി വിമോചന കുടുംബ നവീകരണ ധ്യാനം'*

# മണിപ്പൂരിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന




*മണിപ്പൂരിലെ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ രാജ്ഭവനിലേക്ക് കെ.എൽ.സി.ഡബ്ള്യൂ.എ നടത്തിയ പ്രതിഷേധ മാർച്ചും ധർണ്ണയും.*

തിരുവനന്തപുരം: മണിപ്പൂരിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമ സംഭവങ്ങൾക്കെതിരെ അതിരൂപത കെ എൽ. സി. ഡബ്ലിയു. എ

യുടെയും സാമൂഹ്യശുശ്രൂഷ സ്ത്രീക്കൂട്ടായ്മയുടെയും നേതൃത്വത്തിൽ രാജ്ഭവൻ മാർച്ചും, ധർണ്ണയും നടത്തി. കലാപം തുടങ്ങി മൂന്ന് മാസങ്ങളാവുമ്പോഴും കേന്ദ്ര സംസ്ഥാന സർക്കാരുകൾ അക്രമം അവസാനിപ്പിക്കുന്നതിനും സമാധാനം പുനസ്ഥാപിക്കുന്നതിനുമായി ശ്രമങ്ങൾ നടത്താത്തതിനെതിരെയും സ്ത്രീകൾ മാനഭംഗത്തിന് ഇരയാകുന്നതിനെതിരെയുമാണ് പ്രതിഷേധ മാർച്ചും ധർണ്ണയും സംഘടിപ്പിച്ചത്. കെ. എൽ. സി. ഡബ്ലിയു. എ രൂപത പ്രസിഡന്റ് ശ്രീമതി. ജോളി പത്രോസിന്റെയും സാമൂഹ്യശുശ്രൂഷ സ്ത്രീക്കൂട്ടായ്മ രൂപത പ്രസിഡന്റ് ശ്രീമതി സുശീല ജോയുടെയും നേതൃത്വത്തിൽ നടന്ന രാജ്ഭവൻ മാർച്ച് പ്രഫ. ഡോ. രാജരാജേശ്വരി ഉദ്ഘാടനം ചെയ്തു. സ്ത്രീ ശരീരങ്ങൾ പിച്ചിചീന്തപെടുമ്പോൾ വേദനിക്കുന്നത് സമൂഹമാണെന്നും, ആ വേദന അധികാരികൾ തിരിച്ചറിയണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ശ്രീമതി ഡോളി ഫ്രാൻസിസ് സ്വാഗതമേകിയ ധർണ്ണയിൽ ശ്രീമതി മേരി പുഷ്പം, ശ്രീമതി ഫ്രീസ്ക കുരിശപ്പൻ, ശ്രീമതി അന്ന റീറ്റ, ശ്രീമതി സുജ, ശ്രീമതി മേരിക്കുട്ടി, ശ്രീമതി സിസിലി, ശ്രീമതി ജെർമി, ശ്രീമതി അമലദാസി, ശ്രീമതി ലീജ സ്റ്റീഫൻ എന്നിവർ സംസാരിച്ചു. ശ്രീമതി തങ്കം ടൈറ്റസ് പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു.

## 13 ലക്ഷത്തിന്റെ അവശ്യസാധനങ്ങളുമായി മണിപ്പൂരിലേയ്ക്ക് യുവജനങ്ങളുടെ സഹായഹസ്തം

ദുരിതമനുഭവിക്കുന്ന മണിപ്പൂർ ജനതയ്ക്ക് ആശ്വാസത്തിന്റെ കൈത്താങ്ങേകി തിരുവനന്തപുരം അതിരൂപത കെ സി വൈ എം. ക്യാമ്പുകളിൽ ഭക്ഷ്യക്ഷാമം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങൾക്ക് 13 ലക്ഷം രൂപയുടെ നിത്യോപയോഗ സാധനങ്ങളാണ് കെസിവൈഎം പ്രവർത്തകർ ശേഖരിച്ച് അയച്ചത്.ഒരാഴ്ച കൊണ്ട് അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി ഭക്ഷ്യവസ്തുക്കളും നിത്യോപയോഗ സാധനങ്ങളും കെസിവൈഎം പ്രവർത്തകരുടെ നേതൃത്വത്തിലാണ് ശേഖരിച്ചത്. കെ. സി. വൈ. എം. പ്രവർത്തകർ ശേഖരിച്ച ഭക്ഷ്യവസ്തുക്കൾ ജൂലൈ ഇരുപത്തിരണ്ടിന് ഉച്ചയ്ക്ക് ലോറിയിലാണ് മണിപ്പൂരിലേക്കയച്ചത്. മണിപ്പൂർ ജനതയ്ക്കായി ശേഖരിച്ച വസ്തുക്കൾ എത്തിക്കുന്നതിനു മാത്രം വാഹനക്കൂലിയായി രണ്ടു ലക്ഷം രൂപയോളം വരും. ഈ തുകയും കെ. സി. വൈ. എം. പ്രവർത്തകരാണ് കണ്ടെത്തിയത്.

ഇടവകകളിൽ നിന്ന് ശേഖരിച്ച നിത്യോപയോഗ വസ്തുക്കൾ പ്രത്യേകം തരം തിരിച്ചാണ് മണിപ്പൂരിലേക്കയക്കുന്നത്. പെട്ടെന്ന് കേടുപാടുകൾ സംഭവിക്കാത്ത അവശ്യസാധനങ്ങളാണ് കയറ്റി അയച്ചത്. മണിപ്പൂരിനായി തിരുവനന്തപുരം അതിരൂപത കെ. സി. വൈ. എം. പ്രവർത്തകർ നടത്തിയ പ്രവർത്തനം പൊതുസമൂഹത്തിലും സഭയ്ക്കുള്ളിലും വലിയ പ്രശംസയ്ക്ക് കാരണമായിട്ടുണ്ട്

# അക്രമ സംഭവങ്ങൾക്കെതിരെ രാജ്ഭവൻ മാർച്ച്



## മണിപ്പൂരിൽ സർക്കാർ നിഷ്ക്രിയത്വം വെടിയണം: കെസിബിസി

ഇന്ത്യയിലെ സ്ത്രീ സമൂഹത്തെ ലോകത്തിന്റെ മുന്നിൽ അപമാനിച്ച കലാപകാരികൾക്കെതിരെ സത്വര നിയമനടപടി സ്വീകരിക്കണമെന്ന് കെസിബിസി. ഇത്തരം സംഭവങ്ങൾ ഒന്നല്ല നൂറു കണക്കിനുണ്ട് എന്ന് വമ്പുപറയുന്ന മണിപ്പൂർ മുഖ്യമന്ത്രി ബീരൻ സിംങ്ങ് രാഷ്ട്രീയക്കാർക്ക് അപമാനമാണെന്നും കലാപം തുടങ്ങി മാസങ്ങൾ പിന്നിട്ടിട്ടും അത് അടിച്ചമർത്താൻ ഉത്തരവാദിത്തം കാണിക്കാത്ത മുഖ്യമന്ത്രി രാജിവക്കുന്നതാണ് നല്ലതെന്നും കെസിബിസി പത്രക്കുറിപ്പിൽ പറയുന്നു. .

ഇന്ത്യൻ സ്ത്രീത്വം അപമാനിതമാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട കേന്ദ്ര സർക്കാർ നിഷ്ക്രിയത്വം വെടിഞ്ഞ് ഉത്തരവാദിത്തം നിർവഹിക്കണം. ജനാധിപത്യ രാജ്യത്ത് ക്രമസമാധാനം ഉറപ്പുവരുത്താൻ കോടതികളല്ല തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളാണ് നടപടികൾ സ്വീകരിക്കേണ്ടത്. സർക്കാർ നടപടി എടുക്കാതിരുന്നാൽ സുപ്രീം കോടതിക്ക് ഇടപെടേണ്ടി വരും എന്ന് ചീഫ് ജസ്റ്റീസ് വ്യക്തമാക്കിയിരിക്കുന്നു.

അത്രമാത്രം നിഷ്ക്രിയത്വമാണ് മണിപ്പൂർ കലാപത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ വച്ചുപുലർത്തുന്നത്. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന സകലരും ഒരുവിഭാഗം പൗരന്മാരെ ഉന്മൂലനം ചെയ്യുന്ന മണിപ്പൂർ കലാപത്തെ അപലപിക്കുന്നതിനും കലാപം അടിച്ചമർത്തി സമാധാനം പുനഃസ്ഥാപിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും മുന്നോട്ടു വരുന്നത് പ്രതീക്ഷ നൽകുന്നതായും കെസിബിസി വിജ്ഞാപനത്തിൽ പറയുന്നു.



*ക്രിസ്തുദാസ് പിതാവിനൊപ്പം ഹോം മിഷൻ, ഇടവക കൗൺസിൽ അംഗങ്ങൾ നമ്പ്യാതി ദേവാലയത്തിൽ*

# മത്സ്യത്തൊഴിലാളികളുടെ അതിജീവന സമരത്തിന് ഒരു വർഷം



വിഴിഞ്ഞം വാണിജ്യ തുറമുഖം തീരത്തിനും തീരജനതയ്ക്കും വരുത്തുന്ന ആഘാതത്തിനെതിരെ മത്സ്യത്തൊഴിലാളികൾ തുടങ്ങിയ അതിജീവനസമരത്തിന് ഒരുവർഷം പൂർത്തിയാകുന്ന ജൂലൈ 20 ന് വെള്ളയമ്പലത്ത് പൊതുസമ്മേളനം നടന്നു. വെള്ളയമ്പലം ലിറ്റിൽ ഫ്ലവർ കമ്മ്യൂണിറ്റി ഹാളിൽ നടന്ന സമ്മേളനത്തെ അഭിസംബോധന ചെയ്ത് യോഗാധ്യക്ഷൻ തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ സംസാരിച്ചു.

സഭയുടെ ചരിത്രത്തിൽ തന്നെ ഇതിഹാസ പൂർണ്ണമായി തീർന്നൊരു സംഭമായിരുന്നു വിഴിഞ്ഞം സമരം. കേരള സമൂഹത്തിനു മുന്നിൽ മത്സ്യതൊഴിലാളി സമൂഹത്തിനായി പോരാടിയ ഇതിഹാസ സംഭവങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് രചിച്ച പുസ്തകം വാർഷികത്തിൽ പ്രസിദ്ധീകരിക്കുന്നത് അഭിമാനകരമായി തോന്നുന്നു. ബൈബിളിൽ പരാമർശിക്കുന്ന പുറപ്പാട് സംഭവം പോലെ പ്രത്യാശ കൈവെടിയാതെ പ്രതിസന്ധികൾ തരണം ചെയ്ത്, അതിജീവനസമരം തീരജനതയുടെ അവകാശം നേടുംവരെ മുന്നോട്ടുപോകുമെന്ന് അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞം പദ്ധതി ലോകത്തിൽ ഇത്തരത്തിൽ ആദ്യമായി ചെയ്യുന്ന പദ്ധതിയല്ലെന്നും, കോർപ്പറേറ്റുകളുടെ വളർച്ചയെ മാത്രം ലക്ഷ്യമാക്കികൊണ്ട് അധികാരികളുടെ പിന്തുണയോടെ പദ്ധതിയുടെ ദൂഷ്യവശം അനുഭവിക്കുന്ന ജനങ്ങളുടെ അവകാശങ്ങളെ ഇല്ലായ്മ ചെയ്ത് നടത്തുന്ന പദ്ധതികളിൽ ഒന്ന് മാത്രമാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയെന്നും ഇതിന്റെ ഭാഗമായി ദുരന്തമനുഭവിക്കുന്നത് അന്നന്നുള്ള അന്നത്തിനായി, ഉപജീവന മാർഗത്തിനായി അധ്വാനിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണെന്ന് യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രശസ്ത ഫ്രീലാൻസ് മാധ്യമപരിസ്ഥിതി പ്രവർത്തകൻ ശ്രീധർ രാധാകൃഷ്ണൻ പറഞ്ഞു.

തുറമുഖ നിർമ്മാണം സൃഷ്ടിക്കുന്ന സാമൂഹ്യ സാമ്പത്തിക പാരിസ്ഥിതിക ആഘാതങ്ങളെ കുറിച്ചും കടലിന്റെ ആവാസ വ്യവസ്ഥകൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും സമരസമിതി രൂപീകരിച്ച ജനകീയ പഠനസമിതി ചെയർമാൻ ഡോ. കെ. വി. തോമസ് ഇടക്കാല റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം അവതരിപ്പിച്ചു.

കേരള ഖത്തീബ്സ് ആന്റ് ഖാസി ഫോറം ജനറൽ സെക്രട്ടറി പാച്ചല്ലൂർ അബ്ദുൽ സലീം മൗലവി പരിപാടിയിൽ മുഖ്യസന്ദേശം നൽകി സംസാരിച്ചു. വിഴിഞ്ഞം മത്സ്യത്തൊഴിലാളി സമരം ഒരു നേർക്കാഴ്ച എന്ന പുസ്തകത്തിന്റെ പ്രകാശനം അതിരൂപത ആർച്ച് ബിഷപ്പ് എമിരിറ്റസ് ഡോ. സൂസപാക്യം എം നിർവഹിക്കുകയും മത്സ്യത്തൊഴിലാളിയും സമരമുഖത്ത് സജീവനുമായിരുന്ന സിൽവസ്റ്റർ മൈക്കിളിന് പുസ്തകത്തിന്റെ ആദ്യ പ്രതി നൽകുകയും ചെയ്തു. ഡോ. ഐറിസ് കൊയ്ലോ പുസ്തകം പരിചയപ്പെടുത്തി സംസാരിച്ചു. അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ സന്ദേശം നൽകി സംസാരിച്ചു.

സമ്മേളനത്തെ അഭിസംബോധന ചെയ്ത് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. ജാക്സൺ പൊള്ളയിൽ, പരിസ്ഥിതി പ്രവർത്തകൻ ശ്രീ. ഇ. പി. അനിൽ, കെ. ആർ. എൽ. സി. സി. അസോസിയേറ്റ് ജനറൽ സെക്രട്ടറി ഫാ. ജിജു അറക്കത്തറ,വിഴിഞ്ഞം കൗൺസിലർ ശ്രീ. പനിയടിമ ജോൺ, അതിരൂപത കെ. എൽ. സി. എ പ്രസിഡന്റ് ശ്രീ. പാട്രിക് മൈക്കിൾ, കെ. എൽ. സി. ഡബ്ലിയു. എ പ്രസിഡന്റ് ജോളി പത്രോസ്, അതിരൂപത അൽമായ ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. നിക്സൺ ലോപ്പസ്, ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ശ്രീ.ഇഗ്നേഷ്യസ് ലയോള, ടി.എം.എഫ്. സെക്രട്ടറി ശ്രീ. ജസ്റ്റിൻ ബെയിനിൽ, അതിരൂപത കെ. സി. വൈ. എം പ്രസിഡന്റ് ശ്രീ. സനു സാജൻ, കെ. എൽ. എം. പ്രസിഡന്റ് ശ്രീ. എറോണിയാസ് ജോൺ, എന്നിവർ സംസാരിച്ചു.

## '50 മത് മുക്തി ലഹരി വിമോചന കുടുംബ നവീകരണ ധ്യാനം

തിരുവനന്തപുരം ലത്തീൻ അതിരൂപത സാമൂഹ്യ ശുശ്രൂഷ വിഭാഗത്തിന്റെയും കരിസ്മാറ്റിക് കൂട്ടായ്മയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തി വരുന്ന 'മുക്തി ലഹരി വിമോചന കുടുംബ നവീകരണ ധ്യാനം' ജൂലൈ 2 ഞാറാഴ്ച വൈകുന്നേരം 5:00 മണി മുതൽ ജൂലൈ 7 വെള്ളിയാഴ്ച വൈകുന്നേരം 3:00 മണി വരെ മേനംകുളം അനുഗ്രഹ ഭവനിൽ വച്ച് നടന്നു. ലഹരി ആസക്തിയിൽ മുഴുകിയിരിക്കുന്ന വ്യക്തികളും അവരുടെ കുടുംബാംഗങ്ങളും അടക്കം 40 പേർ ധ്യാനത്തിൽ പങ്കെടുത്തു.




മുതലപ്പൊഴിയിലെ അശാസ്ത്രീയത പരിഹരിച്ച് സുരക്ഷിതമായ മത്സ്യബന്ധനത്തിന് സാഹചര്യം ഒരുക്കുക,. മത്സ്യത്തൊഴിലാളികൾക്കും തിരുവനന്തപുരം ലത്തീൻ അതിരൂപത വികാരി ജനറലിനും എതിരെ രജിസ്റ്റർ ചെയ്ത കള്ളക്കേസുകൾ പിൻവലിക്കുക. മത്സ്യത്തൊഴിലാളികളുടെ വിഷമാവസ്ഥയിൽ അവരെ അധിക്ഷേപിച്ച മന്ത്രിമാർ മാപ്പ് പറയുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കെഎൽസിഎ അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷനിലേക്ക് നടത്തിയ മാർച്ച്.



അതിരൂപതയിലെ ഇടവകകളിലെ ഉപദേശികൾക്കായി അജപാലന ശുശ്രൂഷ സുവിശേഷവൽക്കരണ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അർദ്ധദിന സെമിനാർ




അല്മായ സംഘടനകളുടെ നേതൃത്വത്തിൽ ആനി മസ്ക്രീന്റെ അറുപതാം ചരമ വാർഷികം ആചരിച്ചപ്പോൾ

# കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ

**ആണ്ടുവട്ടം 18-ാം ഞായർ (ആഗസ്ത് 6)** ദാനി 7:910,1314, 2 പത്രോ1:1619, മത്താ 17:19

**ഫാ. വിശാൽ വി.**

ക്രിസ്തുവിന്റെ മുഖകാന്തിയുടെ ദർശനത്തിരുനാളാണ് ആരാധനക്രമത്തിലെ സാധാരണകാലത്ത് ആചരിക്കപ്പെടുന്നത്. താബോർമലയിൽ ക്രിസ്തു തന്റെ ദൈവികകാന്തി, ദൈവികസാന്നിധ്യം വെളിപ്പെടുത്തിയ സംഭവം ഇന്ന് നാം അനുസ്മരിക്കുന്നു. മലമുകളിലെ ദൈവികകാന്തി തേടി ഇന്നും മനുഷ്യർ ജീവിതത്തിൽ മലകയറാറുണ്ട്. അത് വിശ്വസ്തതയോടും ഏകാഗ്രതയോടും കൂടെ നിർവ്വഹിക്കുന്നവർ ദൈവത്തിന്റെ മുഖകാന്തി ദർശിക്കുന്നു. ആ ദൈവികപ്രഭ സ്വായത്തമാക്കുന്നു.

ക്രിസ്തുവിന്റെ പരസ്യജീവിതത്തിന്റെ ഉച്ചസ്ഥായിയാണ് സുവിശേഷം വിവരിക്കുന്ന രൂപാന്തരീകരണം. ദൈവത്തിന്റെ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതിനും, തന്റെ രക്ഷാകരയാഗം അർപ്പിക്കുന്നതിനുമായി അവിടുന്ന് ജറുസലേമിലേക്കു പോകും വഴിയാണ് താബോർമല കയറിയതും. രൂപാന്തരീകരണം പ്രാപിച്ചതും പീഡകളിൽ പൊതിഞ്ഞ അവിടുത്തെ മഹത്വീകരണം മനസ്സിലാക്കാൻ ഏറ്റവും അടുത്തുണ്ടായിരുന്ന അപ്പസ്തോലന്മാർക്കുപോലും കഴിഞ്ഞില്ല. എന്നാൽ തന്റെ പുനഃരുത്ഥാനത്തിന്റെ മഹത്വമാർന്ന തേജസ് പത്രോസിനും, യാക്കോബിനും, യോഹന്നാനും വെളിപ്പെടുത്തിക്കൊടുക്കാൻ അവിടുന്ന് തീരുമാനിച്ചതാണ് താബോർ അനുഭവം. തന്റെ കുരിശിന്റെ വഴിയെ ശിഷ്യർ പതറാതെ പിൻതുടരുന്നതിനും ശിഷ്യരുടെ വിശ്വാസത്തെ ബലപ്പെടുത്തുന്നതിനുമായിരുന്നു താബോറിലുള്ള രൂപാന്തരീകരണം. പിതൃമഹത്വത്തിന്റെ സമ്പൂർണരൂപമാണ് താബോറിലെ തേജസ്വീകരണത്തിൽ ക്രിസ്തു വെളിപ്പെടുത്തിയത്. വെളിപാടിന്റെ പൂർത്തീകരണമെന്നോണം നിയമത്തെയും, പ്രവാചകന്മാരെയും വെളിപ്പെടുത്തുമാറ് തന്റെ രൂപാന്തരീകരണത്തിൽ ക്രിസ്തുവിന്റെ ചാരത്ത് മോശയും എലിയായും സന്നിഹിതരായിരുന്നു. ഇതിലൂടെ ക്രിസ്തുവിന്റെ പീഡാനുഭവത്തിലൂടെ എല്ലാം ആരംഭിക്കുകയും ക്രിസ്തുവിന്റെ മഹത്വീകരണത്തിലൂടെ എല്ലാം അവസാനിക്കുകയും ചെയ്യുമെന്ന് മുന്നറിയിപ്പ് നൽകുന്നു. അവിടുന്ന് ആൽഫയും ഒമേഗയുമാണ്. സകലത്തിന്റെയും ആരംഭവും അവസാനവും. വഴിയും, സത്യവും ജീവനുമായ അവിടുന്ന് ലോകരക്ഷയ്ക്കായി തന്നെത്തന്നെ സമർപ്പിക്കുന്നു.

> നിത്യമായ ആനന്ദത്തിന്റേതാണ് അവിടുത്തെ വഴിയെന്ന് നാം മറക്കരുത്. അവിടുത്തെ പാതയിൽ തീർച്ചയായും കുരിശുകളുണ്ടാകും. എന്നാൽ അന്ത്യത്തിൽ ആനന്ദമായിരിക്കും കാത്തിരിക്കുന്നത്. ക്രിസ്തു നമ്മെ കൈവിടില്ല. നാം അവിടുത്തോട് ചേർന്ന് ചരിച്ചാൽ, അവിടുന്ന് വാഗ്ദാനം ചെയ്ത സന്തോഷം നമുക്ക് ലഭിക്കുക തന്നെ ചെയ്യും.

ഇന്ന് ക്രിസ്തുശിഷ്യരായ നമുക്കുള്ള സുവിശേഷ സന്ദേശമിതാണ്. നിങ്ങൾ അവിടുത്തെ ശ്രവിക്കുവിൻ. നിങ്ങൾ ക്രിസ്തുവിനെ ശ്രദ്ധിക്കുക. അവിടുന്നാണ് ര

ക്ഷകൻ. അവിടുത്തെ അനുഗമിക്കാം. ക്രിസ്തുവിനെ ചെവികൊള്ളാനും, അനുഗമിക്കാനും അവിടുത്തെ പെസഹാരഹസ്യങ്ങളുടെ യുക്തി നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അവിടുത്തെ ശൈലി നാം സ്വീകരിക്കുമ്പോൾ ജീവിതത്തെ മറ്റുള്ളവർക്കായി സ്നേഹസമ്മാനമായും, സ്നേഹസമർപ്പണമായും പരിവർത്തനം ചെയ്യാൻ നമുക്ക് സാധിക്കും. അതിലൂടെ ലൗകിക വസ്തുക്കളിൽ നിന്നും അകന്ന് ആന്തരീക സ്വാതന്ത്ര്യത്തോടെ ദൈവഹിതത്തിന് വിധേയപ്പെട്ടു ജീവിക്കുവാൻ കൃപ നാം കണ്ടെത്തും. സ്വയം നഷ്ടപ്പെടുത്തിക്കൊണ്ട് എല്ലാം മറ്റുള്ളവർക്കായി സമർപ്പിച്ച് സകലർക്കും രക്ഷപ്രദാനം ചെയ്യുന്ന നിത്യമായ ആനന്ദത്തിന്റെ ജീവിതശൈലിയാണ് ക്രിസ്തു നമുക്ക് പകർന്നുനൽകുന്നത്.

നിത്യമായ ആനന്ദത്തിന്റേതാണ് അവിടുത്തെ വഴിയെന്ന് നാം മറക്കരുത്. അവിടുത്തെ പാതയിൽ തീർച്ചയായും കുരിശുകളുണ്ടാകും. എന്നാൽ അന്ത്യത്തിൽ ആനന്ദമായിരിക്കും കാത്തിരിക്കുന്നത്. ക്രിസ്തു നമ്മ കൈവിടില്ല. നാം അവിടുത്തോട് ചേർന്ന് ചരിച്ചാൽ, അവിടുന്ന് വാഗ്ദാനം ചെയ്ത സന്തോഷം നമുക്ക് ലഭിക്കുക തന്നെ ചെയ്യും. ജീവൻ പരിരക്ഷിക്കാൻ ശ്രമിക്കുന്നവന് അത് നഷ്ടമാകും. എന്നാൽ അത് ക്രിസ്തുവിനെയോ, സുവിശേഷത്തെയോ പ്രതി നഷ്ടപ്പെടുത്തുന്നവർക്ക് അത് നേട്ടമായി ഭവിക്കും. ഇതാണ് സകല മനുഷ്യരുമായുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതി.

പത്രോസിനും യാക്കോബിനും യോഹന്നാനും താബോർ മലയിൽ ലഭിച്ച രൂപാന്തരീകരണത്തിന്റെ സന്ദേശം നമുക്ക് സ്വായത്തമാക്കാം. അവിടുത്തെ സ്നേഹത്തിൽ നമുക്ക് രൂപാന്തരപ്പെടാം. എല്ലാറ്റിനെയും രൂപാന്തരപ്പെടുത്താൻ സ്നേഹത്തിന് കരുത്തുണ്ട്. അത് എല്ലാറ്റിനെയും മാറ്റിമറിക്കുന്നു. കാരണം സ്നേഹത്തിന് രൂപാന്തരീകരണ ശക്തിയുണ്ട്. ക്രിസ്തു പഠിപ്പിച്ചത് സ്നേഹത്തിന്റെ ആനന്ദമാണ്. കാരണം ദൈവം സ്നേഹമാണ്. തന്നിലൂടെ ദൈവിക കാരുണ്യവും സ്നേഹവും അവിടുന്ന് നമുക്ക് ദൃശ്യമാക്കുന്നു. ആ സ്നേഹത്തിൽ അനുദിനം ജീവിക്കാനും വളരുവാനും നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■

# അലറുന്ന കടലും പതറുന്ന വിശ്വാസവും

**ആണ്ടുവട്ടം 19-ാം ഞായർ (ആഗസ്ത് 13)** 1 രാജാ 19:9b, 1113, റോമാ 9:15, മത്താ 14:2233

**ഫാ. ഡൈസൺ**

> അപ്രതീക്ഷിതമായി നമ്മുടെ ജീവിതത്തിൽ ആഞ്ഞുവീശുന്ന കൊടുങ്കാറ്റെന്ന പ്രതിസന്ധികളെ അതിജീവിക്കുവാൻ നമ്മുടെ നോട്ടം ക്രിസ്തുവിലായിരിക്കണം. ട്രപ്പീസിൽ ഊഞ്ഞാൽ അഭ്യാസം കാണിക്കുന്ന സർക്കാസുകാരന്റെ ആത്മധൈര്യം നമുക്കുണ്ടാകണം. ഒരു പക്ഷിയെ പോലെയാണ് അയാൾ അന്തരീക്ഷത്തിൽ മലക്കം മറിയുന്നത്.

അലറുന്ന കടലിനു മുമ്പിൽ പതറി പോകേണ്ടതല്ല ക്രൈസ്തവ വിശ്വാസം. എന്തിനെയും നേരിടുവാൻ നമ്മെ സജ്ജരാക്കുന്ന ദൈവീക ശക്തിയാണ് വിശ്വാസം. നമ്മുടെ ഉള്ളിൽ നിന്ന് പ്രവഹിക്കേണ്ട ആത്മീയ ഊർജ്ജമാണത്. ദൈവത്തിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് മുന്നോട്ട് ചരിക്കുവാൻ നമ്മെ സഹായിക്കുന്ന ദൈവത്തിന്റെ അദൃശ്യമായ ശക്തിയാണത്.

## 1. കാറ്റും കടലും കർത്താവിന്റേതാണ്

കാറ്റും കടലും കർത്താവിനു സ്തുതി പാടേണ്ട അനുസരണയുള്ള സൃഷ്ടികളാണ് (സങ്കീ 148:5). കർത്താവിന്റെ ആജ്ഞയ്ക്ക് വേണ്ടി കാത്തിരിക്കുന്ന കർത്താവിന്റെ ദൂതനാണ് കാറ്റ് (സങ്കീ 104:4, 107:25-30). യഹൂദ സങ്കല്പമനുസരിച്ച് കടലും മരുഭൂമിയും പിശാചിന്റെ വാസകേന്ദ്രമാണ്. മരുഭൂമിയിൽ യേശുവിനെ പിശാച് പരീക്ഷിക്കുന്നുണ്ട് (മത്താ 4:1). കടലിലെ ലവയാഥന്റെ സാന്നിദ്ധ്യം പിശാചിന്റെ പ്രതീകമായിട്ടാണ് യഹൂദജനത കണ്ടത്. കടലിൽ തിരമാലകൾ ഉയർന്നാലും, കൊടുങ്കാറ്റു വീശിയാലും യഹൂദർ ലവയാഥന്റെ പ്രവൃത്തിയായിട്ടെ കണ്ടുള്ളു (സങ്കീ 104:26, ജോബ് 3:8). അലറുന്ന കടലിനെയും ഉയരുന്ന തിരമാലകളെയും ശിഷ്യന്മാർ ഗ്രഹിച്ചത് പൈശാചിക പ്രവർത്തനങ്ങളുടെ പ്രതിഫലനമായിട്ടാണ്. യേശുവിനെ പോലും ഭൂതമായി അവർ തെറ്റിദ്ധരിക്കുന്നതും ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കേണ്ടത്. തിന്മയുടെ പ്രതീകമായ കടലിന്റെ മീതെ യേശു നടക്കുന്നതിലൂടെ കടൽ നന്മയുടെ ഇടമായി മാറുന്നു. നമ്മുടെ ജീവിതങ്ങളിലും യേശുവിനെ നടക്കാൻ അനുവദിക്കുക. അപ്പോൾ നമ്മുടെ തിന്മകൾ ഇല്ലാതാവുകയും നന്മയുടെ ദിവ്യ ഇടങ്ങളായി നമ്മൾ മാറുകയും ചെയ്യും. കടലിന്റെ മീതെ നടക്കുന്നതിലൂടെ പ്രപഞ്ചശക്തിക്കുമേലുള്ള യേശുവിന്റെ അധികാരം വെളിപ്പെടുകയാ

ണ്. കാറ്റും കടലും യേശുവിനെ അനുസരിക്കുന്നു. കാരണം അവ കർത്താവിന്റെ സൃഷ്ടികളാണ്.

## 2. യേശു ദൈവമാണ്

സോക്രട്ടീസിന്റെ ജീവിതവും മരണവും ലോകം കണ്ട ഏറ്റവും വലിയ സത്യസന്ധനായ തത്വജ്ഞാനിയുടെ ജീവിതവും മരണവുമാണ്. ഏഷ്യായുടെ വെളിച്ചമെന്ന് അറിയപ്പെടുന്ന മഹാനായ ശ്രീ. ബുദ്ധന്റെ ജീവിതവും മരണവും ലോകം കണ്ട ഏറ്റവും നല്ല മനുഷ്യന്റെ, ബോധോദയം ലഭിച്ച നല്ല ഗുരുവിന്റെ ജീവിതവും മരണവുമാണ്. ഇസ്ലാം മതത്തിന്റെ സ്ഥാപകനായ മുഹമ്മദിന്റെ ജീവിതവും മരണവും ലോകം കണ്ട ഒരു വലിയ പ്രവാചകന്റെ ജീവിതവും മരണവുമാണ്. അദ്വൈത തത്വശാസ്ത്രത്തിലൂടെ ഭാരതമനസ്സിൽ ഇടം പിടിച്ച ശങ്കരാചര്യന്റെ ജീവിതവും മരണവും ലോകം കണ്ട വലിയ ഒരു താത്വികന്റെ ജീവിതവും മരണവുമാണ്. എന്നാൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കന്യകാമറിയത്തിൽ നിന്നും പിറന്ന കർത്താവായ യേശുവിന്റെ ജീവിതവും മരണവും ഒരു ദൈവത്തിന്റെ ജീവിതവും മരണവുമാണ്; കാരണം മനുഷ്യനായി പിറന്ന യേശു ദൈവമാണ്. മറ്റു വാക്കുകളിൽ യേശു 100% മനുഷ്യനും 100% ദൈവവുമാണ്. അതുകൊണ്ടാണ് എല്ലാ മുട്ടുകളും അവന്റെ മുൻപിൽ മടങ്ങുന്നതും എല്ലാ നാവുകളും അവനെ പുകഴ്ത്തുന്നതും (റോമ: 14:11). ഞാനും പിതാവും ഒന്നാണെന്ന് പറയുന്നതിലൂടെ യേശു ദൈവമാണെന്ന് വെളിപ്പെടുത്തുന്നു (യോഹ 10:30). മുൾപടർപ്പിലെ അഗ്നിയിലൂടെ മോശയ്ക്ക് സ്വയം വെളിപ്പെടുത്തിയ യഹോവയായ ദൈവത്തെ അനുസ്മരിക്കുന്ന രീതിയിലാണ് സുവിശേഷത്തിൽ യേശു പറയുന്നു. ഞാനാണ്, ഭയപ്പെടേണ്ട (ഉല്പത്തി 3:1; യോഹ 8:58; 18:5–6). മറ്റുവാക്കുകളിൽ യേശു ദൈവമാണെന്ന് ശിഷ്യർക്ക് വെളിപ്പെടുത്തി കൊടുക്കുന്നു. അപ്പോൾ അവർ അവനെ ആരാധിച്ചുകൊണ്ട് പറഞ്ഞു: സത്യമായും നീ ദൈവപുത്രനാണ് (മത്തായി 14:33).

മറ്റാരിലും രക്ഷയില്ല. ലോകത്തിന്റെ രക്ഷയ്ക്ക് വേണ്ടി യേശുവല്ലാതെ മറ്റാരുടെയും നാമം നല്കപ്പെട്ടിട്ടില്ല (അപ്പ 4:12). ശ്രീബുദ്ധനും ആദിശങ്കരനും മരിച്ചവരെ ജീവനിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മരിച്ച് ശരീരം അഴുകാറായ ലാസറിനെ ജീവനിലേക്ക് തിരികെ കൊണ്ടുവന്ന യേശു ദൈവമാണ്. യേശു വചനം മാംസം ധരിച്ച ദൈവമാണെന്ന് (യോഹ 1:1–14) യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ പറയുന്നു. സുവിശേഷത്തിന്റെ അവസാനത്തിലാകട്ടെ തോമസ് അപ്പസ്തോലനിലൂടെ യേശു കർത്താവും ദൈവമാണെന്നും പറയുന്നു (യോഹ 20:28). ചരിത്രത്തെ രണ്ടായി പിളർന്ന് ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി യേശുവിന് മാറുവാൻ സാധിച്ചത് യേശു ദൈവമായതു കൊണ്ടാണ്. മാത്രമല്ല ഒരു വെള്ളിയാഴ്ച തന്നെ കുരിശിലേറാൻ വിട്ടുകൊടുത്തുകൊണ്ട് അടുത്ത ഞായറാഴ്ച സ്വന്തം ശക്തിയാൽ ഉയിർത്തെഴുന്നേറ്റ് യേശു ദൈവമായതു കൊണ്ടാണ്. സുവിശേഷത്തിൽ ദൈവത്തിന്റെ സൃഷ്ടികളായ കാറ്റും കടലും യേശുവിനെ അനുസരിക്കുന്നത് യേശു ദൈവമായതുകൊണ്ടാണ്. മാത്രമല്ല ഏകദൈവവിശ്വാസികളായ ശിഷ്യർ യേശുവിനെ ആരാധിക്കുന്നതും യേശു ദൈവമായതു കൊണ്ടാണ്. ദൈവമായ യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കാം.

## 3. നമ്മുടെ നോട്ടം ദൈവമായ യേശുവിലായിരിക്കണം

ജീവിതത്തിൽ പ്രകാശിതരാകാൻ നമ്മുടെ നോട്ടം എപ്പോഴും ദൈവത്തിലായിരിക്കണം (സങ്കീ 34:5). കൊതുകിന്റെ നോട്ടം എപ്പോഴും അന്യന്റെ ചോരയിലാണ്. കഴുകന്റെ നോട്ടം ശവത്തിലാണ്. സിംഹത്തിന്റെ നോട്ടം ഇരയിലാണ്. ഒറ്റുകാരന്റെ നോട്ടം വെള്ളിത്തുട്ടുകളിലാണ്. ഒരു ക്രിസ്ത്യാനിയുടെ നോട്ടം എപ്പോഴും ക്രിസ്തുവിലായിരിക്കണം. ദൈവത്തെ നോക്കിയ മോശ പ്രകാശിച്ചതുപോലെ യേശുവിനെ നോക്കുന്ന നമ്മളും പ്രകാശിക്കാൻ യേശുവിന്റെ മുഖത്തിലേക്ക് നോക്കാം. യേശുവിനെ നോക്കിയ പത്രോസിന് കടലിന്റെ മീതെ നടക്കാനുള്ള വെളിച്ചവും ശക്തിയും ലഭിക്കുന്നു. എപ്പോഴാണോ പത്രോസ് തന്റെ നോട്ടം യേശുവിൽ നിന്ന് മാറ്റി പ്രകൃതി ശക്തിയിലേക്ക് കേന്ദ്രീകരിച്ചത് അപ്പോൾ അവൻ ജലത്തിൽ മുങ്ങി താഴാൻ തുടങ്ങി. ക്രിസ്തുവിന്റെ ശക്തിയെക്കുറിച്ചുള്ള അവിശ്വാസമാണ് പത്രോസിനെ പ്രതിസന്ധിയിലാക്കിയത്. യേശുവിന്റെ വാക്കിന്മേലാണ് പത്രോസ് ജലത്തിന്റെ മീതെ നടന്നത്. എന്നിട്ടും കടലിലെ ദുഷ്ടശക്തികളെ നിഗ്രഹിക്കാൻ യേശുവിന് കഴിയുമെന്നുള്ള സത്യം പത്രോസ് ഗ്രഹിച്ചില്ല.

അപ്രതീക്ഷിതമായി നമ്മുടെ ജീവിതത്തിൽ ആഞ്ഞുവീശുന്ന കൊടുങ്കാറ്റെന്ന പ്രതിസന്ധികളെ അതിജീവിക്കുവാൻ നമ്മുടെ നോട്ടം ക്രിസ്തുവിലായിരിക്കണം. ട്രപ്പീസിൽ ഊഞ്ഞാൽ അഭ്യാസം കാണിക്കുന്ന സർക്കാസുകാരന്റെ ആത്മധൈര്യം നമുക്കുണ്ടാകണം. ഒരു പക്ഷിയെ പോലെയാണ് അയാൾ അന്തരീക്ഷത്തിൽ മലക്കം മറിയുന്നത്. തഴെ വീണ് നട്ടെല്ല് ഒടിയുമെന്നുള്ള ഭയാശങ്കകൾ അയാൾക്കില്ല. കാരണം താഴെ വലിച്ചു കെട്ടിയിരിക്കുന്ന കയറ്റു വലയിലാണ് വീഴുക. അതാണ് ആ അഭ്യാസം കാട്ടാനുള്ള ആത്മധൈര്യം അയാൾക്ക് പകർന്നു നല്കുന്നത്. നമുക്ക് ആത്മധൈര്യം പകരുന്നത് ദൈവത്തിന്റെ താണു പോകാത്ത കരങ്ങൾ നമ്മെ വഹിക്കാനായി നമുക്ക് കീഴിലുണ്ട് എന്ന യഥാർത്ഥ്യമാണ്. എന്തുവന്നാലും അതെല്ലാം നിയന്ത്രിക്കുന്ന ശക്തനായവൻ നമ്മുടെ കൂടെയുണ്ട് എന്ന വിശ്വാസം നമുക്കുണ്ടാവണം.

കടലിനു മീതെ നടന്നു വരുന്ന യേശുവിനെ കണ്ടപ്പോൾ ഭൂതമാണെന്ന് ശിഷ്യർ ഭയപ്പെടുവാൻ കാരണം യേശുവിനെ തിരിച്ചറിയാൻ സാധിക്കാത്ത വിധം അവരുടെ ഉള്ള് അന്ധമായതിനാലാണ്. ജീവിതത്തിൽ പ്രകാശമുണ്ടാകാൻ ക്രിസ്തുവിലേക്ക് നമുക്കു നോക്കാം. ക്രിസ്തുവാകണം ഒരു ക്രിസ്ത്യനിയുടെ നിക്ഷേപം. കാരണം നിക്ഷേപം എവിടെയാണോ അവിടാണ് ഹൃദയവും.

# കാനാൻകാരിയുടെ മൽപ്പിടുത്തം

**ആണ്ടുവട്ടം 20-ാം ഞായർ (ആഗസ്റ്റ് 20)** ഏശ 56:1,67, റോമാ 11:1315,2932, മത്താ 15:2128

**ഫാ. പ്രബൽ**

ദൈവകൃപയുടെ പിന്നാമ്പുറങ്ങളിൽ എപ്പോഴും ഒരു മൽപ്പിടുത്തത്തിന്റെ ചരിത്രമുണ്ട്. ഉല്പ. 32:33-30 വരെയുള്ള വാക്യങ്ങളിൽ പൂർവപിതാവായ യാക്കോബ് രാത്രിമുഴുവനും 'അവിചാരിത' വ്യക്തിയുമായി മൽപ്പിടുത്തം നടത്തുന്നുണ്ട്. തുടർന്ന് അനുഗ്രഹം വാങ്ങിയാണ് അയാൾ പോവുക. കാനാൻകാരിയും ഇത്തരത്തിലുള്ള മൽപ്പിടുത്തം തന്നെയാണ് നടത്തുന്നത്.

മൂന്നുഘട്ടങ്ങളായാണ് കാനാൻകാരിയുടെ യേശുവുമായുള്ള മൽപ്പിടുത്തം.

1. കാനാൻകാരിയുടെ കണ്ണീരിനോടും അപേക്ഷകളോടും യേശുവിന് നിശബ്ദത ചില നിമിഷങ്ങളിൽ മോശം വാക്കുകളേക്കാൾ ഹീനമാകും നിശബ്ദത. ശിഷ്യന്മാർക്കുപോലും ആ നിശബ്ദത അത്രമേൽ അവഗണനാപരമെന്നുതോന്നി. ശിഷ്യന്മാരെ പോലും സങ്കടത്തിലാഴ്ത്തിയ കാനാൻകാരിയുടെ ഭാവങ്ങൾ കണ്ട് കരുണയുടെ തമ്പുരാന് അലിവ് തോന്നിയില്ല എന്ന് കരുതുന്നത് അബദ്ധമാണ്. നിലവിളിയിലും അപേക്ഷയിലും യേശു അവളുടെ ഉള്ള് അളന്നു. അവളുടെ ഉള്ളിൽ തിളയ്ക്കുന്ന വിശ്വാസത്തിന്റെ അഗ്നിപർവതം അവൻ കണ്ടു.

2. മൽപ്പിടുത്തത്തിന്റെ രണ്ടാംഘട്ടത്തിൽ, ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കാണ് ചായ്‌വ് എന്നുപറഞ്ഞാണ് സൗഖ്യംതടയുന്നത്. അവളുടെ വിശ്വാസ ബോധ്യങ്ങളെ തമ്പുരാൻ പൊള്ളിക്കുന്നുണ്ട്. വേദനിക്കുന്നത് കാനാാൻകാരിയ്ക്ക് ആണെങ്കിലും യഹൂദരുടെ വിശ്വാസബോധ്യങ്ങളെയും അവിടുന്ന് ചോദ്യം ചെയ്യുന്നുണ്ട്. തന്റെ ആഗമന ഉദ്ദേശ്യം പ്രഖ്യാപിക്കുന്നതിലൂടെ. ചിലരുടെ വിശ്വാസന്വേഷണ പരീക്ഷണങ്ങൾ മറ്റുള്ളവർക്ക് മിന്നലാഘാതശേഷിയുടെ ബോധോദയങ്ങൾ നല്കാൻ കാരണമാകാറുണ്ട് എന്ന് നാം തിരിച്ചറിയുന്നു.

3. അവസാനം, തള്ളപ്പെടുന്നതിൽ തളരാതെ പ്രണമിച്ച് നിലവിളിക്കുന്ന കാനാൻകാരിയോട് പറയരുതാത്തതെന്ന് നാം ചിന്തിച്ചേക്കാവുന്നത് പറയുകയാണ് യേശു: മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് (യഹൂദർ സത്യദൈവത്തെ ആരാധിക്കുകയും വിജാതീയർ വിഗ്രഹങ്ങളെ ആരാധിക്കുന്നതുമാണ് വിവക്ഷ) ഉചിതമല്ലെന്ന്. മൽപ്പിടുത്തത്തിന്റെ അവസാനം വിജയതിലകം ചൂടി കൊണ്ടവൾ മൊഴിഞ്ഞു. നായ്ക്കളും യജമാനൻമാരുടെ മേശയിൽ നിന്നുവീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ!

മൽപ്പിടുത്തത്തിൽ വിജയിച്ച കാനാൻകാരിയെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് യേശു പ്രഖ്യാപിച്ചു. 'സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്'. പരിശുദ്ധ അമ്മയെ വിളിച്ച അതേ പദം തന്നെ കാനാൻ കാരിയേയും സംബോധന ചെയ്യുവാൻ ഉപയോഗിക്കുന്നു -'സ്ത്രീ'.

വി. അഗസ്റ്റിൻ പറയുക, "a little faith will bring your soul to heaven, but a lot of faith will bring heaven to your soul" (അല്പം വിശ്വാസം നിങ്ങളുടെ ആത്മാവിനെ സ്വർഗത്തിൽ എത്തിക്കും. എന്നാൽ സ്ഥിരതയുള്ള വിശ്വാസം സ്വർഗത്തെ നിങ്ങളുടെആത്മാവിൽ എത്തിക്കും.) തന്റെ സ്ഥിരതയുള്ള വിശ്വാസത്താൽ കാനാൻകാരി സ്വർഗത്തെ തന്റെ ആത്മാവിൽ എത്തിച്ചു. ■

മൽപ്പിടുത്തത്തിൽ വിജയിച്ച കാനാൻകാരിയെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് യേശുപ്രഖ്യാപിച്ചു. 'സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്". പരിശുദ്ധ അമ്മയെ വിളിച്ച അതേ പദം തന്നെ കാനാൻ കാരിയേയും സംബോധന ചെയ്യുവാൻ ഉപയോഗിക്കുന്നു -'സ്ത്രീ'.

# ദൈവപുത്രനായ ക്രിസ്തു

**ആണ്ടുവട്ടം 21-ാം ഞായർ (ആഗസ്റ്റ് 27)** ഏശ 22:1923, റോമാ 11:3336, മത്താ 16:1320

**ഫാ. ഡാർവിൻ ഫെർണാണ്ടസ് എ.**

> ദൈവത്തെ അറിയാനുള്ള തീക്ഷ്ണമായ ആഗ്രഹവും ദൈവത്തോടും സഹോദരരോടുമുള്ള സ്നേഹവും നമ്മിലുണ്ടെങ്കിൽ അവിടുന്ന് നമുക്ക് തന്നെത്തന്നെ വെളിപ്പെടുത്തി നൽകും. ആ വ്യക്തിപരമായ ബന്ധത്തിൽ യേശു എനിക്കാരാണെന്ന് വിശ്വാസത്തോടെ പറയാൻ ഓരോ ക്രൈസ്തവനും സാധിക്കും.

അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം (മത്താ 1:1) എന്നാരംഭിക്കുന്ന മത്തായിയുടെ സുവിശേഷത്തിന്റെ ആദ്യാധ്യായങ്ങൾ യേശുവിന്റെ മനുഷ്യത്വത്തെ വെളിപ്പെടുത്തുന്നു. സുവിശേഷത്തിന്റെ മധ്യഭാഗത്തോടടുത്ത്, മനുഷ്യപുത്രനായ യേശു ദൈവപുത്രനാണെന്നും ഇസ്രായേലിന്റെ പ്രതീക്ഷയായ ക്രിസ്തുവുമാണെന്നുള്ള വെളിപ്പെടുത്തലുകളാണ് മത്തായി വിവരിക്കുക. യേശുവിന്റെ ദൈവത്വവും ക്രിസ്തുത്വവും ഏറ്റുപറയുന്ന പത്രോസിനെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം ദർശിക്കുക.

**വാഗ്ദാനത്തിന്റെ പൂർത്തീകരണം**

പിതാവായ ദൈവം ദാവീദ് രാജാവിന് നൽകിയ വാഗ്ദാനങ്ങളുടെ പൂർത്തികരണമാണ് യേശുവെന്നത് പത്രോസിന്റെ വാക്കുകളിലൂടെ വ്യക്തമാക്കപ്പെടുന്നു. ദാവീദിന്റെ സിംഹാസനം നിലനിർത്തുവാൻ ദൈവപുത്രനും അഭിഷിക്തനുമായവൻ (ക്രിസ്തു) വരുമെന്ന് രാജ്യവും, രാജാവും നഷ്ടപ്പെട്ട ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നു. ഇതിനാധാരമായ ദൈവവചനം 2 സാമു 7:4-16 ലും, 1 ദിന 17:3-19 ലുമാണ് നാം കാണുക. ദാവീദിന്റെ പുത്രന്റെ കൈകളിൽ രാജ്യം ഏൽപ്പിക്കപ്പെടുമെന്നും, അവൻ എന്നേക്കും രാജാവായിരിക്കുമെന്നും നാഥാൻ പ്രവചിക്കുന്നു. പഴയനിയമത്തിൽ സാവൂളും ദാവീദുമെല്ലാം രാജാവായി മാറുന്നത് അഭിഷേചനത്താലാണല്ലോ. ഇവിടെ പത്രോസ് യേശുവിനെ ക്രിസ്തു - അഭിഷിക്തൻ എന്ന് വിളിക്കുന്നതിലൂടെ യേശു ഇസ്രായേലിന്റെ രാജാവാണ് എന്ന സൂചന ലഭിക്കുന്നു. അവൻ വെറും രാജാവ് മാത്രമല്ലായെന്നും ദൈവത്തിന്റെ പുത്രനുമായിരിക്കുമെന്നും നാഥാനിലൂടെ ദൈവം അറിയിക്കുന്നുണ്ട്. ''ഞാൻ അവനു ദൈവവും അവൻ എനിക്ക് പുത്രനുമായിരിക്കും (2 സാമു 7:14, 1 ദിന 17:13, സങ്കീ 2:7). 'ദൈവത്തിന്റെ പുത്രനായ ക്രിസ്തു'വെന്ന് യേശുവിനെ നോക്കി പത്രോസ് വിശ്വാസപ്രഖ്യാപനം നടത്തുമ്പോൾ - നാഥാനിലൂടെ അരുൾചെയ്ത, ദാവീദിന്റെ വംശം നിലനിർത്തേണ്ട, ദൈവപുത്രനും എന്നേക്കും രാജാവുമായ ക്രിസ്തു - യേശുവാണെന്ന് പത്രോസ് പ്രഖ്യാപിക്കുന്നു.

**കേസറിയാ ഫിലിപ്പിയിലെ വിശ്വാസ പ്രഖ്യാപനം**

കേസറിയാ ഫിലിപ്പി ഒരു വിജാതീയ പട്ടണമാണ്. ഈ പട്ടണം ആദ്യം അറിയപ്പെട്ടിരുന്നത് 'ഹേ പനേയാസ്' എന്നാണ്. വിജാതീയർ പാൻ ദേവന് പ്രത്യേക ബഹുമതി നൽകി പണിത ഒരു ക്ഷേത്രം ഇവിടെയുണ്ടായിരുന്നു. അഗസ്റ്റസ് സീസർ ബി.സി. 20-ൽ മഹാനായ ഹേറോദ് രാജാവിനെ ഈ പട്ടണം ഏൽപ്പിച്ചു. പിന്നീട് ഹേറോദ് തന്റെ മകൻ ഫിലിപ്പിനെ ഈ പട്ടണം ഏൽപ്പിക്കുകയും ചെയ്തു. ഫിലിപ്പ് ഈ പട്ടണം വലുതാക്കി. അഗസ്റ്റസ് സീസറിനോടുള്ള ബഹുമാനമായി കേസറിയാ (സീസർ) എന്നും തന്റെ തന്നെ പേരായ ഫിലിപ്പ് കൂടി ചേർത്ത് കേസറിയാ ഫിലിപ്പി എന്ന പുതിയ പേര് നൽകുകയും ചെയ്തു. ഈ പട്ടണത്തിൽ വച്ചാണ് പത്രോസ് വിശ്വാസപ്രഖ്യാപനം നടത്തുക. പാൻ ദേവനെ ദൈവമായും സീസറിനെ ഏകരാജാവായും കണ്ടിരുന്ന കേസറിയാ ഫിലിപ്പിയിൽ വച്ച് യേശുവാണ് യഥാർഥ ദൈവമെന്നും (ദൈവപുത്രൻ) വേറെ ഒരു ദൈവമില്ലെന്നും, യേശുവാണ് അഭിഷിക്തനായ - ക്രിസ്തുവായ - ഏകരാജാവെന്നും പത്രോസ് പ്രഖ്യാപിക്കുന്നു. ഈ വിശ്വാസ അനുഭവത്തിലേക്കാണ് - വ്യക്തിപരമായ വിശ്വാസ അനുഭവത്തിലേക്കാണ് - ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത്. ■

**ആൾക്കൂട്ടവിശ്വാസം, വ്യക്തിപരമായ വിശ്വാസം**

യേശുവിന്റെ ആദ്യചോദ്യമിപ്രകാരമാണ്; മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? സ്നാപകയോഹന്നാൻ, ഏലിയാ, ജെറമിയ അല്ലെങ്കിൽ പ്രവാചകന്മാരിലൊരുവൻ എന്നിങ്ങനെ ഉത്തരങ്ങൾ പലതാണ്. ഒരു കാലഘട്ടത്തിൽ ഇസ്രായേലിന്റെ നായകന്മാർ തന്നെയാണ് പ്രവാചകന്മാർ. യേശുവിനെയും ഒരു പ്രവാചകനായി കാണുന്ന വിശ്വാസം. ഇതാണ് ആൾക്കൂട്ട വിശ്വാസം. തീർച്ചയായും യേശുവിൽ പ്രവാചക ദൗത്യമുണ്ട്. എന്നാൽ അവൻ വെറുമൊരു പ്രവാചകനല്ല. അതിലുപരിയായ അവന്റെ സത്ത ദൈവത്വമാണ്, ക്രിസ്തുത്വമാണ്. യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് തിരിച്ചറിയുന്നതാണ് വ്യക്തിപരമായ വിശ്വാസം. ഈ സത്ത തിരിച്ചറിയാനുള്ള വിശ്വാസം ജനക്കൂട്ടത്തിനില്ല.

മത്തായി 13:3-ലെ തിരുവചനങ്ങളിൽ യോഹന്നാന്റെ ശിഷ്യന്മാർ ചോദിക്കുന്നു. വരാനിരിക്കുന്നവൻ നീ തന്നെയോ? മറ്റൊരുവാക്കിൽ പറഞ്ഞാൽ ക്രിസ്തു നീയാണോ? യേശു മറുപടി നൽകുക ഇപ്രകാരമാണ്. കാണുന്നതും കേൾക്കുന്നതും പോയി യോഹന്നാനെ അറിയിക്കുക. യേശു ക്രിസ്തുവാണെന്നും ദൈവപുത്രനാണെന്നും തിരിച്ചറിയാൻ കാണണം, കേൾക്കണം. എന്നാലത് പുറംകണ്ണുകൊണ്ടുള്ള കാഴ്ചയും പുറംചെവികൊണ്ടുള്ള കേൾവിയുമല്ല മറിച്ച്, വ്യക്തിപരവും ആത്മീയവുമായ കാഴ്ചയും കേൾവിയുമാണ്. യേശുവിന്റെ ഒപ്പം നടന്ന് ഓരോ അനുഭവങ്ങളെയും വ്യക്തിപരമായി കാണണം, കേൾക്കണം. അവനോടൊപ്പമായിരിക്കുമ്പോൾ ഉള്ളു തുറന്ന് നിഷ്കളങ്കമായ സ്നേഹത്തോടെ അവനുമായി ബന്ധത്തിലായിരിക്കണം. ഈ വ്യക്തിപരമായ ബന്ധത്തിൽ ദൈവം തന്നെ ദൈവീകരഹസ്യങ്ങൾ വെളിപ്പെടുത്തുന്നു. "സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ. നീ ഇക്കാര്യങ്ങൾ ബുദ്ധിമാൻമാരിലും വിവേകികളിലും നിന്ന് മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു (മത്താ 11:25) എന്ന യേശുവിന്റെ ഉദ്ഘോഷവും; "മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്കിത് വെളിപ്പെടുത്തിയത് (മത്താ 16:17) എന്ന യേശുവിന്റെ മറുപടിയും ഇതിന് വ്യക്തമായ സാക്ഷ്യമാണ്.

ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമാണ് ദൈവത്തിലുള്ള ആഴമായ വിശ്വാസത്തിലേക്ക് നമ്മെ നയിക്കുന്നത്. നമ്മൾ പതിവായി പള്ളിയിൽ പോകുന്നവരാകാം, ഞായറാഴ്ചകളിൽ ഇടവക സമൂഹത്തോടൊപ്പം കൂട്ടമായി ദിവ്യബലിയിൽ പങ്കുകൊള്ളുന്നവരാകാം, എന്നാൽ ഈ അവസരങ്ങളിലെല്ലാം ഞാൻ ദൈവത്തെ അറിയാൻ ശ്രമിക്കുന്നുണ്ടോ? ദൈവത്തെ അറിയാൻ എന്റെ ഹൃദയത്തെ ഒരുക്കുന്നുണ്ടോ? അനുദിന ദിവ്യബലിയിലെ പങ്കാളിത്തവും, പ്രാർഥനകളും വെറും യാന്ത്രികമായി മാറുന്നെങ്കിൽ ദൈവത്തെക്കുറിച്ചുള്ള പൂർണ്ണമായ കാഴ്ചപ്പാട് നേടിയെടുക്കാൻ സാധിക്കാതെ പോകുന്നു. എന്നാൽ, ദൈവത്തെ അറിയാനുള്ള തീക്ഷ്ണമായ ആഗ്രഹവും ദൈവത്തോടും സഹോദരരോടുമുള്ള സ്നേഹവും നമ്മിലുണ്ടെങ്കിൽ അവിടുന്ന് നമുക്ക് തന്നെത്തന്നെ വെളിപ്പെടുത്തി നൽകും. ആ വ്യക്തിപരമായ ബന്ധത്തിൽ യേശു എനിക്കാരാണന്ന് വിശ്വാസത്തോടെ പറയാൻ ഓരോ ക്രൈസ്തവനും സാധിക്കും.

അങ്ങനെ പഴയ നിയമത്തിലെ വാഗ്ദാനമായ യേശുക്രിസ്തുവിനെ, ഏകദൈവവും ഏകരാജാവുമായി പ്രഖ്യാപിച്ച പത്രോസിന്റെ മാതൃകയനുസരിച്ച് വ്യക്തിപരമായ വിശ്വാസത്തോടെ നമുക്കും ഏറ്റുപറയാം. "നീ ദൈവപുത്രനായ ക്രിസ്തുവാണ്". ■

## ഫാ. യാക്കോബ് ശിമയോൻ ഇനി സ്വർഗ്ഗീയ ഗായകൻ: സംസ്കാരചടങ്ങുകൾ കൊട്ടിയത്ത് നടന്നു



കൊട്ടിയം: തിരുവനന്തപുരം അതിരൂപതാംഗവും കർമ്മലീത്താ സഭാ വൈദീകനുമായ ഫാ. യാക്കോബ് ശിമയോൻ ഒ. സി. ഡി ജൂലൈ 22 ന് നടന്ന വാഹനാപകടത്തെ തുടർന്ന് നിര്യാതനായി. പിറ്റേന്ന് പരുത്തിയൂരിൽ നടന്ന അനുസ്മരണ ദിവ്യബലിയിൽ അതിരൂപത മെത്രാൻ ഡോ. തോമസ് ജെ. നെറ്റോ മുഖ്യകാർമ്മികത്വം വഹിച്ചു. യാക്കോബച്ചനെ ദൈവഹിതത്തിനനുസരിച്ച് ജീവിതം നയിക്കാൻ പ്രാപ്തനാക്കിയ മാതാപിതാക്കളുടെയും, സഹോദരങ്ങളുടെയും, പ്രിയപ്പെട്ടവരുടേയുമൊക്കെ ദുഃഖത്തിൽ പങ്കുചേരുന്നതായി മെത്രാൻ പറഞ്ഞു. 1976 മെയ് മാസം 21 നായിരുന്നു ജനനം. 2012 ഡിസംബർ 27 ന് പൗരോഹിത്യം സ്വീകരിച്ചു. ഫാ. യാക്കോബിനു അന്തിമോപചാരമർപ്പിക്കാൻ അതിരൂപതയിലെ വൈദീകരും, സമർപ്പിതരുമുൾപ്പടെ നിരവധിപേരാണ് പരുത്തിയൂർ വിശുദ്ധ മറിയ മഗ്ദലെന ദൈവാലയത്തിൽ എത്തിയത്. കൊട്ടിയം സെന്റ്. ജോസഫ്സ് പ്രൊവിൻഷ്യൾ ഹൗസിൽ പിറ്റേന്ന് രാവിലെ ഫാ. യാക്കോബിന്റെ മൃതദേഹം സംസ്കരിച്ചു.

അന്തരിച്ച യാക്കോബ് ശിമയോൻ അച്ചൻ നല്ലൊരു ഗായകനും കീബോഡിസ്റ്റും ആയിരുന്നു. ദൈവം അച്ചനെ സ്വർഗ്ഗീയ ഗായകസംഘത്തിലേക്ക് ചേർക്കുകയായിരുന്നുവെന്ന് ആശ്രമത്തിലെ വൈദീകർ തങ്ങളുടെ അനുശോചന സന്ദേശത്തിൽ കുറിച്ചു. മഗ്ദലേന മറിയത്തെ സ്വർഗ്ഗീയ വിശുദ്ധയായി സ്വീകരിച്ച അച്ചൻ ആ വിശുദ്ധയുടെ തിരുനാൾ ദിനത്തിൽ തിരുനാൾ ദിവ്യബലിയിൽ പങ്കെടുത്തശേഷമാണ് സ്വർഗ്ഗീയ പൂന്തോട്ടത്തിലേക്ക് പറിച്ച് നടപ്പെട്ടത്.



കഥ

# മണ്ണിന്റെ മക്കൾ

പഞ്ഞ കാലം.

മീൻപാടൊന്നുമില്ല. എങ്കിലും മുടങ്ങാതെ എന്നും കരമടി വളപ്പു നടക്കും. നാനാജാതി ആളുകൾ, അംഗവിഹീനരും അരോഗ്യം ക്ഷയിച്ചവരും വേറെ പണിയൊന്നുമില്ലാത്തവരും രാവിലെ ഇര തേടി കടലോരത്തു പറന്നെത്തുന്ന പക്ഷികളെപ്പോലെ കരമടി വളക്കാൻ കടപ്പുറത്തു വന്നെത്തും. വടം പിടിച്ചു കരയിലോട്ടു വലിക്കുന്ന വമ്പന്മാരുടെകൂടെ ചാഞ്ഞങ്ങ് അല്പം വലിച്ചുകൊടുത്താൽ മതി. മീൻപാടുണ്ടങ്കിൽ കഞ്ഞിക്കുള്ള കാശുകിട്ടും. കറിക്കും കുറെ മീന് കിട്ടും. മീനൊന്നും പട്ടില്ലെങ്കിലും പകലത്തേക്കു എന്നപേരിൽ ചായകുടിക്കാനുള്ള ചക്രം മടിക്കാരൻ തരും.

ഇന്നു മടിവളക്കാൻ വൈകിപ്പോയി. മുമ്പൻ കാർലോസ് അല്പം

വൈകിയാണു വന്നത്. ഏപ്രിൽ മാസത്തെ സൂര്യൻ തീപോലെ നില്ക്കുകയാണ്. കടപ്പുറത്തെ വെള്ളമണ്ണും ചുട്ടു പഴുത്തു കിടക്കുകയാണ്. വള്ളം പുറപ്പെട്ടു. മുമ്പൻ കാർലോസ് കടവള്ളത്തിൽ ചാടി കയറി. കടകമ്പാ കടലിലെറിഞ്ഞിട്ട് ആഴക്കടലിലേക്കു വള്ളം മടി വളച്ചു പോകുകയാണ്. കോരവലണ്ണൻ കടലിൽ ചാടി കടകമ്പാ പിടിച്ചു കരയിലേക്കു നീന്തി കൊണ്ടുവന്നു. കരയിൽ നിന്ന ചിലുവയും ചുപ്പയ്യനും, മാഹീനുമൊക്കെ ചേർന്നു മേവലയെ നിവർത്തി. വള്ളത്തിൽ നിന്നും മുമ്പൻ ആംഗ്യം കാണിച്ചതനുസരിച്ചു കീകമ്പാ കരയിൽ എത്തുന്നതുവരെ മേകമ്പയെ അവർ ചവട്ടി വച്ചു.

കീകമ്പയുമായി വള്ളം കരക്കണഞ്ഞു.

മുമ്പനെയും കാത്തു തെങ്ങിൻ തണലിൽ പുഷ്പം ചേച്ചി നില്ക്കുകയാണ്, മുമ്പന്റെ പ്രിയ ഭാര്യ. കാലത്തുള്ള ഭക്ഷണമായി അരിപുട്ടും പയറും വാഴപ്പഴവും കുടിക്കാൻ നല്ല പഴങ്കഞ്ഞി വെള്ളവുമായി നില്ക്കുന്നു. മുമ്പൻ ഭാര്യയുടെ അരുകിലെത്തി ഭക്ഷണം കഴിച്ചു. ശരീരമൊന്നു ആറ്റുവെള്ളത്തിൽ നനച്ചെടുത്താൽ വെയിലിനു അല്പം ശാന്തി കിട്ടുമെന്നു കരുതി മുമ്പൻ ആറ്റിലേക്കു നടന്നു.

കൈകഴുകി ഒരു കുമ്പിൾ വെള്ളം കോരി മുഖം കഴുകാൻ ശ്രമിച്ചപ്പോൾ

'ഹോ! എന്തൊരു നാറ്റം. ആറ്റിൽ കതമ്പകൾ ഊറിയപ്പോൾ ആറാകെ നാറി. ഈ അരയമ്മാരോടു എത്ര പറഞ്ഞാലും അവമ്മാരു കേക്കുകില്ല.' മുമ്പനു വല്ലാത്ത ദേഷ്യം വന്നു. വെറുപ്പോടെ അയാൾ മേവലയിലേക്കു നടന്നു.

മേവലയിൽ നിന്നു വലിച്ചുകൊണ്ടിരുന്ന ചുപ്പയ്യനെ കണ്ട മാത്രയിൽ മുമ്പനു അരിശം കയറി.

' എടേയ്! ചുപ്പാ! ആറ്റിൽ കതമ്പ താത്തരുതെന്നു പറഞ്ഞാൽ നീയൊക്കെ കേക്കില്ല അല്ലേ?'

'എന്തണ്ണാ! എന്തു പറ്റി?'

'നീ ചെന്നു നോക്കു! ആറാകെ നാറിക്കിടക്കുന്നു. ഇവിടെ കുടിക്കാനും കുളിക്കാനും ഈ ആറല്ലാതെ വേറെ വെള്ളത്തിനു വല്ല സൗകര്യങ്ങളുമുണ്ടോടേ.'

'അണ്ണാ! ഞങ്ങൾ തലമുറതലമുറയായി ചെയ്തുപോരുന്ന പണിയല്ലേ അത്. അല്ലാതെ ഞങ്ങൾക്കു ജീവിക്കാൻ വേറെ വല്ല വഴിയുമുണ്ടോ അണ്ണാ!'

'നാളെയാവട്ട്, രാവോടു രാവായി എല്ല കതമ്പവലകളെയും അറുത്തു വിടുന്നേനാ നീ പാര്.'



അരുൾസ്നേഹം

'ടേ..ടേ...കാർലോസ്സേ! നീ എന്താണു ഈ പറയണത്. അതു അവരുടെ കുല ത്തൊഴിലല്ലേ! ഇന്നല്ലേ ഈ നൈലാൻ നൂലും കമ്പാക്കളും വന്നത്. അന്നത്തെ കാലത്ത് അവരുണ്ടാക്കി തന്ന കയറും ക മ്പാക്കളുമല്ലേ നമുക്കന്നു കരമടി. അവ രീന്നു കടമായിട്ടു കമ്പയും കയറും വാ ങ്ങി മടി ഇട്ടവന്മാരും തിരിച്ചു കൊടു ക്കാത്തവന്മാരും ഏറെയുണ്ട്. അതങ്ങു വി ട്, മടിയിൽ മീൻ പടുക്കാനുള്ള വഴി നോ ക്ക്.' കരമടിക്കാരൻ ലാസർ എല്ലാരേം സ മാധാനപ്പെടുത്തിയിട്ട്, 'ടേയ് മടിയെ ബല മായി പിടിച്ചു വലിക്കിൻ...

യേശുവേ! മാതാവേ!

പത്തോ നൂറോ ഓടിപോ...'

ഭക്തിസാന്ദ്രമായ ഏല...

മറ്റുള്ളവരും ആത് ഏറ്റുപാടി

'യേശുവേ! മാതാവേ! പത്തോ നൂറോ ഓടിപോ...'

പത്തോ നൂറോ വലിയ മീനുകൾ മടി ക്കകത്തു ഓടി കയറാൻ വേണ്ടിയുള്ള പ്രാർത്ഥനയാണ്.

കമ്പാ വലിച്ചു കഴിഞ്ഞശേഷമുള ള കടവലകൾ കൈയിൽ വന്നു. എല്ലാ പേരുടെയും മനസ്സിൽ പ്രാർത്ഥനകളാണ്. എന്തെങ്കിലും കുറെ മീൻ പട്ടാൽ നല്ല വിലകിട്ടും. പഞ്ഞ കാലമല്ലേ, പൊന്നു വില കിട്ടും.

മടി കരയണഞ്ഞു. വെറും മടി. ഒരു പൂ ച്ചി പുഴുവും ഇല്ല. എല്ലാവരും നിരാശരായി.

വീട്ടിലെത്തിയ ചുപ്പയ്യനെ കണ്ട പ്പോൾതന്നെ ഭാര്യ സുഭദ്രക്കു എന്തോ പ രിഭവമായി.

'എന്തു പറ്റി, ഒരു മ്ലാനത?' അവൾ ചോദിച്ചു.

'ഒന്നുമില്ല, മടിമുമ്പൻ വഴക്കു കൂടി.'

'എന്തു! എന്തിനായി?'

'നമ്മൾ കതമ്പ വല ആറ്റിൽ താത്തു ന്നതു കാരണം ആറ്റുവെള്ളം നാറിപ്പോ യെന്നു പറഞ്ഞ് മൂപ്പരു വായി വന്നതെ ല്ലാം വിളിച്ചു പറഞ്ഞു.'

'അതിനു നമ്മൾ ഇന്നോ ഇന്നലയോ ചെയ്യുന്ന പണിയൊന്നുമല്ലല്ലോ, അവരു ശകാരിക്കാൻ. എന്റെ അപ്പുപ്പന്റെ കാലം മുതലേ തൊറക്കാർക്കു കമ്പാവും കയ റും കടംകൊടുത്ത കാശു ഇന്നുവരെ ത രാത്ത മടിക്കാരന്മാരുണ്ട്. ഹോ! വെള്ളം നാറിപ്പോയെന്ന്!'

'ശരി അതങ്ങു വിടൂ സുഭദ്രേ.'

രാത്രി ഉറങ്ങാൻ കിടന്ന ചുപ്പയ്യനു ഉ റക്കം വരുന്നില്ല. ഈ ഒരു കതമ്പ ക്കെട്ടു കൊണ്ട് എന്തെല്ലാം കാര്യങ്ങളാണ് അ വൻ കണ്ടു വച്ചിട്ടുള്ളത്. മൂത്തമകളുടെ തലപ്രസവം താനാണു നോക്കേണ്ടത്. അതിനു എത്ര രൂപ ചിലവാകുമെന്നു ക ണക്കൊന്നുമില്ല,

അടുത്ത മഴക്കു മുന്നെ കൂര അഴിച്ചു കെട്ടണം. ഇപ്പോഴേ ഒഴുക്കു വീഴാൻ തുട ങ്ങിട്ടുണ്ട്. ഇളയതു രണ്ടിനെയും ഹൈ സ്കൂളിൽ ചേർക്കണം. ഓണക്കോടി എ ടുക്കണം. മേലങ്കോട്ടമ്മാ! എന്തെല്ലാം ഭാ രങ്ങൾ. ആലോചിച്ചു കിടക്കേ കണ്ണൊന്നു മയങ്ങി.

രാത്രി ഒരു പെരുമഴ. ആറ്റിൽ മലവെള ളം വന്നിറങ്ങി. റെയിൽപോലെ ആറു ക വിഞ്ഞൊഴുകി. ചുപ്പയ്യൻ വെളുപ്പാങ്കാലം ഉണർന്നപ്പോൾ പരിസരമാകവേ എങ്ങും മഴവെള്ളം. അവൻ കതമ്പ കെട്ടിനെ ഓർ ത്തു. ധൃതിൽ ആറിനെ നോക്കി ഓടി. എ തിരേ വന്ന എലപ്പ ചുപ്പയ്യനോടു പറഞ്ഞു:

'ചുപ്പയ്യണ്ണാ വേഗം ഓടിപോയിൻ. നി ങ്ങടെ കതമ്പ വല പിരി തെറിച്ചു ഒറ്റപി രിയിൽ നിക്കുണ്.'

ചുപ്പയ്യന്റെ പ്രാണൻ പിടഞ്ഞു. കത മ്പ വലയെ നോക്കി അവൻ ഒടി. അതേ! ഒറ്റ പിരി പൊട്ടി കതമ്പ വല ആറ്റിന്റെ ഒഴുക്കിൽ അകപ്പെട്ടു. ചുപ്പയ്യൻ ഒന്നും നോ ക്കിയില്ല, കതമ്പക്കെട്ടിൽചാടിക്കയറി. പു ഴ റെയിൽപോലെ പാഞ്ഞൊഴുകുകയാണ്. എങ്ങുന്നെല്ലാമോ പണ്ടപ്പാത്രങ്ങളെയും ആടുമാടുകളെയും വാരി ചുരുട്ടിക്കൊ ണ്ടൊഴുകി ഓടുകയാണ്. ആളുകൾ കര യിൽ നിന്നു നോക്കി നില്ക്കയല്ലാതെ ഒ രെണ്ണംപോലും പുഴയിലിറങ്ങിയില്ല. ഒഴു ക്കും ചുഴികളുമായി പുഴ പതഞ്ഞൊഴു കുകയാണ്. ചുപ്പയ്യനും അവന്റെ കതമ്പ വലയും അനാഥയായി പുഴയിൽ ഒഴുകി പോകയാണ്. എല്ലാം കണ്ടുനിന്ന മടിക്കാ രൻ ലാസർ ആവേശഭരിതനായി വിളിച്ചു പറഞ്ഞു:

'ടെയ്! നായന്മാരേ! ചുപ്പയ്യനെ രക്ഷി ക്കണം. നോക്കി നിന്നാൽ ആവില്ല. എ ല്ലാരും കിഴക്കോട്ടോടുവിൻ. നമ്മുടെ വള ളത്തിൽ നിന്നു ഒരു ഉറച്ച കമ്പയുമായി ആറ്റിൽ ചാടി കതമ്പ വലയിൽ കെട്ടാൻ നോക്കണം. ഒട്ടും താമസ്സിക്കരുതേ. അല് പം വൈകിയാൽ കതമ്പക്കെട്ടും ചുപ്പയ്യ നും പൊഴിയുടെ അഗാധതയിൽ ചുറ്റിക റങ്ങി ചിന്നാപിന്നമാകും. ഓടുവിൻ വേഗ മോടുവിൻ.'

മുമ്പൻ കാർലോസും ചിലുവയും മു രുകനും ലത്തീഫും കിഴക്കോട്ടോടി.

പുറകീന്നു മടിക്കാരനും കുറെ സ്ത്രീ കളും പുരുഷന്മാരും കിഴക്കോട്ടോടി. ഒ ന്നര കിലോമീറ്റർ ഓടിക്കഴിഞ്ഞാൽ പുഴ കടലിൽ സംഗമിക്കും. പൊഴിമുഖം ഈ ഒഴുക്കിൽ ഭയാനകമായിരിക്കും. അതിനു മുമ്പു ചുപ്പയ്യനെ രക്ഷിക്കണം.

ലാസറിന്റെ വള്ളത്തിൽ നിന്നും ഒരു നീളമുള്ള കമ്പാ എടുത്തു, ഒരറ്റവുമായി കാർലോസ് പുഴയിലേക്കു ചാടി. ചുപ്പയ്യ നും കതമ്പക്കെട്ടും മലവെള്ളത്തിന്റെ പാ ച്ചലിൽ പാഞ്ഞുവരുന്നു. മുമ്പൻ കതമ്പാ വലയെ ലക്ഷ്യമാക്കി നീന്തി. കതമ്പാവ ല കടലിലേക്കു പായുന്നതിനു തൊട്ടുമു മ്പായി മുമ്പൻ കതമ്പാവലയിൽ ചാടിക്ക യറി. കൊണ്ടുപോയ കമ്പാ തുമ്പുകൊണ്ടു കതമ്പവലയെ ബന്ധിപ്പിച്ചു. കമ്പായുടെ മറു തുമ്പുമായി കരയിൽ നിന്നവർ കത മ്പ വലയെ കരയിൽ വലിച്ചു കയറ്റി. ചു പ്പയ്യനെ ആളുകൾ തൂക്കി എടുത്തു. കു ളിരും ഭയവും കൊണ്ടു ചുപ്പയ്യൻ വിറക്കു കയായിരുന്നു. പുഷ്പം കൊണ്ടുവന്നിരു ന്ന ചൂടുള്ള കഞ്ഞിവെള്ള കലയം വാങ്ങി ചുപ്പയ്യന്റെനേർക്കു നീട്ടി മുമ്പൻ.

ചൂട് കഞ്ഞിവെള്ളം കുടിച്ചുകൊണ്ട് ഒ രു നീണ്ട നെടുവീർപ്പിട്ടു ചുപ്പയ്യൻ.




*ഡൽഹിയിൽവച്ച് നടന്ന നാഷണൽ ഫെഡറേഷൻ കരാട്ടെ ചാമ്പ്യൻഷിപ്പിൽ അണ്ടർ 40 കിലോ ജൂനിയർ വിഭാഗത്തിൽ കേരളത്തിനുവേണ്ടി ഗോൾഡ് മെഡൽ നേടിയ പൂഴിക്കുന്ന് ഇടവകയിലെ നെഹാരിക ആൻ ജോഷി*

# വചനജ്വാല

2023 സെപ്റ്റംബർ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# 'കുരിശുമെടുത്തെന്നെ അനുഗമിക്കുക'

**ഫാ. ഡാനിയേൽ ആർ.**

**1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**

**2. സ്വാഗതം: കുടുംബനാഥൻ/കുടുംബ നാഥ**

**3. ആമുഖം:** സ്നേഹം നിറഞ്ഞവരെ ജീവിതത്തിലെ ദുഃഖങ്ങൾ, വേദനകൾ, പരധീനതകൾ, നാശനഷ്ടങ്ങൾ ഇങ്ങനെ പലതിനെയും കുരിശായി വിശേഷിപ്പിക്കുന്നവർ ഉണ്ട്. സാഹചര്യങ്ങൾ നൽകുന്ന ഒഴിവാക്കാനാവാത്ത പ്രയാസങ്ങൾ മനസില്ലായ്മയോടെ സ്വീകരിക്കുന്നതും ഗത്യന്തരമില്ലാതെ നിസഹായനായി സഹിക്കുന്നതും വഹിക്കുന്നതും കുരിശല്ല. യേശു തന്റെ കുരിശ് സർവ്വസ്വാതന്ത്ര്യത്തോടെ തിരഞ്ഞെടുത്തതാണ്.

മഹാത്മഗാന്ധി ഒരിക്കൽ വത്തിക്കാനിൽ പാപ്പയെ സന്ദർശിക്കുവാനായി പോയി. അവിടെയുള്ള മനോഹരങ്ങളായ ദൈവാലയങ്ങൾ സന്ദർശിക്കുന്നതിനിടയിൽ അദ്ദേഹത്തെ ഏറെ ആകർഷിച്ചത് ഒരു വലിയ ക്രൂശിത രൂപമായിരുന്നു. ഏറെ നേരം അതിന്റെ മുമ്പിൽ ധ്യാനനിമഗ്നനായി നിന്നു. തിരികെ വന്ന ശേഷം 1931-ൽ 'യംഗ് ഇന്ത്യ' എന്ന പ്രസിദ്ധീകരണത്തിൽ അദ്ദേഹം എഴുതി: "ഞാൻ വത്തിക്കാനിൽ ക്രിസ്തുവിന്റെ സജീവമായ ഒരു ക്രൂശിതരൂപം കണ്ടു. അതിൽ നിന്നും ഒരു മഹത്തായ പാഠം പഠിച്ചു. കുരിശിലെ മരണ വ്യഥയിലൂടെയല്ലാതെ നമുക്കുതന്നെയോ, നമ്മുടെ രാജ്യത്തിനോ, ലോകത്തിന് തന്നെയോ ഒന്നും ചെയ്യാൻ സാധ്യമല്ല." കുരിശിന്റെ ആകർഷണവലയത്തിലായ ഗാന്ധിജി കുരിശിന്റെ തത്വശാസ്ത്രം മനസിലാക്കി. അതിനെ ഏറ്റവും ചലനാത്മകമാക്കി അഹിംസാ ചിന്തയ്ക്ക് രൂപം നൽകി പ്രവർത്തിപഥത്തിലെത്തിച്ചു.

എന്നാൽ, ക്രിസ്ത്യാനി തന്റെ ജീവിതത്തിൽ കുരിശിനെ ആവിഷ്ക്കരിക്കുന്നതിൽ പരാജയപ്പെട്ടുപോകുന്നു. കുരിശിനെപ്പറ്റി കാത്തുസൂക്ഷിക്കുന്ന സങ്കല്പങ്ങൾ പലതും വികലമോ വിരൂപമോ ഭാഗീകമോ ആയിപോകുന്നു. രണ്ടു മരകഷണങ്ങൾ കുരിശാകൃതിയിൽവച്ചാൽ നാം അതിനെ കുരിശെന്നു വിളിക്കും. എന്നാൽ, അത് വിശുദ്ധ കുരിശാകണമെങ്കിൽ അതിൽ ക്രിസ്തു സാന്നിധ്യമുണ്ടാകണം. ഈ തിരിച്ചറിവ് കാത്തുസൂക്ഷിക്കാൻ നമുക്ക് പരിശ്രമിക്കാം.

**4. യേശുവിനെ ക്ഷണിക്കൽ**

**5. ദൈവവചന പാരായണം: മത്താ. 16:21-26**

**6. വചനഭാഗം പങ്കുവയ്ക്കൽ**

**7. നിശബ്ദധ്യാനം**

**8. വചനാനുഭവം പങ്കുവയ്ക്കൽ**

**9. വചനവിചിന്തനം**

എ.ഡി. 326 ൽ കോൺസ്റ്റന്റൈയിൻ ചക്രവർത്തിയുടെ അമ്മയായ ഹെലേന രാജ്ഞി യേശുവിനെ കുരിശിൽ തറച്ച യഥാർത്ഥ കുരിശ് കണ്ടെത്തിയെന്നാണ് ചരിത്ര സാക്ഷ്യം. എന്നാൽ, പേർഷ്യൻ രാജാവായി

രുന്ന കൊസ്റോവാസ് ഇത് കൈയടക്കി. എ.ഡി. 629 ൽ ഹെരാലിയസ് ചക്രവർത്തി ഈ വിശുദ്ധ കുരിശ് വീണ്ടെടുത്ത് ജറുസലേമിൽ കൊണ്ടുവന്ന് കാത്തുസൂക്ഷിച്ചു. തിരിച്ചുപിടിച്ച വിശുദ്ധ കുരിശ് സ്വന്തം തോളിൽ ചുമന്നുകൊണ്ടാണ് ഹെരാലിയസ് ചക്രവർത്തി കാൽവരിയിലേക്ക് നീങ്ങിയത്.

വിലയേറിയ വസ്ത്രങ്ങൽ ധരിച്ച്, വിശേഷ രത്നകല്ലുകൾ പതിച്ച ആഭരണങ്ങളുമണിഞ്ഞാണ് കുരിശ് ചുമന്നത്. കാൽവരിയുടെ കാവാടത്തിൽ എത്തിയപ്പോൾ ഒരു അതിശയകരമായ സംഭവം നടന്നെന്നാണ് ചരിത്രകാരന്മാർ പറയുന്നത്.

എത്ര ശ്രമിച്ചിട്ടും ചക്രവർത്തിക്ക് മുന്നോട്ട് നടക്കാൻ സാധിക്കുന്നില്ല. അത്ഭുതപ്പെട്ട് നിന്നിരുന്ന ചക്രവർത്തിയോട് ഈ സമയം ജറുസലേമിന്റെ ബിഷപ്പായിരുന്ന സക്കറിയാസ് ഇങ്ങനെ വിളിച്ചുപറഞ്ഞു; "അല്ലയോ, സർവ്വാധികാരിയായ രാജാവേ! യേശുവിന്റെ കുരിശ് യാത്രയിലെ വേഷവും, അങ്ങയുടെ ആട ആഭരണങ്ങളും തമ്മിൽ എന്ത് ചേർച്ചയുണ്ടെന്ന് ചിന്തിക്കുക." കാര്യം ഗ്രഹിച്ച ചക്രവർത്തി ഉടനെ തന്നെ അനുതാപ സമാനമായ വേഷം ധരിച്ചു കഴിഞ്ഞപ്പോൾ, യാത്ര തുടരുവാൻ സാധിച്ചെന്ന് പറയപ്പെടുന്നു.

ഇന്നേദിനം ക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നത് മൂന്ന് കാര്യങ്ങളാണ്. 1. സ്വയം ത്യജിക്കുക 2. കുരിശെടുക്കുക 3. യേശുവിനെ പിൻചെല്ലുക. ജീവിതം പ്രതിസന്ധികൾ നിറഞ്ഞതാണ്. മനുഷ്യജീവിതം ക്ഷണികമാണെങ്കിലും നേരിടുന്ന പ്രശ്നങ്ങൾ സങ്കീർണവും കഠിനവുമാണ്. ഒരുവന്റെ പ്രശ്നങ്ങൾ അല്ല അപരന്റേത്. കുരിശുകളുടെ ഭാരം ലഘൂകരിക്കുന്നത് പ്രശ്നത്തോടുള്ള നമ്മുടെ മനോഭാവവും കാഴ്ചപ്പാടും ആണ്. അതിന്റെ പരിഹാരങ്ങളോട് നാം മറുതലിച്ച് നിൽക്കുമ്പോഴാണ് പലപ്പോഴും കുരിശുകൾ സങ്കീർണങ്ങളായി മാറുക.

ഇന്നത്തെ സമൂഹത്തിൽ വ്യക്തികൾ നിരന്തരം നിരവധി പ്രശ്നങ്ങളാൽ വലയുകയാണ്. ചില പ്രശ്നങ്ങൾ അവന്റെ തന്നെ ചെയ്തികളുടെ പരിണിത ഫലം ആകാം, ചിലത് അപരന്റെയോ സമൂഹത്തിന്റെയോ കുടുംബത്തിന്റെയോ തെറ്റായ പ്രവർത്തികളിൽ നിന്നും ഉത്ഭവിക്കുന്നതും ആകാം. ജീവിതത്തിൽ പ്രതിസന്ധികൾ ഒന്നിന് പിറകെ ഒന്നായി നിരന്തരം വേട്ടയാടുമ്പോൾ യേശുവിന്റെ ആഹ്വാനം നമുക്ക് സാന്ത്വനമായി മാറണം. അപ്രകാരം മാറണമെങ്കിൽ എന്റെ കുരിശുകൾ രക്ഷാകര മാർഗത്തിലേക്കുള്ള ഏണി പടികളായി പരിണമിക്കുമെന്ന ചിന്ത വളർത്തുകയാണ് ഉത്തമം. **കുരിശിന്റെ പിറകിൽ ഉത്ഥാനം ഉണ്ട് എന്നത് മറക്കാതിരിക്കാൻ ശ്രമിക്കാം**. പ്രതിസന്ധികളിൽ ഞാൻ പ്രയാസപ്പെടുമ്പോൾ യേശുവിന്റെ മുന്നിൽ നമ്മുടെ പ്രയാസങ്ങളെയും പ്രശ്നങ്ങളെയും ദുഃഖങ്ങളെയും സമർപ്പിച്ച് ഒരു ഉത്ഥാനത്തിനായി പ്രാർഥിക്കാം. ഉത്ഥാനത്തിനായി നമുക്ക് കാത്തിരിക്കാം. നമ്മുടെ ദൈവം വിശ്വസ്തനും നമ്മെ വിസ്മയിപ്പിക്കുന്നവനും നമ്മുടെ രക്ഷകനും ആണ്.

നമ്മുടെ കുരിശുകൾ അപരന്റെ ജീവിതത്തിൽ സാന്ത്വനമായി മാറട്ടെ എന്നും കുരിശുകളെ അനുദിനം നേരിടുവാനുള്ള പക്വതയും ശക്തിയും അതിലുപരി ദൈവകൃപയും ഉണ്ടാകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

**10. ദൗത്യമേറ്റെടുക്കൽ**
**11. സ്വയം പ്രേരിതപ്രാർഥന**
**12. കർത്തൃപ്രാർഥന**
**13. സമാപനപ്രാർഥന**

**രണ്ടാം ഭാഗം**

**1. റിപ്പോർട്ട് അവതരണം**
**2. വരവ് ചെലവ് കണക്ക് അവതരണം**
**3. ചർച്ചയും പങ്കുവയ്ക്കലും**
**4. ഹാജർ**
**5. അറിയിപ്പുകൾ**
**6. നന്ദി**
**7. സമാപനഗീതം**

*തയ്യാറാക്കിയത്:*
**ഫാ. ഡാനിയേൽ ആർ.**

# അവിവാഹിതരെ സന്ദർശിക്കുന്നവർക്ക് വേണ്ടി പരിശീലനക്ലാസ്സ്



കുടുംബ പ്രേഷിതശുശ്രൂഷയുടെ നേതൃത്വത്തിൽ വിവാഹ ജീവിതത്തിൽ പ്രവേശിച്ചിട്ടില്ലാത്ത 35 നും 45 നുമിടയിൽ പ്രായമുള്ളവരെ സന്ദർശിക്കുന്നവർക്കു വേണ്ടിയുള്ള പരിശീലനക്ലാസ്സ് ജൂലൈ 12 ന് റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോയുടെ അധ്യക്ഷതയിൽ നടന്നു. സന്ദർശനം നടത്തുമ്പോൾ സ്വീകരിക്കേണ്ട സമീപനത്തെക്കുറിച്ചും അവർക്കു നൽകേണ്ട കാഴ്ചപ്പാടുകളെക്കുറിച്ചും ക്ലാസ്സ് നയിച്ച ഫാ. ക്രിസ്റ്റൽ റൊസാരിയോ വ്യക്തമാക്കി. പരിശീലനത്തിൽ കുടുംബപ്രേഷിത ശുശ്രൂഷ ആനിമേറ്റർമാർ വോളന്റിയർമാർ, കൺവീനർമാർ എന്നിവർ പങ്കെടുത്തു. അവിവാഹിതരുടെ വിവരശേഖരണം പൂർത്തിയാകാത്ത ഇടവകകളിൽ നിന്നും എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്നും ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ഇവരുടെ സന്ദർശനം നടത്താമെന്നും പറഞ്ഞു. തുടർന്ന് ഇവർക്ക് വേണ്ടിയുള്ള അനുധാവന പ്രവർത്തനങ്ങൾക്ക് കുടുംബ പ്രേഷിത ശുശ്രൂഷ രൂപം നൽകും

## നേർക്കാഴ്ച

ജെ.സി.


# ഏകീകൃത സിവിൽ നിയമം 'ആവശ്യമോ അഭികാമ്യമോ അല്ല'

മധ്യപ്രദേശിലെ ഭോപ്പാലിൽ കഴിഞ്ഞമാസം ബിജെപി ബൂത്ത് പ്രവർത്തകരുടെ സമ്മേളനത്തിൽ ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുക എന്നതാണ് തന്റെ അടുത്തദൗത്യമെന്ന് പ്രധാനമന്ത്രി മോദി വ്യക്തമായ സൂചന നൽകി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ "അയോധ്യയിലെ രാമക്ഷേത്രം" ആയിരുന്നു ഹിന്ദുവർഗീയധ്രുവീകരണം വോട്ടുബാങ്കാക്കിമാറ്റിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മോദി ചുവടുറപ്പിച്ചത്. 2024 ൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ 'ഒരു രാഷ്ട്രം ഒരു നിയമം' എന്ന ചിന്തയോടുകൂടി വ്യക്തിനിയമങ്ങളുടെ പേരിൽ വർഗീയ ധ്രുവീകരണത്തിന്റെ സാധ്യത വളർത്തിയെടുക്കുകയാണ്. ഏകീകൃത നിയമം എന്നത് ഭരണഘടന രൂപപ്പെടുത്തുന്ന ഘട്ടത്തിലും ചർച്ചചെയ്തിട്ടുള്ളതാണ്. മതസ്വാതന്ത്ര്യവും വിശ്വാസപാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും ഓരോ ജനസമൂഹത്തിന്റെയും സാംസ്കാരിക തനിമയും പ്രാദേശിക സമ്പ്രദായങ്ങളും സംരക്ഷിക്കാനുള്ള ഭരണഘടനയിലെ മൗലിക അവകാശങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടതാണെന്നും അതിൽ മാറ്റം വരുത്തേണ്ട അടിയന്തിര സാഹചര്യമില്ലെന്നും നിയമവിദഗ്ധർ അന്നേ ശക്തമായ നിലപാട് എടുക്കുകയുണ്ടായി. മതസ്വാതന്ത്ര്യവും വിശ്വാസപാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും ഓരോ ജനസമൂഹത്തിന്റെയും സാംസ്കാരിക തനിമയും പ്രാദേശിക സമ്പ്രദായങ്ങളും സംരക്ഷിക്കാനുള്ള ഭരണഘടനയിലെ മൗലിക അവകാശങ്ങളുമായി ബന്ധപ്പെട്ടതാണ്. വ്യത്യസ്തങ്ങളായ കുടുംബനിയമങ്ങളും വ്യക്തിനിയമങ്ങളും, വിവാഹം, വിവാഹമോചനം, കുട്ടികളുടെ സംരക്ഷണം, ദത്തെടുക്കൽ, പിന്തുടർച്ചാവകാശം എന്നിവ സംബന്ധിച്ച വ്യക്തിനിയമങ്ങളും പാരമ്പര്യങ്ങളും ഭരണഘടനയ്ക്ക് വിധേയമായി എല്ലാ പൗരന്മാർക്കും ഉറപ്പുനൽകേണ്ടതുണ്ട്. ന്യൂനപക്ഷ സമുദായങ്ങൾക്കും ഗോത്രങ്ങൾക്കും സവിശേഷമായ പരമ്പരാഗത വിവാഹ സമ്പ്രദായങ്ങളും ആചാരങ്ങളും സ്വത്തവകാശ നിയമങ്ങളും നിലവിലുണ്ട്. കുടുംബനിയമങ്ങൾ ഉൾപ്പെടെ സാംസ്കാരികവും മതപരവുമായ അവകാശങ്ങളും ജീവിതവ്യവഹാരങ്ങളും ദേശീയതലത്തിൽ ഒരേ വാർപ്പുമാതൃകയിൽ സമീകരിക്കുക സാധ്യമാണെങ്കിൽ തന്നെ മതനിരപേക്ഷ രാഷ്ട്രത്തിലെ ബഹുസ്വരതയ്ക്കും നാനാത്വത്തിനുമുള്ള ഇടം നിഷേധിക്കുന്നതാകരുത്.

പൊതുസിവിൽകോഡ് വരാതെ രാജ്യത്ത് എല്ലാ സ്ത്രീകളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയില്ല, ലിംഗസമത്വവും തുല്യനീതിയും സാധ്യമാവുകയില്ല എന്നാതണ് ബിജെപിയുടെ വാദം. മുസ്ലീങ്ങൾക്കിടയിലെ ബഹുഭാര്യാത്വം, മുത്തലാഖ്, വിവാഹമോചിതരായ മുസ്ലീം സ്ത്രീകൾക്കുള്ള ജീവനാംശം, മുസ്ലീം ജനസംഖ്യ വർധന എന്നിവ ചൂണ്ടിക്കാട്ടിയാണ് ബിജെപി ഏകീകൃത നിയമത്തിന്റെ അനിവാര്യത ഊന്നിപ്പറയുന്നത്.

2016 ജൂണിൽ കേന്ദ്രനിയമകാര്യമന്ത്രാലയം രാജ്യത്തെ ലോ കമ്മീഷനോട് ഏകീകൃത സിവിൽ കോഡിന്റെ കാര്യം വിശദമായി പരിശോധിക്കാൻ ആവശ്യപ്പെട്ടു. ഇന്ത്യയുടെ 21-ാമത് നിയമ കമ്മിഷൻ രണ്ടുവർഷത്തെ പഠനത്തിനൊടുവിൽ 2018 ആഗസ്റ്റിൽ രാജ്യത്തെ കുടുംബനിയമങ്ങൾ പരിഷ്കരിക്കുന്നത് 185 പേജുവരുന്ന നയരേഖ കേന്ദ്രത്തിന് സമർപ്പിച്ചു. നിലിവിലെ സാഹചര്യത്തിൽ ഏകീകൃത സിവിൽ നിയമം 'ആവശ്യമോ അഭികാമ്യമോ അല്ല' എന്നാണ് അസന്നിഗ്ധമായി രേഖപ്പെടുത്തിയത്. 2020 ഫെബ്രുവരിയിൽ മൂന്നുവർഷത്തേക്ക് 22-ാമത് കമ്മിഷൻ വീണ്ടും ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് വിവിധ മതവിഭാഗങ്ങൾക്കും സിവിൽ സംഘടനകൾക്കും വ്യക്തികൾക്കും ബോധിപ്പിക്കാനുള്ളത് ജൂലൈ മാസത്തിനുള്ളിൽ ലോ കമ്മിഷന് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്ന പൊതുനിയമം, ഭരണഘടന ഉറപ്പുനൽകിയിരിക്കുന്ന മതസ്വാതന്ത്ര്യത്തെ ഏതുവിധത്തിലാണ് ബാധിക്കുക എന്ന് വ്യക്തമല്ല. രാജ്യത്തെ നിയമങ്ങൾക്ക് അനുസൃതമായി തന്നെ ആഗോള കത്തോലിക്കാസഭയുടെ നൈയാമിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അനുവർത്തിക്കുന്ന ആചാരങ്ങളും നടപടി ക്രമങ്ങളും അഭംഗുരം നിലനിർത്തേണ്ടത് വിശ്വാസപരമായ ബാധ്യതയാണ്. മതന്യൂനപക്ഷങ്ങളെ വിശ്വാസത്തിലെടുത്തും തുറന്ന ചർച്ചയിലൂടെയും ഏകീകൃത സിവിൽ കോഡിനെപ്പറ്റി അഭിപ്രായസമന്വയത്തിലെത്തണം. ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്നതിലൂടെ ഭാരതത്തിന്റെ സമ്പന്നമായ സാംസ്കാരിക വൈദഗ്ധ്യങ്ങളും വിവിധ മതസമൂഹങ്ങളെ വിശ്വാസത്തിലെടുത്തും തുറന്ന ചർച്ചകളിലൂടെയും ഏകീകൃത സിവിൽ കോഡിനെപ്പറ്റി അഭിപ്രായസമന്വയത്തിലെത്തണം. ഏകപക്ഷീയമായി ഇത് നടപ്പിലാക്കാൻ ശ്രമിക്കുന്നത് അപകടകരമായിമാറും. ■



വിശുദ്ധനാട്
തീർത്ഥാടനം
OCT 04
ആദരണീയരായ വൈദീകരുടെ ആത്മീയ നേതൃത്വത്തിൽ
മംഗളം ട്രാവൽ & ടൂർസ് ഒരുക്കുന്ന വിശുദ്ധനാട് തീർത്ഥാടനം
10 ദിവസം ജോർദാൻ , ഇസ്രായേൽ , പലസ്തീൻ, ഈജിപ്ത്
യേശു ജനിച്ചതും വളർന്നതും അത്ഭുതങ്ങൾ പ്രവർത്തിച്ചതും മരിച്ച് അടക്കപ്പെട്ട
ഉയർത്തെഴുന്നേറ്റതുമായ പുണ്യ സ്ഥലങ്ങളിലൂടെ
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു
കൂടുതൽ വിവരങ്ങൾക്ക് :
SINCE 1990
Mangalam
Travel & Tours
The Ultimate Travel Professionals
+91 8086 677 961 | +91 8086 677 907 | +91 9447 150 070
TRIVANDRUM (HO) | CHACKAI | COCHIN | MARTHANDAM | NAGERCOIL | MADURAI | CHENNAI

Pub. Date : 01.08.2023
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto